2020 ആഗസ്ത്, സെപ്റ്റംബർ, ഒക്ടോബർ ത്രൈമാസിക ₹ 10

# നക്ഷത്രരാജ്യം

ത്രൈമാസിക

The National, State, Dist … Kerala & India

Cinema Sports Arts & Literature




എ.എഫ്.സി. വിമൻസ് ഏഷ്യൻ കപ്പ് ഫുട്ബോൾ ചാമ്പ്യൻഷിപ്പ് 2018-ൽ വിജയികളായ ജപ്പാൻ ദേശീയ വനിതാ ഫുട്ബോൾ ടീമിലെ കളിക്കാർ ട്രോഫി ഉയർത്തിക്കൊണ്ട് നൃത്തം ചെയ്യുന്നു.



യു.എ. ഖാദർ (കഥ)
പി.ആർ. നാഥൻ (ലോകവിചാരം)
കെ.ബി. ശ്രീദേവി (കഥ)
ശ്രീധരനുണ്ണി (കവിത)
രാജൻ ചിന്നങ്ങത്ത് (കഥ)
കെ.വി. പ്രഭാകരൻ (കഥ)

PK ELECTRICALS
PEE KAY ELECTRICALS
WHOLESALE & RETAIL
City Tower, Mavoor Road, Calicut
Ph: 0495 2720330 / 4060090 Mob: 9447393749
E-mail: pkelectricals.clt@gmail.com
www.peekeyelectricals.in
Finolex HAVELLS legrand ANCHOR WIPRO PHILIPS V-GUARD BONTON L&T SWITCHGEAR KEI Wires & Cables Crabtree RR KABEL USHA Goldmedal Vinay Crompton



T. K. CAR WASH
Olavanna Jn., Kunnathupalam, Kozhikode
Contact : 9846 74 47 00, 9061 74 47 01
Foam Wash ▪ Interior Cleaning ▪ Polish, Touching ▪ A/C Works
Electrical Works ▪ Sticker Works ▪ Accessories ▪ Car Seat covers
Sun Control Film ▪ Matt Cutting ▪ Speakers & Subwoofers
Amplifier ▪ Horn ▪ Center Lock & Power Window
All curtain Works & Sofa Repairing
ഒളവണ്ണ ജംഗ്ഷൻ
WASH : CAR, BIKE, TRAVELER, ACE, AUTO, DOSTH ETC..
T.K. TYRES
റീസോളിങ്ങ് & പഞ്ചർ വർക്സ്
MRF, CEAT, TVS, APPOLO, JK
എന്നീ കമ്പനികളുടെ
പുതിയ ടയറുകളും ലഭ്യമാണ്
Olavanna Jn, Kunnathupalam, Kozhikode




2020
ഞങ്ങൾ 10ാം വർഷത്തിലേക്ക്
ASHOKAN N
Safalyam House,
Pantheerankave P.O,
Calicut - 19, Ph: 9605694531
മെഷീൻ ഉപയോഗിച്ച്
കാടും പുല്ലും വെട്ടുന്നു
സാഫല്യം ഫാൻസി & സ്റ്റേഷനറി
കൊടൽ നടക്കാവ്
കോഴിക്കോട് 19
ജില്ലക്ക് അകത്തും പുറത്തും മിതമായ നിരക്കിൽ ഉത്തരവാദിത്വത്തോടുകൂടി പണി ചെയ്തു കൊടുക്കുന്നു




മുഖചിത്രം
**മമ്ത മോഹൻദാസ്**
(ഫിലിം സ്റ്റാർ)

Nakshatra Rajyam
TRI Monthly (QUARTERLY Magazine
2020 AUG, SEP, OCT
RNI Title Code: KERMAL 16195
ıssue 9 - volume 3
Managing Editor, Publisher & Owned by
Nakshthrarajyam E. Radhakrishnan
Edoli House, Kommeri P.O
Kozhikode- 673007, Kerala
Address
Managing Editior
NAKSHATHRA RAJYAM
P.B. No.1205
Mankavu P.O., Kozhikode - 7
Kerala, India
Mob: 98 47 64 95 67
97 44 23 39 97
e-mail: nakshathrarajyam@gmail.com
WEB
www.nakshathrarajyameradhakrishnan.in
**LAYOUT**
Nakshthrarajyam E. Radhakrishnan
**Cover**
SAYOOJ MAYANAD
**Price 10.00**

## എഡിറ്റോറിയൽ



# ദുരന്തകാലം

**കോ**വിഡ്-19 ഒരു മഹാവിപത്തായി രാജ്യത്താകെയുള്ള ജനങ്ങളെ കൊലചെയ്യുന്ന രാക്ഷസനായി വിരാജിക്കുകയാണ്. 2 കോടിയിൽപരം ആളുകളെ ബാധിച്ചു. മരണം 7.6 ലക്ഷമായി. അതിലേറെ പേർ കൊറോണവൈറസ് ബാധിച്ച് ആശുപത്രികളിലും മറ്റു ക്വോറന്റൈയിൻ കേന്ദ്രങ്ങളിലും സമ്പർക്കമില്ലാതെ കഴിയുന്നു.

ഭാരതത്തിൽ പ്രത്യേകിച്ച് കേരളത്തിൽ മറ്റു രാജ്യങ്ങളെയും സംസ്ഥാനങ്ങളേയും അപേക്ഷിച്ച് കൂടുതൽ നാശം വിതയ്ക്കാൻ കോവിഡ് - 19ന് കഴിഞ്ഞിട്ടില്ലെങ്കിലും രണ്ടുതവണത്തെ വെള്ളപ്പൊക്കവും, നോട്ടുനിരോധനം മൂലമുണ്ടായ തൊഴിലവസക്കുറവും, ഓക്കി കൊടുങ്കാറ്റും, വിലക്കയറ്റവും മൂലം ദരിദ്രരും അശരണരുമായ ഭൂരിപക്ഷം ജനങ്ങളും "സ്വതേ ദുർബല അതിന്റെ കൂടെ ഗർഭിണി" എന്ന സ്ഥിതിയിൽ ജീവതനാളുകൾ പങ്കിടുകയാണ്.

സൗജന്യ റേഷനും, സൗജന്യ കിറ്റും സാധാരണ ജീവിതം നയിക്കുന്ന ജനങ്ങളെ തെല്ലൊന്നു ആശ്വാസത്തിലാക്കിയെങ്കിലും ഇപ്പോഴും തുടർന്നുകൊണ്ടിരിക്കുന്ന സമ്പർക്ക രോഗബാധ മൂലം കൊട്ടിയടക്കുന്ന കടകളും, റോഡുകളും, വിപണികളും തൊഴിലെടുത്തു ജീവിക്കുന്ന ജനങ്ങളെ കുറച്ചൊന്നുമല്ല ബാധിച്ചിരിക്കുന്നത്. തൊഴിൽ മേഖല പാടെ നിർജീവമാണ്. കെട്ടിട നിർമ്മാണ മേഖല അതിലേറെ തൊഴിലില്ലായ്മയുടെ ദുരിതമാണ് വിതയ്ക്കുന്നത്. ഇത്തരത്തിലുള്ള അവസ്ഥയിൽ സർക്കാർ മാസാമാസങ്ങളിൽ 2500 രൂപയെങ്കിലും എല്ലാ പൗരന്മാർക്കും വിതരണം ചെയ്യുവാനുള്ള തീരമാനമെടുക്കുന്നത് കേരളത്തിലെ സാധാരണ ജനങ്ങളെ സംബന്ധിച്ചിടത്തോളം വലിയൊരു ആശ്വാസമായിരിക്കും എന്നു പറയേണ്ടതില്ലല്ലോ! ജനകീയ സർക്കാറിന്റെ ചുമതലയുമാണത്.

ജനങ്ങൾ ഭയപ്പെട്ടു ഉദാസീനരായിരിക്കുന്ന തരത്തിൽ "മനുഷ്യൻ മരിക്കാതിരിക്കാൻ ചട്ടക്കൂട് നിർമ്മിക്കുന്നു" എന്നതല്ല ഒരു ജനാധിപത്യ സർക്കാറിന്റെ ഇംഗിതം. മരിക്കാതിക്കാൻ ചട്ടക്കൂട് നിർമ്മിക്കുന്നതിനു ബദലായി "ജീവിക്കാനവനു മാർഗ്ഗവും സന്ദേശവും" നൽകുക വഴി ജനങ്ങൾ ആത്മവിശ്വാസം വീണ്ടെടുക്കും. "മരിക്കാതിരിക്കാൻ" എന്നതിന്റെ വിപരീതപദമായാണല്ലൊ "ജീവിക്കാൻ" എന്ന പദം പ്രയോഗിക്കുന്നത്. ജീവിക്കാൻ വേണ്ടി പൊരുതുന്ന ജനങ്ങൾ മരണത്തെ പുൽകാതിരിക്കാൻ പരിശ്രമശാലികളായിരിക്കും. ജനങ്ങൾ പരിഭ്രാന്തരാണ്. അവർ മരിക്കാതിരിക്കാൻ വേണ്ട മുൻ കരുതലുകൾ സ്വയം എടുക്കുവാൻ കഴിയുള്ളവരാണ്. പ്രചോദനമാണവർക്കാവശ്യം. രോഗത്തെ നിർമ്മാർജനം ചെയ്യണം. പരിഭ്രാന്തിയുടെ മുൾമുനയിലാക്കരുത് മർത്ത്യജനകോടികളെ!. അതോടൊപ്പം ഭരണകൂടങ്ങൾ സാമ്പത്തികമായി ദരിദ്രരായ ബഹുഭൂരിപക്ഷം ജനങ്ങൾക്ക് ജീവിക്കാനാവശ്യമായ ഉദാരപ്രവർത്തനം ചെയ്യുകയും വേണം.

**മാനേജിംഗ് എഡിറ്റർ**


കഥ



യു.എ. ഖാദർ

# ഉറവിടച്ചുഴിയിലേക്ക്





**ബാ**ംഗ്ലൂരിൽ നിന്നായിരുന്നു ഞങ്ങളുടെ യാത്രയാരംഭിച്ചത്. യാത്രയൊരുക്കങ്ങളെല്ലാം മകളും അവളുടെ കണവനും ശരിയാംവണ്ണം ചെയ്ത് വെച്ചിട്ടുണ്ടായിരുന്നു. പുറപ്പെടാനുള്ള ബോർഡിങ്ങ് പാസ് കൈയിൽ തന്നപ്പോൾ പെട്ടെന്ന് മനസ്സിൽ ഒരു കിടിലം അനുഭവപ്പെട്ടു. എന്തിന് ഈ യാത്ര? ആരെ കാണാൻ. ചെല്ലുന്നേടത്ത് ഇരുകയ്യും നീട്ടി സ്വീകരിക്കാൻ വേണ്ടപ്പെട്ടവരായി ആരുണ്ട്?

എന്റെ ചങ്കിടിപ്പ് മറ്റാരെയും അറിയിച്ചില്ല. ഗുളിക നാവിനടിയിലേക്ക് തിരുകി വയ്ക്കുന്നത് ശ്രദ്ധയിൽ പെട്ടപ്പോൾ ഭാര്യ ചോദിച്ചു.

എന്താണ്? എന്തുപറ്റി?

അവൾ എന്റെ കൈ പിടിച്ചു നെറ്റിയിൽ തൊട്ടുനോക്കി. അവൾ പറഞ്ഞു. കുറെ കാലത്തെ ആഗ്രഹമല്ലേ പിറന്ന നാട്– ഒരു വട്ടം വീണ്ടും കാണുകയെന്നത്. ഈ പ്രായത്തിൽ.. ആ സൗകര്യം ലഭ്യമായപ്പോൾ എന്തിന് അനാവശ്യമായ അങ്കലാപ്പുകൾ?

ഞാൻ ചിരിച്ചതേയുള്ളു. എന്റെ മനസ്സിലെ പതറൽ മറ്റാർക്കും മനസ്സിലാവുകയില്ല. പെറ്റിട്ട നാട് എന്ന ഒരേയൊരു നൂലിഴയുടെ കണ്ണിയന്വേഷിച്ചുള്ള ഈ പോക്ക് ഒരു പാഴ്ചിലവല്ലേ മനസ്സ് മന്ത്രിച്ചു. മകളുടെ കണവൻ പറഞ്ഞു. "നമുക്ക് സെക്യൂരിറ്റി ചെക്കിങ്ങ് കഴിഞ്ഞ് ഡിപ്പാർച്ചർ ലോഞ്ചിൽ ചെന്നിരിക്കാം. ഏതെങ്കിലും കഫേയിൽ ചെന്നിരുന്ന് എന്തെങ്കിലും സ്നാക്ക്സ്...."

മുകൾ നിലയിലേക്കുള്ള എലിവെറ്ററിൽ കയറിനിന്നു. മുകളിലത്തെ നിലയിലെ സെക്യൂരിറ്റി ചെക്കിങ്ങ് കഴിഞ്ഞു യാത്ര രേഖകളെല്ലാം മരുമകനെ ഏല്പിച്ച് ഞാനൊന്ന് ഫ്രീയായി. എമ്പാർക്കേഷൻ ഫോറങ്ങൾ പൂരിപ്പിക്കലൊക്കെ മകൾ ചെയ്തു. കഫേയിലെ കസേരയിലിരുന്നപ്പോൾ ഉള്ളിലിരുന്ന് ആരോ ചോദിക്കുന്നതുപോലെ. എന്തിന് ഈ വയ്യാ കാലത്ത് ഇതുപോലുള്ള ദീർഘയാത്രകൾ? മനസ്സിൽ താലോലിക്കുന്ന സ്വപ്നങ്ങൾക്ക് ഇത് കാരണം നിറം മങ്ങലല്ലേ സംഭവിക്കുക.

ഭാര്യ പറഞ്ഞുകൊണ്ടിരുന്നു. "എന്തായിത്. ഇങ്ങനെയുള്ള സന്ദർഭങ്ങളിൽ പലപ്പോഴും നിങ്ങൾക്കുള്ളതാ ഈ മുഖം തിരിച്ചുകളയൽ സ്വാഭാവം." അവൾ പറയുന്നത് കേട്ടില്ലെന്ന് നടിച്ചു. മരുമകൻ കയ്യിലേല്പ്പിച്ച കാപ്പി മൊത്തി കുടിച്ചു. അനൗൺസ്മെന്റ് മുഴങ്ങിയപ്പോൾ കയ്യിൽ കരുതിയ യാത്രാരേഖകളുമായി ഞങ്ങൾ എഴുന്നേറ്റ് ക്യൂവിൽ നിന്നു. പാസ്സിംഗ്‌വേയിലൂടെ നടപ്പ്. ഏഫ്രണിൽ ചെന്ന് ചേരുന്നിടത്ത് പരന്ന മൂക്കുള്ള ചെറിയ കണ്ണുകളുമായുള്ള വിമാന സുന്ദരി ഞങ്ങളെ എതിരേറ്റു. കൈകൂപ്പി വണങ്ങി. ബോർഡിംഗ് പാസിലെ ഞങ്ങൾക്കായുള്ള ഇടം കാണിച്ചു തന്നു, നടുവിൽ നാലു പേർക്കിരിക്കാവുന്ന സീറ്റായിരുന്നു. മരുമകൻ പറയുന്നത് കേട്ടു."ഒറ്റ വരിയിൽ സീറ്റായത് സൗകര്യമായി."

ഒരു ചെറിയ മയക്കത്തിനുശേഷം വിമാനത്തിലെ സുന്ദരി നൽകിയ ട്രേയിലെ അപ്പത്തിൽ വെണ്ണ പുരട്ടി പതുക്കെ കഴിക്കുന്നതിനിടയിൽ ഭാര്യ ഓരോരോ തമാശകൾ പറയുന്നുണ്ടായിരുന്നു. എനിക്കെന്തുകൊണ്ടോ വിളമ്പികിട്ടിയ ആഹാരത്തിന് അത്ര രുചിയൊന്നും തോന്നിയിട്ടില്ല.

വിമാനം റൺവെയിൽ തൊട്ടപ്പോൾ ആ ചക്രങ്ങൾ എന്റെ ശരീരത്തിലൂടെയാണ് പായുന്നതെന്ന് എനിക്ക് തോന്നി. പിറന്ന നാട് കാണുവാനുള്ള യാത്രയാണിതെന്ന് എന്റെ മനസ്സിനെ പേർത്തും പേർത്തും ഓർമ്മിപ്പിച്ചുകൊണ്ടിരുന്നു. വിമാന ചക്രങ്ങൾ എന്റെ ശരീരത്തിലൂടെയാണ് ചലിക്കുന്നതെന്ന ഒരു ആന്തൽ എനിക്കെന്തിനുണ്ടാവണം. ഞാൻ പതുക്കെ പറഞ്ഞു "മിംഗലബാർ. മായോ മയോള്."

എയർപോർട്ടിൽ മരുമകന്റെ സുഹൃത്ത് കാത്തുനിൽക്കുന്നുണ്ടായിരുന്നു. അദ്ദേഹമാണ് ഞങ്ങൾക്കുള്ള വിസയും മറ്റുകാര്യങ്ങളും ഏർപ്പാട് ചെയ്തത്. ഇതിനു മുൻപ് പല തവണ നാടുകാണാനുള്ള ആഗ്രഹം അറിയിച്ചുകൊണ്ട് അധികാരികൾക്കൊക്കെ അപേക്ഷകൾ അയച്ചുകൊണ്ടിരുന്നു. കാര്യമായ പ്രതികരണങ്ങളൊന്നും ഉണ്ടായില്ല. കർശനമായ നിയമനടപടികൾക്കിടയിലൂടെ കടന്നുപോകേണ്ടതിനാൽ എന്റെ അപേക്ഷകൾ തിരസ്കരിക്കപ്പെടുകയാണുണ്ടായത്. മരുമകന്റെ സുഹൃത്താണ് ആഗ്രഹങ്ങളുടെ അഗ്നിചീളുകൾ ശരിയാംവണ്ണം മനസ്സിലാക്കിയിട്ടുണ്ടാവണം. വിവിധ സ്ഥലങ്ങൾ സന്ദർശിക്കുക എന്ന യാത്രഉദ്ദേശത്തോടെ സഞ്ചരിക്കുന്ന ഒരു തീർത്ഥാടകന് ഏത് രാജ്യവും സ്വാഗതം നൽകുമല്ലോ. ആ സൂത്രം ഫലിച്ചി

രിക്കാം. കൈയ്യിൽ ലഭ്യമായ കടലാസ് വഴിക്കിലിട്ടേച്ചു പോരാൻ തോന്നിയില്ല.

യാഗൂൺ പട്ടണത്തിൽ താമസിക്കാനുള്ള സൗകര്യങ്ങളെല്ലാം മരുമകന്റെ സുഹൃത്ത് ചെയ്തു വെച്ചിട്ടുണ്ടായിരുന്നു. താക്കിംങ്ങ്യാൻ എന്നോട് ചോദിച്ചു. "എങ്ങനെയുണ്ട് നമ്മുടെ നാട്?" എന്റെ ഓർമ്മയിൽ ഞാൻ സൂക്ഷിച്ചിരുന്ന മനസ്സിലെ പഴയ ആൽബത്തിലെ ചിത്രങ്ങൾ എന്റെ മുമ്പിൽ തെളിഞ്ഞു. നഗരത്തിന്റെ ഉള്ളിൽ ഒരു വിജയസ്തംഭം പോലെ നിൽക്കുന്ന "ടവർക്ലോക്ക്" ഹോട്ടലിന്റെ മട്ടുപാവിലിരിക്കുമ്പോൾ കാണാമായിരുന്നു. ബ്രീട്ടീഷ് ഭരണകൂടം സമ്മാനിച്ച വിക്ടോറിയൻ ശൈലിയിലുള്ള കെട്ടിടം. മറ്റൊരു കാഴ്ച നഗരത്തിന്റെ ഹൃദയത്തിലൂടെയുള്ള അരുവിയാണ്. ചൈനീസ് വാസ്തുകലയുടെ പ്രതീകം പോലെ അരുവിക്കരയിൽ പണിത ആ വലിയ ഏഴ് നക്ഷത്ര ഹോട്ടൽ പണ്ടുണ്ടായിരുന്നല്ലോ. യാഗൂൺ പട്ടണത്തിലൂടെ അന്ന് ആ കാലത്ത് ട്രാം വണ്ടികൾ ഓടിയിരുന്നത് ഓർമ്മയുണ്ട്. ആ ഓർമ്മകളുടെ ചിതൽപാടുപോലെ പഴയനിരത്തിന്റെ അരികുപറ്റി റെയിൽപാളങ്ങൾ ഇന്നുമുണ്ട്. നഗരത്തിലോടുന്ന ടാക്സികാറുകളും നാലുചക്രവാഹനങ്ങളും എല്ലാം ഏതോ പഴയ കാലത്തിന്റെ ഗന്ധം വമിക്കുന്ന മട്ടിലുള്ളതായിരുന്നു. പഴയകാല കമ്പനി കാറുകൾ ഇപ്പോഴും നിരത്തിലോടുന്നുണ്ട്. മോറീസ് മൈനറും ഫോർഡും യാതൊരുവിധ മാറ്റങ്ങളും കൂടാതെ നിരത്തിലോടുന്നു. ഹോട്ടലിന്റെയും സ്ഥിതി ഭിന്നമായിരുന്നില്ല. റംഗൂൺ നഗരത്തിലെ വിലപിടിച്ച ഹോട്ടലിന്റെ സൗകര്യപ്രദമായ ഒരു സ്യൂട്ട് തന്നെയാണ് ഔദാര്യവാനായ താക്കിംങ്ങ്യാൻ ഒരുക്കിയത്. അവൻ പിന്നെയും എന്നോട് ചോദിക്കുന്നു. "യാഗൂൺ പട്ടണത്തിൽ എവിടെയാണ് ബില്ലീൻ എന്ന ഗ്രാമ്മുൻസിപ്പാലിറ്റി?" ആർക്കും അത് നിശ്ചയമുണ്ടായിരുന്നില്ല. ചെറുപ്പത്തിന്റെ ഏതടയാളം വെച്ചാണ് ഞാനെന്റെ നാട്ടിനെക്കുറിച്ച് പറയേണ്ടത്. ഏതാണ് എടുത്ത് കാണിക്കാനുള്ള അടയാളചിഹ്നം.

ഓർമ്മ വെച്ചകാലം മുതൽ ഞാൻ കളിച്ചുവളർന്നിടത്തെക്കുറിച്ച് പലതും ഞാൻ പറഞ്ഞു ഫലിപ്പിച്ചിരുന്നു. ഐരാവതീ നദിയോരത്തിലെ വേലിയേറ്റ ഇറക്കങ്ങൾക്ക് പാകമായ മരക്കാലിൽ പണിത കൊച്ചുകൊച്ചു വീടുകൾ. മലമുകളിലേക്കുള്ള കാലടിപ്പാടുകൾ പതിഞ്ഞ പാതകൾക്കപ്പുറവും ഇപ്പുറവുമായി പണിതുയർത്തിയ പെഗോഡകളിൽ നടത്തപ്പെടുന്ന ഉത്സവചന്തകൾ. ഉത്സവസ്ഥലത്തെ ആൾക്കൂട്ടം മേയുന്നതിനിടയിൽ നിരങ്ങനെ പണിത കൊച്ചുകൊച്ചു വഴിക്കച്ചവടസ്റ്റാളുകൾ, വർണ്ണ റിബണുകളും വളകളും വിശറികളും നിൽക്കുന്ന ചന്തപ്പുരകൾ. ചന്തപ്പുരകളിൽ പനമ്പട്ട വല്ലങ്ങളിൽ കൊണ്ടുവന്ന് മലർക്കെ തുറന്നിട്ട ചക്കരയാണികൾ. ഉത്സവചന്തയിലെ പ്രധാന വ്യാപാരയിനം എന്റെ ഓർമ്മയിലുള്ളത് ആ ചക്കര ആണികളാണ്. അവയുണ്ടാക്കുന്നിടത്ത് പിതാവ് ഒരിക്കൽ എന്നെ ജഡുക്കവണ്ടിയിൽ കയറ്റിയിരുത്തിക്കൊണ്ടു പോയിട്ടുണ്ട്. കാട്ടുപാതയിലൂടെ മുകളിലേക്ക് കയറിപോകുന്ന ജഡുക്കവണ്ടി ചെന്നുനിൽക്കുക ചക്കരവാറ്റു കേന്ദ്രങ്ങളിലാണ്. വലിയ വലിയ പാത്രങ്ങളിൽ കരിമ്പിൽ തണ്ടുകൾ വേവിച്ച് പിഴിഞ്ഞു നീരെടുത്ത് ചക്കരയുണ്ടാക്കുന്നത് മനസ്സിലെ മായാത്ത ഓർമ്മയാണ്. ചെറിയ ചെറിയ അച്ചുകളിൽ ഉരുകി പാകമായ ശർക്കര ലായനി ഒഴിക്കുന്നത് കണ്ടിട്ടുണ്ട്. അല്പം കഴിഞ്ഞ് അവ അടർത്തിയിടുമ്പോൾ രൂപപ്പെടുന്ന ശർക്കരയാണികൾ ചക്കര വാറ്റുകേന്ദ്രത്തിലെ പീഠങ്ങളിലൊന്നിലിരുത്തി ഇളം ചൂടുള്ള ചക്കര കുഴമ്പ് എനിക്ക് കുടിക്കാൻ തന്നിട്ടുണ്ട്.

പിതാവ് ആ മനുഷ്യനുമായി വർത്തമാനം പറഞ്ഞ് ചിരിക്കുന്നതിന്റേയും അവിടെ കൂടി നിൽക്കുന്ന പെണ്ണുങ്ങൾ മാറി മാറിയെടുത്ത് എന്നെ ഓമനിക്കുന്നതിന്റേയും ഓർമ്മകൾ സജീവ ചിത്രങ്ങളായി മനസ്സിലുണ്ട്. ബില്ലിൻടൗണിന്റെ മധ്യത്തിൽ ആ വലിയ ഷഡ്ഡും ഷെഡിനകത്തെ നിരനിരയായ മുറികളിലെ കച്ചവടപ്പീടികളെക്കുറിച്ചും എനിക്കോർമ്മയുണ്ട്. മൂന്നു വീടുകളിൽ പണിത ഒരു വലിയ ഷെഡിലാണ് ഞങ്ങൾ താമസിച്ചിരുന്നത്. അറ്റത്തേ മുറിയിലെ ജനൽ തുറന്നിട്ടാൽ ജനലിന് പുറത്ത് ചില്ലകൾ നിറയെ പഴുത്തു തൂങ്ങുന്ന ചെറിയ ചെറിയ ചക്കകൾ കാണാം. ആ ചക്കകളിലെ മധുരമുള്ള ചുളകൾ തോണ്ടിയെടുത്ത് എനിക്ക് നൽകാറുണ്ടായിരുന്നു നടുവിലെ വീട്ടിൽ താമസിക്കുന്ന ചീനക്കാരൻ.

അറ്റത്തെ വീടിന്റെ കിടപ്പുമുറിയുടെ ജനൽ തുറന്നിട്ടാൽ ആ ചക്കമരം കാണാമെങ്കിലും ആ മരത്തിലെ പഴക്കുലകൾ ഞങ്ങൾ പാർക്കുന്നിടത്താരും ഉപയോഗിച്ചിരുന്നില്ല. ആ പഴചുളകൾ എന്തേ ആരും തിന്നാത്തത് എന്ന് ചോദിച്ചറിയുവാനുള്ള പ്രായമോ അതിന് പാകമായ ജിജ്ഞാസയോ എനിക്കുണ്ടായിരുന്നില്ല.

അയൽ പുരയിലെ ചീനക്കാരൻ വെളുത്ത വസ്സിയിൽ കുറെ ചുളകൾ എടുത്ത് ഞങ്ങളുടെ മുറിയുടെ വാതിൽക്കൽ കൊണ്ടുവന്നാൽ വാപ്പ അത് സ്വീകരിക്കാറില്ല. എന്തോ കാരണം പറഞ്ഞ് പണ്ട് പിണങ്ങിപ്പോയ മൂത്താപ്പ ആ പഴം തിന്നാറില്ല ത്രേ.

എനിക്കത് നല്ല രുചിയുള്ളതായി ത്തോന്നി. ആ ചീനക്കാരന്റെ മടിയിലിരുന്ന് പഴചുളകൾ ഓരോന്നുമെടുത്ത് അയാൾ നീട്ടുമ്പോൾ ഞാനത് വായിലിടുന്നു. ഞാനാ പഴചുളകൾ ആർത്തിയോടെ തിന്നുന്നത് കാണുമ്പോൾ വാപ്പ മറുത്തൊന്നും പറയാറില്ല. എന്തിന് മകനെ ഇതൊക്കെ തീറ്റുന്നു എന്ന് ആ ചീനക്കാരനോട് മുഷിഞ്ഞു പറയുന്നതും കേട്ടിട്ടില്ല.

ബില്ലിൽ മുനിസിപ്പാലിറ്റിയുടെ ഒത്ത നടുക്കുള്ള കൂറ്റൻ നടുപ്പുരയുടെ അറ്റത്തായിരുന്നു വാപ്പയുടെ കച്ചവടപ്പീടിക. അതിനരികിലുണ്ടായ മറ്റൊരുക്കച്ചവട പീടികയിൽ പണപ്പെട്ടിക്കരികെയിരുന്ന് വ്യാപാരം നടത്തിയിരുന്നത് ഒരു ബർമ്മക്കാരിയായിരുന്നു. അവരുടെ മുഖം നേരിയ മഞ്ഞിൻപാളിയിലൂടെ കാണാനാവുന്ന രൂപം ഇപ്പോഴും എന്റെ മനസ്സിലുണ്ട്. അവർ ഇരുകവിൾകത്തടത്തിലും ചന്ദനമരച്ച് കുറിയിടുമായിരുന്നു. എന്റെ ഇരുകവിളിലും അവരുടെ വിരലുകളിൽ പതിഞ്ഞ തണുത്ത ചന്ദനചാറ് പുരട്ടുമായിരുന്നു. പുരട്ടുമ്പോൾ നല്ല തണുപ്പാണ്. അല്പം കഴിഞ്ഞ് കണ്ണാടിയിൽ നോക്കിയാൽ ഇരു കവിളത്തും ചന്ദനവരകൾ കാണാം. ഞാനത് തുടച്ച് മായ്ക്കാറില്ല. എന്നെ മടിയിരുത്തി എന്റെ ഇരു കവിളത്തും ഉമ്മ വെക്കുന്ന ആ സ്ത്രീയുടെ ചുണ്ടുകളിൽ ഉണങ്ങാത്ത ചന്ദനലേപനം പതിയുമ്പോൾ നല്ല സുഗന്ധമാണ്. അവർ എന്നെ വാരിയെടുത്ത് ഇരുകവിളത്തും ഉമ്മ വെക്കുകയും എന്തെല്ലാമോ പിച്ചുപേയും പുലമ്പുന്നതുപോലെ പറയുകയും ചെയ്യുമ്പോൾ പീടികയിലിക്കുന്ന വാപ്പ അത് കാണുന്നു. ഇരുകണ്ണുകളും കരഞ്ഞുകലങ്ങിയ മട്ടിൽ വാപ്പയും അന്നേരം എന്തെല്ലാമോ പറയാറുണ്ട്. എന്നെയും ചുമലിലെടുത്ത് പീടിക അടക്കുക പോലും ചെയ്യാതെ ഇറങ്ങിപ്പോകുന്ന ബാപ്പ കേൾക്കാൻ ആ ബർമ്മക്കാരി എന്തെല്ലാമോ ഉച്ചത്തിൽ കൂവി പറയാറുണ്ട്.

ആ സമയത്ത് അവിടെ ആരെല്ലാം ആ ആക്രോശങ്ങൾ കേട്ടു ചുറ്റിലും വന്നുകൂടുന്നു എന്ന ചിന്തയൊന്നും

**(ശേഷം 20–ാം പേജിൽ)**

കഥ



കെ.ബി. ശ്രീദേവി

# പതിന്നായിരവും പത്ത്പവനും



**സി**സ്റ്റർ മീരക്കിന്ന് ഓഫാണ്. ബദ്ധപ്പാടുകളൊന്നുമില്ല. ഒരു relaxation. എട്ടു മണി വരെ കിടന്നുറങ്ങി. സമയത്തെ ആവുന്നത്ര അയച്ചു വിട്ടു കൊണ്ടു മൂളിപ്പാട്ടും പാടി പതുക്കെപ്പതുക്കെ പ്രഭാതകൃത്യങ്ങളൊക്കെക്കഴിച്ചു. പിന്നെ പുറത്തെബാൽക്കണിയിൽ വന്നിരുന്നു. മുമ്പിൽ അലയടിക്കുന്ന അറ്റം കാണാത്ത കടലാണ്. ഇന്ന് കടലിന് കോപമിളകിയിരിക്കുന്നു. ഉറക്കെ അലറിക്കൊണ്ട് നീണ്ട കൈകളുയർത്തി അത് സ്വന്തം മാറിൽ ആഞ്ഞടിക്കുകയാണ്. തീർത്താലും തീരാത്ത കോപം. ആ അനന്തതയിലേക്ക് നോക്കിയിരിക്കുവാൻ സ്വതവേ മീരയ്ക്ക് വലിയ ഇഷ്ടമാണ്. കുട്ടിക്കാലത്ത് വീട്ടുകാർ ശകാരിക്കുമ്പോൾ പറഞ്ഞിരുന്നു-നിയ്യേയ് വേറെ പണിയില്ലെങ്കിൽ പോയിട്ട് കടലിലെ തിരയെണ്ണിക്കോ. വ്യർത്ഥമായ പ്രവൃത്തികളെ പറ്റി പറയുമ്പോഴാണ് അന്നത് ഉപയോഗിച്ചിരുന്നത്. ഇന്ന് തനിക്കത് വിനോദമായിത്തീർന്നിരിക്കുന്നു. കടലിലെ തിരയെണ്ണുക.

അവർ ഈസിച്ചെയറിൽ ഒന്നുകൂടി ചാരിയിരുന്നു. കടൽക്കാറ്റടിക്കുന്നു. കക്കകളുടെ ഗന്ധം വരുന്നു. മനസ്സിന്റെ കെട്ടുകളൊക്കെ അഴിച്ചിട്ടു കൊണ്ട് സിസ്റ്റർ മീര കുറച്ചുകൂടി മലർന്നു കിടന്നു.

നാലുദിവസമായിട്ട് രാവുംപക ലും ഹോസ്പിറ്റലിൽ തന്നെയായിരുന്നു. തുരുതുരെ പ്രസവക്കേസുകൾ, സിസ്സേറിയനുകൾ, ഹിസ്ട്രക്ടമികൾ. പണിയെടുക്കുവാൻ മീരക്ക് മടുപ്പില്ല. നാലുദിവസം നിർത്താ തെ ജോലിയെടുത്താലും തളരുകയുമില്ല. അത് മനസ്സിലാക്കിയിട്ടാവും ഇന്നലെ ഒരു ഇളം ചിരിയോടെ ഡോ. കൃഷ്ണപ്രസാദ് പറഞ്ഞത്. നിങ്ങൾ നഴ്സാവാൻ വേണ്ടിത്തന്നെ ജനിച്ചതാണല്ലോ. മിതഭാഷിയും മാന്യനുമായ ഡോ. കൃഷ്ണപ്രസാദിന്റെ കൂടെ ജോലിയെടുക്കൽ ഒരു അനുഭവം തന്നെയാണ്. ഏത് സീരിയസ്സ് കേസായാലും പരിഭ്രമിക്കാത്ത മുഖം, അനായാസവും സൂക്ഷ്മവുമായ ആ വിരലുകളുടെ ചലനങ്ങൾ കണ്ടാൽ, ഈ കയ്യുകൾ മനുഷ്യശരീരത്തെ കീറിമുറിക്കാനും തുന്നികെട്ടുവാനും വേണ്ടി തന്നെ ഉണ്ടാക്കിയതാണോ എന്നുതോന്നിപ്പോവും.

ഡോ. പരംജ്യോതിയമ്മയ്ക്കാണെങ്കിൽ സിസ്റ്റർ മീര എപ്പോഴും അടുത്തുതന്നെ വേണം. ഉറക്കെ ഉറക്കെ ഓരോന്ന് വിളിച്ചു പറഞ്ഞുകൊണ്ടാണ് അവർ ഏതു പ്രവൃത്തിയും ചെയ്യുക. പേഷ്യൻസിനോടും മയത്തിൽ സംസാരിക്കലില്ല ഈ ശീലം മാറ്റിവെച്ചുനോക്കിയാൽ വളരെ സ്നേഹശീലയും പ്രഗത്ഭയുമായ ഡോക്ടറാണവർ. തന്നെ അവർക്ക് സ്വന്തം സഹോദരിയെപ്പോലെയാണ് എന്നു പറയാറുണ്ടല്ലോ.

മീര ആലോചിച്ചുനോക്കി. എന്തെല്ലാംതരം അനുഭവങ്ങളാണ് പിന്നിട്ടുപോന്നത്. എത്രയെത്ര ഭിന്ന രുചിക്കാരായ മനുഷ്യരെ കണ്ടുമുട്ടി. പെരുമാറി. നഴ്സിങ്ങ് പാസ്സായി കഴിഞ്ഞപ്പോഴും ഈ പണി തനിക്ക് ഇത്ര ഫിറ്റാവും എന്ന് വിശ്വാസമുണ്ടായിരുന്നില്ല. ഇപ്പോൾ, ഇതിൽ നിന്ന് വിട്ട് മറ്റൊരു ജീവിതത്തെക്കുറിച്ച് ഓർക്കാറെയില്ല. ജോലിയെടുത്ത് സ്വന്തമായി ജീവിക്കണം എന്നായിരുന്നു ആദ്യം മുതലേ ഉന്നം. അതിനൊരുങ്ങിയപ്പോൾപ്പിന്നെ ജോലിയുടെ മേന്മയും സുഖവുമല്ല നോക്കിയത്. കിട്ടിയ പണി ആവുന്നത്ര വൃത്തിയായും കൃത്യമായും ചെയ്യുക. സത്യത്തിൽ തനിക്കതിന്നു കഴിഞ്ഞിട്ടുണ്ടോ? സിസ്റ്റർ മീര ജീവിതത്തിന്റെ പിന്നിലേക്ക് തിരിഞ്ഞുനോക്കി. അവർക്ക് ഇച്ഛാഭംഗമൊന്നും തോന്നിയില്ല. വേദനകളുടേതും യാതനകളുടേതു മായ ആ ലോകത്തിൽ താൻ അവരുടെ കൂടെ ഒരാളായി കഴിഞ്ഞിരിക്കുന്നു. സ്വകാര്യജീവിതത്തിലും മീരക്ക് പരാതിയൊന്നുമില്ല. വൃത്തിയും വലിപ്പവുമുള്ള ഈ ഫ്ളാറ്റ് രണ്ടു കൊല്ലം മുമ്പ്

സ്വന്തമാക്കി, വീട്ടുപണികൾക്കായിട്ട് വിശ്വസ്തയായ പങ്കിയമ്മയേയും കിട്ടി. അല്ലല്ലും അലട്ടലും ഇല്ലാത്ത ജീവിതം. ചെയ്യാൻ ധാരാളം പ്രവൃത്തികൾ. സിസ്റ്റർ മീരയ്ക്ക് ആകപ്പാടെ കൃതാർത്ഥതയാണ്.

മുന്നിലെ കലിതുള്ളുന്ന കടൽ കൂടുതൽ കറുത്തിരുണ്ടുവരികയാണ്. അലർച്ചക്ക് ഊക്ക് കൂടുന്നു.

ട്ടു.ട്ടു.ട്ടു വാതിൽക്കൽ മുട്ടുകേട്ടു.

"യെസ് കമിൻ"

വാതിൽതുറന്നു കടന്നത് ജോത്സനയാണ്. ജോത്സന ഒറ്റക്കല്ല വന്നത്.

'ഇത്"?

"ഇത് മീരയുടെ ബന്ധു."

"ഓഹോ"

ബന്ധുവല്ലന്നോ, താനറിയില്ലെന്നോ പറഞ്ഞില്ല. എന്നാലും മനസ്സിലാവാതെ ആ ചെറുപ്പക്കാരനെ തന്നെ നോക്കിയിരുന്നു; ആരെന്നു ചോദിക്കുവാൻ സങ്കോചം, ബന്ധുക്കളെപ്പറ്റിയോ, ബന്ധങ്ങളെപ്പറ്റിയോ ഒരു പിടിയുമില്ല.

"ഞാൻ മാടായിക്കോണത്തുനിന്നാണ്."

ആഗതൻ ഭവ്യതയോടെ അറിയിച്ചു.

ആസ്ഥലപ്പേരിനോട് നല്ല ബന്ധം തോന്നി. പക്ഷേ ഈ മനുഷ്യനെ കണ്ട പരിചയമേ ഇല്ലല്ലോ, സൂക്ഷിച്ചു നോക്കി കൊണ്ടിരുന്നപ്പോൾ അയാൾ ഇങ്ങോട്ടുതന്നെ അറിയിച്ചു

"ഞാൻ മാതുട്ടിയുടെ മകനാണ്".

"അതുശരി".

മുന്നിലിരിക്കുന്ന ഗൃഹനാഥയുടെ ഭാരം കുറക്കുവാനായി ശങ്കരൻ പിന്നെയും വിശദീകരിച്ചു:

"എന്റെ പേര് ശങ്കരൻ".

"ഓഹോ".

ശങ്കരൻ പാരമ്പര്യ പേരുതന്നെയാണ് ഇട്ടിരിക്കുന്നത് എന്ന് മീര വിചാരിച്ചു. പേര് മാത്രമല്ല, നീണ്ടുവളഞ്ഞ ഇയ്യാളുടെ ശരീരവും, ചെറിയ മുഖവും കുറ്റിത്തലമുടിയുമൊക്കെ പാരമ്പര്യത്തിന്റെ ലക്ഷണങ്ങളാണല്ലോ. തിരുമ്പിനരച്ച ഇയാളുടെ മുണ്ടിലും പിന്നിയഷർട്ടിലും പരാധീന ഭാവത്തിലുമൊക്കെ നോക്കി ഇരിക്കുകയായിരുന്നു സിസ്റ്റർ മീര.

"രാധച്ചെറ്യേമ്മേം വന്നിട്ടുണ്ട്"

ശങ്കരൻ ശങ്കിച്ചുകൊണ്ടു പതുക്കെപ്പറഞ്ഞു.

"എവിടെ".

"പുറത്ത്നിൽക്കുന്നു".

"വരാൻ പറയൂ. എന്തിനാ പുറത്ത് നിൽക്കുന്നത്?"

ശങ്കരൻ പുറത്തേക്ക് പോയിട്ട് രാധയേയും കൂട്ടികൊണ്ടുവന്നു. ശങ്കരന്റെ പിന്നിൽ ഒരു മറവിലാണ് രാധ നിന്നത്. ഒരപരാധിനിയെപ്പോലെ. ഇവിടെ നിൽക്കാൻ അർഹതയില്ലാത്തവളെപ്പോലെ മെലിഞ്ഞ് കവിളൊട്ടി പല്ലുന്തിയ കരുവാളിച്ചമുഖം. കരമങ്ങിയ ഒരു മുണ്ടുംവേഷ്ടിയും ധരിച്ചിട്ടുണ്ട്. ചെങ്ങിയ കണ്ണിലെ ഭാവം എന്താണെന്ന് മനസ്സിലായില്ല. അത് സാഹോദര്യമോ സ്നേഹമോ ആയിരുന്നില്ല. ഇത് രാധയാണോ? അത്ഭുതപ്പെട്ടുപോയി. വെളുത്തുതടിച്ച ശരീരവും തലയിൽ ധാരാളം മുടിയുമൊക്കെയുള്ള ധിക്കാരിയും അഹങ്കാരിയും ആയ ഒരു വേശിപ്പെണ്ണായിരുന്നു രാധ. അവളെങ്ങിനെ ഒരു പ്രേതച്ഛായയിലായി. ഒടുക്കത്തേതായതുകൊണ്ടാവാം അച്ഛനുമമ്മയും അവളെ അമിതമായി ലാളിക്കുകയും ചെയ്തിരുന്നു. ആ പ്രത്യേക പരിഗണന അവൾ പൂർണ്ണമായി മുതലെടുക്കുകയും ചെയ്തു. തറുതലയല്ലാതെ വായിൽനിന്ന് വീഴില്ല. വിനയം അനുസരണം എന്നൊന്നു അവളുടെ ജാതകത്തിലേ എഴുതിയിരുന്നില്ല. അങ്ങിനെയൊക്കെ ആലോചിച്ചുകൊണ്ട് മീര എഴുന്നേറ്റ് അവളുടെ അടുത്തേയ്ക്ക് നീങ്ങിയപ്പോൾ മുഖവുരയൊന്നും കൂടാതെ രാധ പറഞ്ഞു–

"ഇനിക്ക് വെല്ലാണ്ടെ വെശക്ക്ണ്ണ്ട്."

"ശരിയാണ് നിങ്ങൾ നേരത്തെ പുറപ്പെട്ടിട്ടുണ്ടാവും അല്ലേ?

മീര എഴുന്നേറ്റ് അകത്തേക്ക് പോയപ്പോൾ രാധ പിറുപിറുത്തു–

"നേരത്തെ പോന്നതുകൊണ്ടൊന്നല്ല. ഇന്നലെ തന്നെ വയറുനിറഞ്ഞിട്ടില്ല."

പങ്കിയമ്മ വിഭവസമൃദ്ധമായി തന്നെ അവരെ ഊട്ടി. വയറുനിറഞ്ഞപ്പോൾ ഇരുവരും വീണ്ടും ബാൽക്കണിയിലേക്ക് ചെന്നു– വീട്ടിലെ വർത്തമാനങ്ങൾ ചോദിക്കുവാൻ മീരക്ക് ഉത്സാഹം തോന്നിയില്ല. പക്ഷേ ചോദിക്കാതെ തന്നെ രാധ പറഞ്ഞു തുടങ്ങി.

"ശങ്കരന്റെ അച്ഛൻ ഇപ്പോ വരാറില്ല്യ."

"ഉം".

ഏട്ത്ത്യേ ഉപേക്ഷിച്ചു. വേറെ പെണ്ണു കെട്ടി.

"ഓഹോ"

"കുട്ട്യോൾക്ക് ചെലവിന് തരണം എന്നൊക്കെ പറഞ്ഞുനോക്കി. അയാള് മൂടുംതട്ടി ഒരു പോക്ക്. കയ്യിലും കാക്കാശ് ഇല്ല്യേനും".

മുൻകൂട്ടി പറഞ്ഞു പഠിപ്പിച്ച് ഒരുക്കിവെച്ച വാക്കുകൾ ഉതിർക്കുന്നതുപോലെയാണ് രാധ പറയുന്നത്. മീര എല്ലാം കേട്ടു കൊണ്ടേയിരുന്നു.

"ചെറ്യേട്ത്തീ മരിച്ചു"

"ഏ? ശ്യാമളയോ?"

"ആ. അല്ലെങ്കിൽ തന്നെ ദെണ്ണായിരുന്നു. ശേഖരേട്ടൻ കള്ളും കുടിച്ചു വന്ന് അന്തല്ല്യാണ്ട് തല്ലീട്ടാണ് മരിച്ചതെന്നും ആൾക്കാര് പറയണ്ണ്ട്".

ശ്യാമളയെപ്പറ്റി ഓർക്കുവാൻ ശ്രമിച്ചു മീര. അടിവച്ചടിവച്ചുകൊണ്ടുള്ള അവളുടെ പതിഞ്ഞ കാൽവെപ്പുകളും നിർത്തിനിർത്തിക്കൊണ്ടുള്ള അവളുടെ സംസാരവും ഓർമ്മവരുന്നു. വാക്കുകൊണ്ടോ പ്രവൃർത്തികൊണ്ടോ ആരേയും വേദനിപ്പിക്കുന്ന സ്വഭാവം അവൾക്കില്ലായിരുന്നു. അവൾ മരിച്ചു! അല്ല. അവളെ കൊന്നു.

''കുഞ്ഞ്യേടത്തിയും ഏട്ടനും കുട്ട്യോളും വീട്ടിലുണ്ട്" രാധ തുടരുകയാണ്.

"ഉം"

''വീടു നോക്കാൻ ഏട്ത്തീടേം ഏട്ടന്റേം കാര്യസ്ഥതയാണ് ഇപ്പോ അവിടെ".

കുഞ്ഞ്യേടത്തി മുമ്പും വലിയ കാര്യസ്ഥിയായിരുന്നുവെല്ലോ. മീര ആലോചിച്ചുനോക്കി. അവർ പറഞ്ഞ വാക്കുകൾ ഓർമ്മവരുന്നുണ്ട്. എന്നാലും അവരുടെ രൂപം തന്റെ മനസ്സിൽ നിന്ന് മാഞ്ഞു തുടങ്ങിയിരിക്കുന്നു.

"അപ്പോൾ, അച്ഛനും അമ്മയുമില്ലേ അവിടെ?"

"അച്ഛൻ എല്ലാരേം കുറ്റം പറഞ്ഞുകൊണ്ട് അവിടെയെല്ലാം നടക്കും. അമ്മ മരിച്ചു."

"അമ്മ മരിച്ചോ." മീരയുടെ ശബ്ദം ദയനീയ മായി ചിലമ്പിച്ചു. "ഉവ്വ്. മീരേടത്ത്യെ കാണണന്ന് അമ്മ പറഞ്ഞിരുന്നു. വല്ല്യേടത്തി കത്തും എഴുതിവെച്ചു. പോസ്റ്റ്ചെയ്യാൻ അച്ഛൻ സമ്മതിച്ചില്ല".

മീര വളരെ നേരം നിശ്ശബ്ദയായി ഇരുന്നു, അമ്മയെ ഓർത്തുകൊണ്ട്. മുപ്പത്തഞ്ചുകൊല്ലം മുമ്പത്തെ അമ്മയേ മാത്രമേ അറിയൂ സർവ്വംസഹയായ അമ്മ. ആരോടും കറയും പകയുമില്ലാത്ത അമ്മ. രാവുപകൽ പണിയെടുത്തുകൊണ്ട് ഏങ്ങി വലിച്ചു നടക്കുന്ന അമ്മ. ജോലിക്കു ചേർന്നു ആദ്യത്തെ ശമ്പളം കിട്ടിയപ്പോൾ മീര അമ്മയുടെ പേർക്ക് അയച്ചുകൊടുത്തു. ആശീർവദിച്ചുകൊണ്ടുള്ള അമ്മയുടെ മറുപടി കാത്തിരിക്കുമ്പോൾ അതാ! അയച്ച മണിയോഡർ തിരിച്ചു വരുന്നു. അച്ഛന്റെ നിശ്ചയമാവും. ആവട്ടെ കഴിഞ്ഞത് വിചാരിച്ചിട്ടും പറഞ്ഞിട്ടു കാര്യമില്ലല്ലോ. ഏതായാലും അമ്മയുടെ ദുരിതം തീർന്നല്ലോ. അത്രയും നല്ലത്.

"ആട്ടെ രാധേടെ വർത്തമാനെന്താ?"

മീര രാധയുടെ നേർക്ക് മുഖംതിരിച്ചു. രാധ മുഖമുയർത്തിയില്ല. കൈകൾ തിരുപ്പിടിച്ചുകൊണ്ട് മുഖം താഴ്ത്തി നിൽക്കുകയാണവൾ. എന്തോ പറയാനുള്ള തയ്യാറെടുപ്പാണ്.

"എന്റെ കല്യാണം കഴിഞ്ഞു".

''അപ്പോ ഭർത്താവെന്തേ വരാഞ്ഞത്?"

രാധ പിന്നേയും മൗനം കൊണ്ടു. ആ മൗനം സുഖമുള്ളതായിരുന്നില്ല. അന്തരീക്ഷം കനക്കുന്നു.

''പതിനായിരോ പത്തു പവന്റെ പണ്ടോ ആണവർ ചോദിച്ചിരുന്നത്. ആദ്യം കൊടുക്കാമെന്ന് അച്ഛൻ ഏറ്റതായിരുന്നു. കല്ല്യാണം കഴിഞ്ഞപ്പോ

അച്ഛന്റെ കയ്യില് ഒന്നും ഇല്ലാണ്ട്യായി."

"എന്നിട്ട്"

"അവരെന്നെ വീട്ടികൊണ്ടുവന്നാക്കി. പണം കിട്ടിയാലേ അവര് കൊണ്ടോവു ള്ളൂ."

മീരയുടെ മുഖം അസ്വാസ്ഥ്യം കൊണ്ട് ചുളിയുന്നത് ശങ്കരൻ നോക്കി നിന്നു. ഇനി കേൾക്കാൻ പോകുന്നത് എന്താവും?

"അത് കിട്ടാനാണോ നീയിപ്പോൾ വന്നത്?"

"അത് കൊടുത്താൽ അവര് എന്നെ കൊണ്ടോവും"

നീ ഇവിടെ വരുന്ന കാര്യം അച്ഛന റിയ്യോ?"

"ഇല്ല്യാ ഞാൻ വേറെ ഒരു വഴിക്ക് പോവുന്നു എന്നാണ് പറഞ്ഞത്"

തന്റെ മുന്നിലിരിക്കുന്ന ആ സ്ത്രീകോലത്തിനെ, തന്റെ അനുജ ത്തിയെ മീര നോക്കി കൊണ്ടേ ഇരു ന്നു.

"ഏടത്തി തര്വോ?"

"തരാം. പക്ഷേ ഞാൻ പണം തരു ന്നത് നിനക്ക് പതിനായിരത്തിന്റെ ഭർത്താവിനെ വാങ്ങാനല്ല. നിയ്യ് തുന്നൽ ക്ലാസിൽ പോയി തുന്നൽ പഠി ച്ചിരുന്നില്ലേ?"

"ഉവ്വ്"

"ഞാൻ മിഷ്യൻ വാങ്ങി തരാം. റെഡി മെയ്ഡ് ഷോപ്പുകളിലേക്കുള്ള ഓർഡറുകളും വാങ്ങി തരാം. നിനക്ക തുകൊണ്ട് ജീവിക്കാൻ സാധിക്കും. അപ്പോൾ പതിനായിരം കൊടുക്കാതെ തന്നെ നിനക്ക് ഭർത്താവിനേയും കിട്ടും."

"ഏടത്തി എന്താ പറയണത്".

രാധയുടെ ശബ്ദം പെട്ടെന്ന് ഉയർന്നു. അവളുടെ ചെങ്ങിയകണ്ണുകളിൽ രൗദ്ര ഭാവം.

'ഏടത്തിക്ക് പണം തരാൻ വയ്യങ്കി അതുപറഞ്ഞാ മതി"

നിനക്ക് പണം തരാൻ എനിക്കൊരു മടിയുമില്ല. നിങ്ങൾ ഒരുമിച്ച് ജീവിതം തുടങ്ങിയിട്ട് ബുദ്ധിമുട്ട് വരുമ്പോൾ സഹായിക്കാനാണെങ്കിൽ എത്ര പണവും ഞാൻ തരും. ഒടുവിൽ വല്ല്യേട്ടത്തിയുടെ അനുഭവം വന്നാലോ?"

"എന്നോട് അതൊന്നും പറയാൻ വര ണ്ട. രാധ ഇടയിൽ കടന്ന് തട്ടി കയറി. എത്ര തുന്ന്യാലും മുറിച്ചാലും ഒരു പെണ്ണിന് ഒറ്റക്ക് കഴിഞ്ഞുകൂടാൻ പറ്റി ല്ല്യ. ഒന്നുല്ലെങ്കിൽ നാട്ടാരെ പേടി ക്കണ്ടേ?"

മീര അവളുടെ മുഖത്തേക്ക് ദയനീയ മായി നോക്കി. ആ പറയുന്ന വാക്കുക ൾ രാധയുടേത് മാത്രമാണോ?. ജീർണ്ണിച്ച് നാറിയ ഒരു സമൂഹത്തിന്റേ താണ്. ഇരുളടഞ്ഞ, ദുർഗന്ധം വമി ക്കുന്ന ഒരു കാലഘട്ടത്തിന്റേതാണ്. ദീർഘകാലമായി ഒരു വർഗ്ഗത്തെ മുഴു വൻ അടിച്ചുതാഴ്ത്തിയ ഒരു മാനദണ്ഡ തയുടെ. ഇവളോടിനി എന്താണ് പറ യുക. പറഞ്ഞിട്ടെന്താണ് പ്രയോചനം?

സിസ്റ്റർ മീര നെടുവീർപ്പിട്ടുകൊണ്ട് എഴുന്നേറ്റു. അലമാരിതുറന്ന് ചെക്ക്ബുക്കെടുത്തു. അക്കങ്ങളും അക്ഷരങ്ങളും നീട്ടി എഴുതി ചുവടെ ഒപ്പിട്ടും ചെക്ക് രാധയുടെ നേരെ നീട്ടി–

"ഇതാ നീ ആവശ്യപ്പെട്ടതിന്റെ ഇരട്ടി യുണ്ടിതിൽ. ബാക്കിയുള്ളത് വല്ല്യേട ത്തിക്ക് കൊടുക്കണം".

രാധ അത് വാങ്ങി മടക്കി ചെറിയ പെഴ്സിലിട്ട് ജാക്കറ്റിന്റെ ഉള്ളിലേക്കി ട്ടു. ഒന്നു ചിരിക്കുകപോലും ചെയ്യാതെ പറഞ്ഞു.

"ഞാൻ പോണു".

"ഉം".

അവൾ ശങ്കരനേയും കൂട്ടി വാതിൽക്കലേക്ക് നടന്നു. പുറത്തി റങ്ങി നേരെ പോവുകയും ചെയ്തു. അത് നോക്കിനിന്ന മീര ഹൃദയഭാര ത്തോടെ തന്നത്താൻ പറഞ്ഞു–

ദാരിദ്ര്യം തുപ്പിയിടുന്ന അജ്ഞത എത്ര ക്രൂരമായതാണ്.

അപ്പോൾ മറ്റൊരു ഇറങ്ങിപ്പോ ക്കാണ് ഓർമ്മ വന്നത്. മുപ്പത്തഞ്ചു കൊല്ലാം മുമ്പത്തെ സംഭവം. താൻ എസ്.എസ്.എൽ.സി. ഫസ്റ്റ് ക്ലാസ്സായ കൊല്ലം സർട്ടിഫിക്കറ്റും വാങ്ങി വീട്ടിൽ വന്നതായിരുന്നു. മനസ്സിൽ നൂറായിരം മോഹങ്ങൾ കിടന്ന് ഓളംവെട്ടുന്നു. ഇനിയും പഠിക്കണം. ജോലിയെടുക്ക ണം. സ്വന്തം കാലിൽ നിന്ന് ജീവിക്ക ണം.

ഉമ്മറത്തേക്ക് കയറിയപ്പോൾ അച്ഛൻ മുളം തുണൂം ചാരി ഗൗരവഭാവത്തിൽ നിൽക്കുന്നു. അടുത്തുതന്നെ അപരി ചിതർ. അവരുടെ നോട്ടം അന്ന് തീരെ പിടിച്ചില്ല. തലതാഴ്ത്തിക്കൊണ്ട് വേഗ ം അകത്തേക്ക് കടന്നു. അപ്പോൾ കുഞ്ഞേ്യടത്തിയാണ് പറഞ്ഞത്–

"നെന്നെ കാണാൻ വന്നോരാ"

"എന്തിനാ എന്നെ കാണുന്നത്?"

അതുകേട്ടിട്ടും കുഞ്ഞേ്യടത്തിയുടെ ചുണ്ടിൽ അർത്ഥഗർഭമായ മന്ദ സ്മിതം. "കുഞ്ഞേ്യടത്തി കാര്യം പറയൂ" തന്റെ ശബ്ദം മൂത്തു.

"നെന്റെ പോടമുറിനിശ്ചയിക്കാൻ"

ഏ? ആ ഒറ്റപ്പുര ആകെ കിടന്ന് കുലുങ്ങി ആ ചോദ്യത്തിൽ–

"അച്ഛന്റെ ബുദ്ധിമുട്ടുനോക്കണ്ടേ? അച്ഛൻ അവർക്ക് വാക്കു കൊടുത്തി രിക്കുന്നു."

കുഞ്ഞേ്യടത്തി വക്കാലത്തിന് വരി കയാണ്.

എനിക്ക് പഠിക്കണം. ജോലിയെടു ക്കണം."

'ഒരു ആൺതുണയില്ലാതെ കഴിയാ നാവ്വോ?

അത് കേട്ടപ്പോൾ അന്ന് അറപ്പാണ് തോന്നിയത്. "എനിക്ക് തുണ ഞാൻ തന്നെയാണ്".

അച്ഛന്റെ മുഖത്തു നോക്കിയും അതു തന്നെ പറഞ്ഞു. പിന്നീടുണ്ടായത് എന്തൊക്കെയാണ്?. അച്ഛൻ ഒരു സംഹാരരുദ്രനായിത്തീർന്നു. മകൾ അച്ഛന്റെ മാനം കെടുത്തി എന്ന് ഒരു പരാതി.

"ഒന്നു രണ്ടല്ല. നാലെണ്ണത്തിനെ പിടിച്ച് ഓരോരുത്തരെ ഏൽപ്പിക്കണം. ചില്ലറ കഷ്ടപ്പാടാണോ? എന്നാൽ, ഒരു ഭാരം ഒഴിഞ്ഞു എന്നു വിചാരിച്ചതാണ്. അപ്പോൾ, പെണ്ണിന്റെ ഒരു ധിക്കാരം."

"എന്നെ ആരെയും ഏൽപ്പിക്കണ്ട. ഞാനാർക്കും ഒരു ഭാരമാവുകയുമില്ല. ആരുടെയെങ്കിലും പുറത്തൊട്ടിതൂ ങ്ങാൻ എന്നെയൊട്ട് കിട്ടുകയുമില്ല." ധൈര്യത്തോടെ തന്നെ താൻ ഉറച്ചു നിന്നു.

അമ്മ കണ്ണീരോലിപ്പിച്ച് അടുത്തു വന്ന് ഉപദേശിച്ചു. "ഒന്ന് സമ്മതിക്കു മോളെ".

"ഇല്ല്യ. എനിക്ക് പഠിക്കണം. ജോലി യെടുക്കണം. സ്വതന്ത്രമായി ജീവി ക്കണം."

അപ്പോൾ അച്ഛന്റെ അന്ത്യശാസ നവും വന്നു.

"കടക്ക് പൊറത്ത്. തോന്ന്യാസം കാട്ടി കഴിയണോര് ഇവിടെ നിക്കണ്ട." സങ്കോചം തോന്നിയില്ല. അന്ന് വല്ല്യേ ടത്തി വടക്കേ കുട്ട്യറയിലക്ക് വിളിച്ച് സ്വകാര്യം പറഞ്ഞത് ഇന്നും ഓർക്കുന്നു–

"എന്റെ ഗതി നിനക്കെങ്കിലും വരാ തിരിക്കട്ടെ മീരെ. നിയ്യ് പഠിച്ച് ജോലി യെടുക്കുക തന്നെ വേണം. എനിക്ക് വല്ല്യ മോഹായിരുന്നു പഠിക്കാൻ. അച്ഛനെ തെറ്റി നടക്കാൻ അന്ന് ധൈര്യ മുണ്ടായില്ല. നെനക്ക് അതിന് സാധി ക്കണം."

അമ്മയുടെ തോരാത്ത കണ്ണുനീരും ക്രോധം കൊണ്ടുതുള്ളുന്ന അച്ഛന്റെ രൗദ്രതയും കണ്ടുകൊണ്ട്തന്നെ അന്ന് പുറത്തിറങ്ങി. എന്തുകൊണ്ടോ നല്ല ശുഭാപ്തിവിശ്വാസമുണ്ടായിരുന്നു. വിശാലമായ ഈ ലോകം അത്ര ചീത്ത യൊന്നുമല്ല. സത്യത്തിൽ ഈ ലോക ത്തിന്റെ മാറിലേക്ക് ഒറ്റയ്ക്ക് എടുത്തെ റിയപ്പെടുകതന്നെയാണ് അന്നുണ്ടായ ത്. എന്തെല്ലാം കണ്ടു! അനുഭവിച്ചു! സ്വീകരിച്ചു. തിരസ്കരിച്ചു. അതിനിട യിൽ ഒന്നു മാത്രം മറന്നു ഒരു ആൺ തുണയെ തേടിപ്പിടിക്കൽ. എന്നാലും പിന്നിലേക്ക് തിരിഞ്ഞു നോക്കുമ്പോൾ ഒരു കാര്യം സിസ്റ്റർ മീരയ്ക്ക് ഉറപ്പു തോന്നി– താനെടുത്ത തീരുമാനം ഒട്ടും പിഴച്ചിട്ടില്ല.

അവർ നെടുവീർപ്പിട്ടുകൊണ്ട് വീണ്ടും ബാൽക്കണിയിൽ വന്നു. മുന്നിലെ കടൽ അപ്പോഴും കിടന്ന് അമ റുകയാണ്. ■

കഥ



രാജൻ ചിന്നങ്ങത്ത്

# സ്നേഹത്തിന്റെ നിറം



പഞ്ചായത്തുകിണറും വാകമരങ്ങളും പഴയ ചെറിയ പീടികക്കെട്ടിടങ്ങളുമുള്ള ജംഗ്ഷനിൽ, ചുവന്ന ട്രാൻസ്പോർട്ടുബസ്സ് ഇരമ്പിക്കൊണ്ട്നിന്നു.

ദൂരെ തലസ്ഥാനത്തുനിന്നും പകലെപ്പോഴോ പുറപ്പെട്ട ഫാസ്റ്റ് പാസഞ്ചർ.

പഴയ ലെതർബാഗും തൂക്കിപ്പിടിച്ച് ഇറങ്ങി.

വളരെ വൈകിക്കഴിഞ്ഞ രാത്രി.

നവംബർ ആരംഭിക്കുന്നതേയുള്ളൂ. എന്നിട്ടും ഇരുട്ടിന് തണുപ്പ് തോന്നിച്ചു.

വഴിവിളക്കിന്റെ പ്രകാശത്തിൽ വാച്ചിൽ നോക്കി; രണ്ടുമണി കഴിഞ്ഞിരിക്കുന്നു.

ബാഗിൽനിന്നും ടോർച്ചെടുത്തു കൊണ്ട് നടന്നു.

പഴയ പാത, പഴയ കെട്ടിടങ്ങൾ.

കാര്യമായ മാറ്റങ്ങളൊന്നുമില്ല.

ആറു വർഷങ്ങൾ... എന്നിട്ടും അല്പം പോലും അപരിചിതത്വം തോന്നുന്നില്ലല്ലോ എന്നത്ഭുതത്തോടെ ഓർത്തു.

കോൾപ്പാടത്തിന്റെ അരികിലൂടെയുള്ള ചെറിയ കൈവഴിയിലൂടെ നടന്നു. പാടത്ത് ശബ്ദമുണ്ടാക്കുന്ന ചീവീടുകളും പ്രാണികളും. പടിഞ്ഞാറനാകാശത്ത്, ചെറിയ വെളിച്ചം മങ്ങിയ ചന്ദ്രൻ.

കോൾപ്പാടത്തിന്റെ സ്വന്തമായ ഇളംകാറ്റ്.

ഓർമ്മിച്ചുപോയി: ഈ കുളിർകാറ്റേറ്റുകൊണ്ട്, ഹൃദയം മുഴുവൻ സന്തോഷവുമായി, ഈ കൈവഴിയിലൂടെ നടക്കുമായിരുന്ന കാലങ്ങൾ.

എല്ലാം മറന്നെന്നു കരുതിയിരുന്നതാണ്. അങ്ങനെ തന്നത്താൻ പറഞ്ഞവസാനിപ്പിച്ചിരുന്നതാണ്.

പെൻസിലുകൊണ്ടെഴുതിയ ആ ഇൻലാന്റ് ലെറ്റർ, ഇന്നു രാവിലെ കയ്യിൽ വന്നു ചേർന്നപ്പോൾ വിസ്മയത്തോടെ, തിരമാലകൾപോലെ അലച്ചുവരുന്ന ഓർമകളെ നോക്കി, എത്രനേരമിരുന്നു, എത്രനേരം.......

ഓർമ്മകൾ ഒരിക്കലും മരിക്കുന്നില്ല.

അല്ലെങ്കിലിപ്പോൾ, ഈ അസമയത്ത്, ജീവിതത്തിലെ എല്ലാം നഷ്ടപ്പെട്ടിട്ടും, ഇതിലൂടെ വരാൻ ബദ്ധപ്പെടുമായിരുന്നുവോ? എന്തു നേടാനാണ്? എന്തു പ്രയോജനമുണ്ടായിട്ടാണ്?

വടിവില്ലാത്ത അക്ഷരങ്ങൾ–

'അപ്പുണ്ണ്യേട്ടന്,

ഇങ്ങനെ ഒരു കത്തു പ്രതീക്ഷിക്കുന്നുണ്ടാവില്ല. ക്ഷമിക്കണം.

ഇവിടെ മുത്തശ്ശി തീരെ കിടപ്പിലാണ്. സദാനേരവും കരച്ചിൽതന്നെ. ഇടയ്ക്കിടെ ബോധം പോകും. ബോധം വീണാൽ അപ്പുണ്ണ്യേട്ടനെ വിളിക്കും

ചേച്ചിയോടുള്ള വിരോധം ഞങ്ങളോടൊക്കെ കാണുമെന്നറിയാം. എന്നാലും മുത്തശ്ശിയുടെ ഒടുവിലത്തെ ആശ എഴുതി അറിയിക്കയാണ്.

അപ്പുണ്ണ്യേട്ടന് സുഖമെന്നു കരുതുന്നു.

എന്ന്, വിശാലം.

ആ കത്തിനെക്കുറിച്ചോർത്തപ്പോൾ വിശാലത്തെക്കുറിച്ച് ഓർത്തു. ആറുവർഷം മുമ്പ് ഒരു ചെറിയ കുട്ടിയായിരുന്നു. ഇപ്പോഴവൾ വളർന്നുകാണും.

നിന്നോടെനിക്കെന്തിനു വിരോധം കുട്ടീ?

ഒരു പക്ഷേ, നിന്റെ ചേച്ചി ജീവിച്ചിരുന്നെങ്കിൽതന്നെ, എനിക്കവളോടു വിരോധം തോന്നുകയില്ലായിരുന്നു. പക്ഷേ, അവളിന്നില്ല. ജീവിതത്തിന്റെ നല്ല വശങ്ങളെക്കുറിച്ചു മാത്രം ചിന്തിക്കുകയും, ഒരു ജീവിതക്കാലം മുഴുവനും ആനന്ദ

ചഷകം കോരിക്കുടിക്കാമെന്ന് വ്യാമോഹിക്കുകയും ചെയ്ത ഒരു യുവതി.

വിശാലം, ചേച്ചിയെക്കുറിച്ച് എനിക്കിന്ന് സഹതാപമേയുള്ളു.

ജീവിതത്തെക്കുറിച്ച് ഒന്നുമറിഞ്ഞുകൂടാത്ത ഒരു പൊട്ടിയായിരുന്നു അവൾ.

എന്നെ അവൾ കഠിനമായി വേദനിപ്പിച്ചിട്ടുണ്ട്. എന്റെ ഏറ്റവും സുന്ദരമായ സ്വപ്നങ്ങളെ ഒരു പളുങ്കുപാത്രം നിലത്തിട്ടുടയ്ക്കുന്ന ലാഘവത്വത്തോടെ ഉടച്ചു കളഞ്ഞിട്ടുണ്ട്. ഉപദേശിക്കുകയും സ്നേഹത്തിന്റെ മൂല്യത്തെപ്പറ്റി പറയുകയും ചെയ്തപ്പോൾ ബധിരയെപ്പോലെ നിന്നവളാണ്.

'അച്ഛനെപ്പറ്റി അപ്പുണ്ണ്യേട്ടനറിയാലോ. പിന്നെന്തിനാ ഇങ്ങന്യൊക്കെ പറയിണ്? അച്ഛന്റെ മുമ്പില് എന്റെ ഇഷ്ടങ്ങൾക്കെന്താ വെല?

'എന്നാലും വിമലേ, ഒന്നെതിർത്തുനോക്ക്. ഇഷ്ടംല്യാന്ന് പറഞ്ഞുനോക്ക്'.

'എതിർത്താലും ഫലംല്യാന്ന് അറിഞ്ഞൂടേ? ഞാനെന്താ ചെയ്യാ?

പിന്നെ ഒന്നും പറയാൻ തോന്നിയില്ല. നിരാശയും അമർഷവും നിറഞ്ഞ ഹൃദയത്തോടെ നിന്നു. ഉഗ്രമായ രോഷാഗ്നി മനസ്സിൽ കത്തിപ്പടരുകയായിരുന്നു.

അച്ഛനെ ക്രൂരതയുടെയും ആജ്ഞാശക്തിയുടെയും പ്രതീകമാക്കികാണിച്ച്, അതിനുപിന്നിലൊളിക്കാനാണവൾ ശ്രമിച്ചത്. ഏറ്റവും താഴ്ന്നതരം ഒരഭിനയം.

വർഷങ്ങളുടെ പഴക്കമുള്ള ഒരു സ്നേഹബന്ധം. എത്ര നിസ്സാരമായി അവളതിനെ കണക്കാക്കുന്നു എന്നപ്പോഴാണ് മനസ്സിലാവുന്നത്.

പുതിയതായി ലഭിക്കാൻ പോകുന്ന ഭർത്താവ്. അയാളെക്കുറിച്ചുള്ള ഭാവനകൾക്ക് അഴകും ഭംഗിയും കൂടുതലുള്ളതായി തോന്നിയിരിക്കണം. പുറമേ, ആ ബന്ധത്തിന്റെ മേന്മകളെക്കുറിച്ചുള്ള, വർണ്ണശബളമായ അച്ഛന്റെ വിവരണങ്ങളും.

ആത്മബന്ധത്തിനും പ്രേമത്തിനും ഏറ്റവും കുറഞ്ഞ നാണയങ്ങളുടെ വിലയേ അവൾ കല്പിച്ചിരുന്നുള്ളൂ.

പാടത്തിറങ്ങി മണൽവരമ്പിലൂടെ നടന്നു. പഞ്ചസാരപോലുള്ള മണൽ നിലാവിൽ തിളങ്ങി. മണലിലൂടെ ചെരിപ്പിട്ടു നടക്കുമ്പോൾ കാലു കുഴഞ്ഞു.

അനവധി പേരുണ്ടായിരുന്ന ആ കുടുംബം-അതിലിനി അവശേഷിക്കുന്നത് രണ്ടു തലമുറകളുടെ പ്രാതിനിധ്യം വഹിക്കുന്ന രണ്ടുജീവികൾ മാത്രം.

മുത്തശ്ശി.....

വിശാലം.....

ഓർക്കുമ്പോൾ ഭയവും ദുഃഖവും തോന്നുന്നുണ്ട്. ഒപ്പം കുറ്റബോധവും. പാവപ്പെട്ട ആ കുടുബത്തിന്റെ ശോചനീയാവസ്ഥ ഇത്രകാലവും മറന്നുവച്ചതെന്താണ്? സഹായിക്കാൻ മറ്റാരുമില്ലാത്ത കുടുംബം. വീട്ടുവളപ്പിൽനിന്നും ലഭിക്കുന്ന തുച്ഛമായ വരുമാനംകൊണ്ട് നാളുകൾ തള്ളിനീക്കേണ്ട ഗതികേട്......

ഗ്രാമപാതയിൽ, നഗരായി കെട്ടിപ്പിടിച്ചു കിടക്കുന്ന നിഴൽപ്പാളികളും നിലാവും.

വിശാലം എന്തെടുക്കുകയാവും? നല്ല ഉറക്കമായിരിക്കും. അല്ലെങ്കിൽ മുത്തശ്ശിയെ പരിചരിച്ച്, മങ്ങിക്കത്തുന്ന വിളക്കിനോടൊപ്പം, മറ്റൊരു മണ്ണെണ്ണ വിളക്കുപോലെ, അവളും ഉറങ്ങാതെ ഇരിക്കുകയായിരിക്കും.

കത്തിടുമ്പോൾ താൻ വരുമെന്നവൾ പ്രതീക്ഷിച്ചിരിക്കുകയില്ല. ഇത്ര പെട്ടെന്ന് ഒരിക്കലും. ആറു വർഷമായി ഒരു കത്തുപോലുമയക്കാതിരുന്ന ആളല്ലേ? അവൾക്കങ്ങിനെ കരുതാൻ തീർച്ചയായും ന്യായങ്ങളുണ്ട്.

മുള്ളുവേലി എടുത്തുമാറ്റി മുറ്റത്ത് ചെന്ന് നിന്ന്, പതുക്കെ വിളിച്ചു: 'വിശാലം, വിശാലം'

സ്വല്പം കഴിഞ്ഞപ്പോൾ അകത്ത് വിളക്ക് തെളിഞ്ഞു.

ജനലിലൂടെ പുറത്തേയ്ക്കൊഴുകി വരുന്ന കുഴമ്പിന്റെയും മരുന്നുകളുടേയും മടുപ്പിക്കുന്ന ഗന്ധം.

'മുത്തശ്ശീ, പുറത്താരോ വിളിക്കണ്.'

'ഏ? ആരാ? എന്നിട്ട് സ്വല്പം സ്വരമുയർത്തി മുത്തശ്ശി ചേദിച്ചു: 'ആരാദ് ഈ പാതിരയ്ക്ക്?

'കതകൊന്നു തുറക്കൂ വിശാലം.'

വിശാലം കതകു തുറന്നു. ഒരു കയ്യിൽ വിളക്കുമായി ഉറക്കച്ചടവോടെ നില്ക്കുന്ന രൂപം.

നടുക്കമാണുണ്ടായത്. പിന്നെ വിസ്മയത്തോടെ ഓർത്തു: വിമലയുടെ അതേ രൂപം. ചേച്ചിയുടെ തനിപ്പകർപ്പായ അനുജത്തി.

അവൾ സൂക്ഷിച്ചു നോക്കുന്നു. ഉറക്കം തൂങ്ങുന്ന കണ്ണുകൾ പെട്ടെന്നു തിളങ്ങി. മുഖം വികസിച്ചു. അവൾ ആഹ്ലാദത്തോടെയോ, സങ്കടത്തോടെയോ, വിളിച്ചുപറഞ്ഞു 'മുത്തശ്ശീ, അപ്പുണ്ണ്യേട്ടനാണ്.'

'ഏങ്?'

മെല്ലെ ഇറയത്തു കയറി. ലതർബാഗ് ചുമരരികിൽ വച്ച് മുത്തശ്ശിയുടെ കട്ടിലിനടുത്തേക്കു ചെന്നു.

ഒരക്ഷരം മിണ്ടാൻ വയ്യാതായിക്കഴിഞ്ഞിരുന്നു. ചങ്കുവിങ്ങുന്നു, നെഞ്ചു കഴയ്ക്കുന്നു. കണ്ണുകളിൽ നനവു പുരളുന്നു.

'വിശാലോ, ഞാൻ സ്വപ്നം കാണ്വന്നും അല്ലല്ലോ–'

'അല്ല മുത്തശ്ശീ'. അവൾ പറഞ്ഞു: 'അപ്പുണ്ണ്യേട്ടൻ തന്ന്യാണ്'. ഞാൻ പറഞ്ഞില്ലേ ഒരെഴുത്തിട്ടാ അപ്പുണ്ണ്യേട്ടൻ വരാണ്ടിരിക്കില്യാന്ന്' എന്നിട്ടവൾ ചോദിച്ചു: 'എന്റെ എഴുത്തുകിട്ടില്യേ അപ്പുണ്ണ്യേട്ടാ?'

തലകുലുക്കി.

അവളുടെ ഉറക്കവും ക്ഷീണമുമെല്ലാം മാറിയിരിക്കുന്നു. അവളൊരു ദീപം പോലെ ജ്വലിക്കുന്നു.

'കുട്ടാ, നീ വന്നു അല്ലേ? എത്ര കാലമായി നിന്നെ ഒന്നു കാണാൻ കൊതിക്കുന്നു.' പെട്ടെന്ന് ആ കുഴിഞ്ഞ കണ്ണുകളിൽ തടാകം പോലെ കണ്ണുനീർ .

എന്താണൊന്നും മിണ്ടാൻ കഴിയാത്തത്? ശബ്ദം തൊണ്ടയിൽ അടഞ്ഞുപോയതുപോലെ.

'അപ്പുണ്ണ്യേട്ടനെ കണ്ടപ്പോ പെട്ടെന്നെനിക്ക് മനസ്സിലലായില്യ!' വിശാലം കൈവിരൽ കടിച്ചുകൊണ്ട് പറഞ്ഞു:

'അഞ്ചാറുകൊല്ലമായില്ലേ കണ്ടിട്ട്?'

ഈ കട്ടില്മ്മെ ഇരിക്കൂ കുട്ടാ–മുത്തശ്ശി പറഞ്ഞു: കസേര്യൊന്നും ഇല്യാ.

മുറി മുഴുവൻ ദുർഗ്ഗന്ധമായിരുന്നു. എങ്കിലും അതസഹ്യമായി തോന്നിയില്ല. പ്രിയപ്പെട്ട മുത്തശ്ശി. ഒരു കാലത്ത് അപ്പുണ്ണിയെ പ്രാണനായികൊണ്ടുനടന്ന മുത്തശ്ശി.

വേഗം കട്ടിലിലിരുന്നു.

മുത്തശ്ശി ചുക്കിച്ചുളിഞ്ഞ കൈ മെല്ലെ പൊക്കി പുറത്തു പിടിച്ചു.

'കണ്ണുകാണാൻ വയ്യാണ്ടായി കുട്ട്യേ? എത്രകാലമായീന്നോ ഈ കെടപ്പ് തൊടങ്ങീട്ട്. കാലനും വേണ്ടാണ്ടായിന്നാ തോന്നണ്.'

'അപ്പുണ്ണ്യേട്ടൻ ഒരക്ഷരം പോലും മിണ്ടീണില്യല്ലോ–'

എന്നു വിശാലം പറഞ്ഞു കഴിഞ്ഞതും, നിയന്ത്രണങ്ങൾ തകർന്ന് പൊട്ടിക്കരഞ്ഞതും ഒന്നിച്ചായിരുന്നു. മനസ്സിൽ ഘനീഭവിച്ചു നിന്ന അസ്വാസ്ഥ്യങ്ങൾ, അവ തടംതല്ലിയൊഴുകി.

'എന്താദ് കുട്ടീ? എന്താത്? മുത്തശ്ശി പരിഭ്രമിച്ചു. പിന്നെ തികഞ്ഞ നിശ്ശബ്ദതയായിരുന്നു. മൂന്നു ഹൃദയങ്ങളും ദുഃഖത്തിന്റെ കയങ്ങളിൽ.

തലയുയർത്തി നോക്കി: കൈത്തണ്ടകൊണ്ട് കണ്ണു തുടച്ചു വിശാലം ഇരുട്ടിലേയ്ക്ക് നീങ്ങിനില്ക്കുന്നു.

മുത്തശ്ശി തന്നെ ആ നിശ്ശബ്ദത ഭഞ്ജിച്ചു: മോളേ, കുട്ടനെന്താ കൊടുക്ക്വാ? ഒന്നും കഴിച്ച്ണ്ടാവ്ല്യ്യാ'.

'കാപ്പിയുണ്ടാക്കട്ടേ അപ്പുണ്ണ്യേട്ടാ? അല്ലെങ്കിൽ ചോറിരിപ്പുണ്ട്. വിളമ്പട്ടെ?'

'മോരില്ല്യേ മോളേ? രണ്ടു പച്ചമൊളകും ഉള്ളീം അരിഞ്ഞിട്ടൊന്നു കലക്ക്യാ മതി. മോരുണ്ടായാൽ അവന് വേറെ കറിയൊന്നും വേണ്ട.' മുത്തശ്ശി പറഞ്ഞപ്പോൾ, ഹൃദയം വീണ്ടും കുതിരുന്നതറിഞ്ഞു. തന്റെ പഴയ ഇഷ്ടാനിഷ്ടങ്ങൾ വർഷങ്ങൾ കഴിഞ്ഞിട്ടും, മരണശയ്യയിലേയ്ക്ക് വീണു കിടക്കുന്ന ഈ വൃദ്ധ ഇന്നും അതൊക്കെ ഓർത്തുകൊണ്ടിരിക്കുന്നു.

'എന്നാലും ഇത്ര കാലോം ഇതിലേ ഒന്നു വരാൻ തോന്നില്ലല്ലോ കുട്ടാ. ഞാനെന്നും കരുതും. ഇന്നുവരും നാളെ വരുംന്ന്.......'

ഓർമ്മകൾ. നൂറുനൂറോർമ്മകൾ........

തന്റെ നിഴലു കാണുമ്പോഴേയ്ക്കും വിമലയെ വിളിക്കുമായിരുന്ന മുത്തശ്ശി. അവളെ വിവാഹാനന്തര ജീവിതത്തെക്കുറിച്ചു പറഞ്ഞ് കളിയാക്കുമായിരുന്ന മുത്തശ്ശി. താൻ വന്നാൽ, തനിക്കിഷ്ടപ്പെട്ട കറികളും പലഹാരങ്ങളുമുണ്ടാക്കാൻ നിർദ്ദേശം കൊടുക്കുമായിരുന്ന മുത്തശ്ശി.

'വിമല കഥയില്ലാത്തവളായിപ്പോയി. അവൾ കുട്ടനെ വേദനിപ്പിക്കേം ചെയ്തു. എന്നാലും ഞാനും ഈ കൊച്ചുമോളും എന്ത് തെറ്റ് ചെയ്തു മോനേ?'.

'എന്നോട് ക്ഷമിക്കണം മുത്തശ്ശി–' എങ്ങിനെയോ ശബ്ദം പുറത്തുവന്നു: 'ഇങ്ങോട്ട് വരാനുള്ള കരുത്ത് കിട്ടാഞ്ഞിട്ടാണ്.'

'എങ്ങിനെ കഴിഞ്ഞ ഒരു വീടാ–' മുത്തശ്ശി ഓർമ്മകൾക്കപ്പുറത്തു നിന്ന് പറഞ്ഞു: 'എല്ലാം കെട്ടടങ്ങി. ഇപ്പോ കാലന്റെ വിളി കാത്തിരിക്കണ ഞാനുണ്ട്. ഒരു എട്ടും പൊട്ടും തിരിയാത്ത ഈ കുട്ടിയും ഉണ്ട്'.

'പത്ത് പതിനേഴു വയസ്സായ ഒരു പെങ്കുട്ട്യല്ലേ? അവളെങ്ങടാ പൂവ്വാ, എന്റെ കാലം കഴിഞ്ഞാ? അതാപ്പൊ എന്റെ ഉള്ളിലെ തീയ്.'

അതൊരു യാഥാർത്ഥ്യമാണ്. ജ്വലിക്കുന്ന സത്യം. മുത്തശ്ശിയുടെ വേവലാതിക്കർത്ഥമുണ്ട്.

'വരൂ അപ്പുണ്ണ്യേട്ടാ, ഉണ്ണാം.'

വാതില്ക്കൽ വിശാലത്തിന്റെ മുഖം.

'ചെല്ല് മോനെ, നേരം വെളുക്കാറായീന്നാ തോന്നണ്.'

വടക്കുപുറത്തെ തിണ്ണയിലേയ്ക്ക് നയിച്ചു വിശാലം. അവൾ കൈ കഴുകാൻ മൊന്തയിൽ നിന്ന് ജലമൊഴിച്ചുതന്നു. വളരെ അടുത്താണവൾ നില്ക്കുന്നത്. വിയർപ്പിന്റെ നല്ല മണം.

അവൾ പറഞ്ഞു: 'ഞാൻ കരുതി അപ്പുണ്ണ്യേട്ടൻ വര്ല്യാന്ന്.'

'കത്ത് കിട്ടിയ ഉടനെ പോന്നു.'

ചുമരിനോട് ചേർത്തിട്ട തടുക്കുപായിൽ ഇരുന്നു. മുന്നിൽ ഇലയിട്ട് അവൾ ഊണ് വിളമ്പി.

'കൂട്ടാൻ തണുത്തതാണ്.'

'സാരംല്യാ'. എന്നിട്ട് ചോദിച്ചു: ഞാൻ ഈ നേരത്ത് വന്നത് ബുദ്ധിമുട്ടായി അല്ലേ?'

'ബുദ്ധിമുട്ടോ?' അവൾ ചോദിച്ചു: 'അപ്പുണ്ണ്യേട്ടനല്ലാണ്ട് ഈ വീട്ടിലേയ്ക്ക് വരാൻ ആരുംല്യാ.'

'ഒരിക്കലും ഇതിലെ വരണമെന്നാഗ്രഹിച്ചതല്ല. എന്നിട്ടും വിശാലത്തിന്റെ കത്ത് കിട്ടിയ ഉടനെ പോരണമെന്ന് തോന്നി.' എന്നിട്ട് തുടർന്നു: 'വിശാലം വലുതായിപ്പോയി. ആറുകൊല്ലം മുമ്പൊരു പീക്കിരിപ്പെണ്ണായിരുന്നു.'

അത് പറഞ്ഞു നോക്കിയപ്പോൾ തുടുക്കുന്ന മുഖം. അവൾ നാണിച്ചു തലതാഴ്ത്തി.

കുറെക്കഴിഞ്ഞവൾ പറഞ്ഞു: 'ചേച്ചിക്ക് ഒടുക്കം വല്യ മനസ്താപംണ്ടായിരുന്നു. മുത്തശ്ശി എത്ര പറഞ്ഞൂന്നോ മാപ്പു പറഞ്ഞുകൊണ്ട് അപ്പുണ്ണ്യേട്ടനെഴുതാൻ. എഴുതിയില്ല. ചേച്ചി വാശിക്കാര്യായിരുന്നൂലോ? ആ വാശികൊണ്ടാ ഇങ്ങന്യൊക്കെയുണ്ടായത്.'

ഭർത്താവുമായേറ്റുമുട്ടി തിരിച്ച് വീട്ടിലേയ്ക്ക് പോന്നു. അയാൾ വിളിക്കാൻ വന്നില്ല. അങ്ങോട്ടൊരിക്കലും പോയതുമില്ല.

ഒടുവിൽ അയാൾ പുനർവിവാഹം ചെയ്തു എന്നറിഞ്ഞപ്പോൾ—

ഒരു സാരിത്തുമ്പിൽ കുരുക്കിട്ട് അവൾ ജീവിതം അവസാനിപ്പിച്ചു.

വിവരങ്ങൾ അപ്പപ്പോൾ അറിഞ്ഞിരുന്നു.

വിശാലം കൈപ്പത്തി ചുമരിൽ വച്ച്, ചുമരും ചാരി നില്ക്കുന്നു. മുഷിഞ്ഞ പാവാട, നിറം പോയ ജാക്കറ്റ്, കറുത്ത സമൃദ്ധമായ മുടി, വലിയ കണ്ണുകൾ, തുടുത്ത കവിളുകൾ.

വിശാലം സുന്ദരിയാണ്.

വിദ്യാഭ്യാസമില്ലായിരിക്കാം. പരിഷ്ക്കാരമില്ലായിരിക്കാം.

പക്ഷേ, ഈ പെൺകുട്ടിക്കൊരു ഹൃദയമുണ്ടായിരിക്കും. ഹൃദയത്തിൽ സ്നേഹമുണ്ടായിരിക്കും ആ സ്നേഹം ഹൃദയം പോലെ ചുവന്നതായിരിക്കും.

ഊണ് മതിയാക്കി എഴുന്നേറ്റു. വിശാലം സ്വയമെന്നോണം പറഞ്ഞു: 'ഞാനെന്തൊരു പൊട്ട്യാ. അപ്പുണ്ണ്യേട്ടന് വരാൻ കത്തിട്ടു. എന്നിട്ടൊന്നും കരുതി വച്ചുംല്യ.'

'സ്വല്പം മുമ്പല്ലേ നീ പറഞ്ഞത്, ഞാൻ വരുമെന്ന് കുതിയില്ലെന്ന്.'

അവളതുകേട്ട് ചിരിച്ചു.

മുഖം കഴുകി, മുറ്റത്തിറങ്ങി നിന്നു. കുറെക്കൂടി തെളിഞ്ഞ നിലാവ്, തെങ്ങോലകളിലൂടെ ഒഴുകിവീഴുന്നു. തെങ്ങുകൾക്കിടയിലെ മണൽപൊലികളിൽ നിലാവിന്റെ ചാറ്.

എന്തെന്നില്ലാത്ത ഒരു സ്വസ്ഥതയും സമാധാനവും മനസ്സിന്. സ്വച്ഛമായ ആകാശംപോലെ തെളിഞ്ഞിരിക്കുന്നു മനസ്സ്. ഇതെങ്ങിനെ സംഭവിച്ചു?

'എന്താ അപ്പുണ്ണ്യേടൻ ഒറ്റയ്ക്ക് നിന്നാലോചിക്കണ്?'

വിശാലം അടുത്തേയ്ക്ക് വന്നു.

'നിന്നെപ്പറ്റിത്തന്നെ.'

'എന്നെപ്പറ്റ്യോ? എന്താദ്?'

'നീ എന്റെ ഒരു മറവിയായിപ്പോയിരുന്നു വിശാലം.'

'പക്ഷേ, ഞാനെന്നും അപ്പുണ്ണ്യേട്ടനെ ഓർക്കായിരുന്നു.'

'എന്തിന്?'

'അറിഞ്ഞുകൂടാ.'

ചെറുകഥ

അക്ഷയ് ഗോപിനാഥ്

# ശേഷം

നേരത്തെ തണുത്ത കാറ്റ് വീശിയിരുന്നു. കോലായിലെ ചൂരൽക്കസേര അതിന്റെ ശീല തലയോടൊക്കെ പുതപ്പിക്കാൻ നോക്കിയതും ആ കാറ്റിലാണ്.

കാലിലെ കെട്ട് പൊട്ടിച്ച് ഒരപ്പൂപ്പൻ താടി കണക്കെ പാറാനാണ് കുഞ്ഞികൃഷ്ണൻ നായർക്ക് തോന്നിയത്.

എങ്ങനെ പാറിപോവാനൊക്കും അവൾ എന്നെ ഇവിടെ കൂട്ടി കെട്ടിയിട്ടല്ലെ പോയേ.

നാലു മൂലയും കൊത്തി കീറിയിട്ട മണ്ണിനിപ്പോഴും നനവൊട്ടിയിട്ടില്ല.

ആ അറടി ആദ്യേ പറഞ്ഞ് വെച്ചിരുന്നു കോലായിലിരുന്ന് ഒന്നേന്തിയാൽ കാണുന്ന ദൂരത്ത്.

ആദ്യമാര് എന്നതിനേ ചൊല്ലിയാണ് ചില്ലറ പൊട്ടലും ചീറ്റലുമുണ്ടായത്.

പച്ചപട്ടുള്ള പാവാടചുറ്റി"

പാടികൊണ്ടിരുന്ന മീനു ചോദിച്ചു

ഇതെങ്ങനെണ്ട് കുട്ട്യേട്ടാ?"

ചാരുപടിയിലിരുന്ന് പെട്ടെന്നാണാ ചോദ്യം കേട്ടത്.

അവിടിപ്പോ ഉത്തരത്തുന്ന് തൊഴിയുന്ന ഒറക്കുത്തിയ പൊടിയുണ്ട്. അതിലേയ്ക്ക് ഇടയ്ക്ക് പല്ലികൾ മത്സരിച്ച് ചാടുന്നത് കാണാം.

ഇച്ചിരി എഴുത്തിന്റെ സൂക്കേട് ഉണ്ടായിരുന്നോണ്ടായിരിക്കണം ആ ചോദ്യം.

കല്യാണ ശേഷം എളേ പെങ്ങള് വിളിക്കുമ്പോലെ തന്നെ വിളിച്ചു തുടങ്ങി! "കുട്ട്യേട്ടാന്ന്. "

തെക്കുന്നായിരുന്നു ആലോചന പറഞ്ഞ് വരുമ്പോ കുംടുബമായി വരുത്രെ.

മീനാക്ഷി!!

മീനിന്റെ കണ്ണുള്ളവൾ! ന്നിട്ടും മീൻ കൂട്ടാത്തെനെ പറ്റീം കുറെ വർത്താനണ്ടായിട്ടുണ്ട്.

തൊട്ടപ്രത്തെ പറമ്പിലാണ് മോന്റെ വീട്. അവനൊരുത്തനേ ഉണ്ടായിരുന്നുള്ളു. അച്ഛനൊന്നു റക്കെ വിളിച്ചാ പോരേന്നാ അവന്റെ ചോദ്യം. ഒച്ചത്തിൽ വിളിക്കാനും തോന്നാറില്ല.

വീതം വെച്ചു കിട്ടിയ വാതം കൊണ്ട് വേച്ച് അകത്തേക്ക് നോക്കുമ്പോഴും കേട്ടു അടുക്കളപ്പുറത്തൂന്ന് ശബ്ദം.

"അതങ്ങ് നീട്ടി തൊടക്കീൻ പെണ്ണേ. "

മിണ്ടാൻ പോയില്ല

അത് പതിവുള്ളതാണല്ലോ...

മഴയ്ക്കിപ്പോ പഴയ മണമോ ശബ്ദമോ ഇല്ല.

മഴ മാറിയതാണോ?

എയ് അല്ല. ഇന്നും പെയ്തില്ലേ ഇന്നലെ പെയ്ത് കണക്കെ.

മേശപ്പുറത്ത് കൂട്ടിയിട്ട പുസ്തകങ്ങൾക്കിടയിൽ കട്ടിക്കടലാസിൽ ആ ഒറ്റ വരി മാത്രം കണ്ടു.

"എന്താ കവിത്യാണോ??"

"എന്താ നിക്ക് എഴുത്യാ പറ്റൂലേ"

"പിന്നെന്താ"

അതിൽ പിന്നെ കൂടുതൽ എഴുതിയില്ലായിരിക്കാം.

ഉണങ്ങിയ വേഷ്ടിയും വെള്ള ഷർട്ടും കിടക്കയിൽ തന്നെ കണ്ടു. നായര് കട്ടിലിൽ ഇരുന്ന് കാലിലൂടെ വിരലോടിച്ചു.

കുഴമ്പിടാൻ അല്പം കൂടെ കാക്കാം. കഞ്ഞി കാലാക്കായിരിക്കും.

ജനലഴികൾക്കിടയിലൂടെ പുറത്തേക്ക് നോക്കി. കൊത്തിക്കീറിയിട്ട മണ്ണിലൂടെ ഇലത്തുമ്പുകൾ പൊന്തി വരുന്നതയാൾ കണ്ടു.

"അല്പം ഇതാണ് മൂപ്പത്ത്യാർടെ പാവാട"

നൂൽ മഴ തണുത്ത കാറ്റിനൊപ്പം ജനലഴികൾക്കിടയിലൂടെ അകത്തേയ്ക്ക് കയറി.

അയാളോടായി മന്ത്രിച്ചു.

"പച്ചപ്പട്ടുള്ള പാവാട ചുറ്റി .."

"ബാക്കി കൂടെ പാട്... കേൾക്കട്ടെ"

കുഞ്ഞികൃഷ്ണൻ നായർ ആരോടന്നില്ലാതെ പറഞ്ഞു.

ഉമ്മറത്തെ കഴുക്കോലിൽ കെട്ടിയ ശേഷം മുറിച്ച തുണിയും തണുത്ത കാറ്റിനൊപ്പം കൂടി.

ചാരുപടിയിലേക്കപ്പോഴും ചില ച്ചുകൊണ്ട് പല്ലികൾ വീണുകൊണ്ടിരുന്നു. ■

## സ്നേഹത്തിന്റെ നിറം (ബാക്കി)

പെട്ടെന്ന് കൈനീട്ടി അവളുടെ ഭുജത്തിൽ പിടിച്ചു സ്വന്തം ശരീരത്തിലേയ്ക്ക് വലിച്ചടുപ്പിച്ചു.

വിസമ്മതം ഭാവിക്കയോ, കുതറിമാറുകയോ ചെയിതില്ല അവൾ.

അവളെ ഹൃദയത്തോട് ചേർത്തമർത്തിക്കൊണ്ട്, വികാരഭരിതനായി പറഞ്ഞു: 'ശാന്തിയും സ്നേഹവും തേടി അലയുകയായിരുന്നു എന്റെ മനസ്സിത്രയും കാലം. അത് നീയാണെന്ന് ഞാനിതുവരെ അറിഞ്ഞില്ല.'

അവൾ കൈ കൊണ്ട് വരിഞ്ഞു: 'ചേച്ചി അപ്പുണ്ണ്യേട്ടനോട് ചെയ്ത പാപം കഴുകിക്കളയാൻ ഒരവസരം നോക്കി ഇരിക്ക്യായിരുന്നു ഞാൻ.'

ഒരു ചുംബനം കൊണ്ടവളുടെ വായ് മൂടിക്കൊണ്ട് പറഞ്ഞു: 'നിന്നെ വിവാഹം ചെയ്യാൻ തീരുമാനിച്ചു കഴിഞ്ഞു. നിന്നോളം എന്നെ സ്നേഹിക്കാൻ മറ്റൊരു പെൺകുട്ടിക്കും ഈ ലോകത്തിൽ കഴിയില്ല. വൈകിയെങ്കിലും ആ സത്യം ഞാൻ മനസ്സിലാക്കി വിശാലം.'

'എന്റെ അപ്പുണ്ണ്യേട്ടാ–' വിശാലം സന്തോഷം കൊണ്ടവാം കരഞ്ഞു. കണ്ണുനീരിന്റെ ചൂട് നെഞ്ചിൽ.

അവളുടെ ദേഹത്തു നിന്നും തലമുടിയിൽ നിന്നുമുയരുന്ന വിയർപ്പിന്റെ രൂക്ഷ ഗന്ധം. ലോകത്തുള്ള ഏത് സുഗന്ധദ്രവ്യത്തേക്കാളും ഹരം പിടിപ്പിക്കുന്ന മണം.

ആ മണമേറ്റുകൊണ്ട് പുലരുവോളം അങ്ങിനെ നില്ക്കാനാഗ്രഹിച്ചു.

ആ നിറ നയനങ്ങളെ ചുണ്ടുകൾ കൊണ്ടൊപ്പിക്കൊണ്ട് പറഞ്ഞു: 'ഇനിയീ സന്തോഷ വർത്തമാനം ഞാൻ മുത്തശ്ശിയെക്കൂടി ഒന്നറിയിക്കട്ടെ.'

തീക്ഷ്ണമായ നാണത്താൽ കൂമ്പിപ്പോകുന്ന ആ മുഖത്തെക്കുറിച്ചുള്ള ഓർമ്മ ഹൃദയത്തിൽ സൂക്ഷിച്ചുകൊണ്ട് മുത്തശ്ശിയുടെ കട്ടിലിന്നടുത്തേയ്ക്കോടി. ■

ചെറുകഥ



ഇബ്രാഹീം മൂർക്കനാട്

# നൊമ്പരപ്പൂവ്



**ക**ല്യാണം കഴിഞ്ഞതിൽ പിന്നെ ഒരു മാസം മാത്രമാണ് ഇക്ക കൂടെ കഴിഞ്ഞത്. കല്യാണത്തിന് വേണ്ടിത്തന്നെ ലീവിന്നായി 10 മാസത്തോളം കാത്തിരുന്നു. ലീവ് കിട്ടാൻ വളരെ പ്രയാസമുള്ള ബഹ്റനിലെ ഒരു ജർമ്മൻ കമ്പനിയിലായിരുന്നു ഇക്ക അക്കൗണ്ടന്റായി ജോലി ചെയ്തത്.

വളരെ ആർഭാടമായിട്ടാണ് കല്യാണം കഴിഞ്ഞത്.

ഡിഗ്രിക്ക് ഫാറൂക്ക് കോളേജിൽ പഠിക്കുമ്പോഴായിരുന്നു റനീസ് എന്ന സുന്ദരനായ ചെറുപ്പക്കാരനെ പരിചയപ്പെട്ടത്. അത് പിന്നെ സ്നേഹമായി പ്രേമമായി പ്രണയമായി ഒരിക്കലും തമ്മിൽ പിരിയാൻ കഴിയാത്ത അവസ്ഥയിലേക്ക് വളർന്നു. സാമ്പത്തികമായി വളരെ ഉയർച്ചയിൽ നിന്നിരുന്ന ഇക്കയുടെ കുടുംബത്തിന് ഈ ബന്ധം ഇഷ്ടമായിരുന്നില്ല. അവസാനം ഇക്കയുടെ തീരുമാനത്തിന് വീട്ടുകാർ വഴങ്ങുകയായിരുന്നു.

ലീവ്കഴിഞ്ഞ് ഗൾഫിലേക്ക് യാത്ര തിരിക്കുമ്പോൾ കണ്ണീരിൽ കലങ്ങിയ എന്റെ കണ്ണുകൾ തുടച്ചു ഇക്ക പറഞ്ഞു. "ഷാന ഞാൻ ഉടനെ തന്നെ വരും നീ വിഷമിക്കരുത് നിന്നെ ഞാൻ ഇങ്ങോട്ട് കൊണ്ടുവരും. ഇനി നിനക്കുള്ള വിസയുമായിട്ടായിരിക്കും ഞാൻ വരുക."

ഇക്കയുടെ കൂടെ കഴിഞ്ഞത് ഒരു മാസമാണെങ്കിലും ഒരുപാട് കാലം ഒരുമിച്ച് ജീവിച്ച പ്രതീതി. സ്നേഹം കൊണ്ട് ഇക്ക എന്നെ വീർപ്പു മുട്ടിച്ചു.

ഇക്ക എന്നും വിളിക്കും. സുഖവിവരങ്ങൾ അന്വേഷിക്കും. സ്നേഹത്തിൽ ചാലിച്ചെടുത്ത മുത്തം തരും. വീഡിയോ കോളിൽ മുഖാമുഖം കണ്ട് പരസ്പരം സംസാരിക്കും അന്നേരം ഇക്ക വീട്ടിൽ തന്നെയാണെന്ന് തോന്നും.

മൂന്നു നാലു ദിവസം തുടർച്ചയായി ഇക്കയുടെ വിളി വന്നില്ല. മെസ്സേജ് വന്നില്ല. എനിക്ക് വല്ലാത്ത ആധിയായി. ഇക്കയുടെ അടുത്ത സ്നേഹിതൻ ഗഫൂറിൽ നിന്നാണ് ഇക്ക പനിപ്പിടിച്ച് ആശുപത്രിയിലാണെന്ന് മനസ്സിലായത്.

വല്ലാത്തൊരു ഭയം മനസ്സിനെ കീഴടക്കി. കൊറോണ ഗൾഫ് രാജ്യങ്ങളെ പിടിച്ചു കുലുക്കിയ സമയമായിരുന്നു. ഇക്കക്ക് പനി വന്നത് എന്നെ വല്ലാതെ പേടിപ്പെടുത്തി.

ഏത് പനി വന്നാലും പേടിക്കണ്ട കാലം.

അങ്ങനെ ഒരു ദിവസം ആശുപത്രിയിൽനിന്നും ഇക്കയുടെ വീഡിയോ കോൾ വന്നു. ഇക്ക ആകെ മാറിയിക്കുന്നു. കണ്ടാൽ അറിയാത്ത രൂപമായി ഇക്ക മാറിയിരിക്കുന്നു. ശബ്ദം വ്യക്തമായി പുറത്തേക്ക് വരുന്നില്ല. വല്ലാത ചുമയ്ക്കുന്നു. ശ്വാസം മുട്ടുന്നു. വരണ്ട ശബ്ദത്തിൽ ഇക്ക പറഞ്ഞു. "ഷാനമോളെ വയ്യ... വയ്യടി ഒട്ടും വയ്യ. എനിക്കറിയില്ല ശ്വാസം കിട്ടുന്നില്ല. ആരോ മുറിച്ചെടുക്കുന്നത് പോലെ"

അധികം സംസാരിച്ചില്ല. ഇക്ക ഫോൺ കട്ട് ചെയ്തു. അപ്രതീക്ഷിതമായിരുന്നു ദുഃഖവാർത്ത കടൽകടന്നെത്തിയത്.

"കൊറോണ ബാധിച്ച് ഇക്ക മരിച്ചു."

അവളുടെ കണ്ണുകളിൽ ഇരുട്ടു വ്യാപിച്ചു. ശ്വാസത്തിന്റെ വേഗത കൂടി ഹൃദയമിടിപ്പ് വർദ്ധിച്ചു. അമിത രക്തസമ്മർദ്ദത്താൽ ബോധം പോയി. അവൾ നിലത്തു വീണു.

ബാപ്പ അവളെ താങ്ങിയെടുത്ത് കിടക്കയിൽ കിടത്തി ഉറക്കെ തട്ടി വിളിച്ചു "മോളെ ... ഷാനമോളെ ... കണ്ണു തുറക്കു മോളെ... കണ്ണു തുറക്കു."

അവൾ കണ്ണു തുറന്നില്ല. അവൾ ചലനമറ്റ് കിടന്നു. പ്രിയപ്പെട്ട അവളുടെ ഇക്കയുടെ കാലൊച്ച കേൾക്കാനായി കാതോർത്തു കിടന്നു. അവളുടെ ചുണ്ടുകൾ മന്ത്രിക്കുന്നുണ്ടായിരുന്നു.

"ഇക്കാ... ഇക്കാ... ഇക്കാ..." നേർത്ത ശബ്ദതരംഗങ്ങൾ മർമ്മരങ്ങളായി അന്തരീക്ഷത്തിൽ ലയിച്ചു. ■




Happy Onam 2020

കഥ



ശോഭ മക്കട

# ഭഗവാന് ഒരു ലോക്ക്ഡൗൺ കത്ത്



Sradha

എന്റെ മുരളിധരാ, മുകുന്ദാ, എത്രകാലമായി കണ്ടിട്ട്. മുമ്പെല്ലാം ലക്ഷാർച്ചനയ്ക്കും കോടിയർച്ചനയ്ക്കും വരാറുണ്ടായിരുന്നു. അതിനിടയ്ക്കും ചിലപ്പോഴെല്ലാം വന്നിരുന്നു. അതിനിടയ്ക്കല്ലെ കൊറോണയെന്ന ഭീകരവൈറസ് രാക്ഷസൻ വന്ന് എത്ര ജനങ്ങളെയാണ് നിർദ്ദയം കൊന്നൊടുക്കിയത്. ഗൾഫിൽനിന്ന് വരുന്നവർക്കും അവരുമായി സമ്പർക്കം പുലർത്തിയവർക്കുമാണത്രെ കൊറോണ ബാധിക്കുന്നത്. മുമ്പെല്ലാം ഗൾഫ് എണ്ണ ഘനിയുടെ നാടാണെന്നാണ് കേട്ടിരുന്നത്. ഇപ്പോൾ അവിടെ കൊറോണ ഘനിയായൊ. എന്തെല്ലാം അത്ഭുതങ്ങളാണ് ഭഗവാനെ. അവിടുന്ന് മനസ്സുവെച്ചാൽ ഇതിനൊക്കെ പരിഹാരമുണ്ടാവില്ലെമുകുന്ദാ.

നാട്ടിൽ ലക്ഷക്കണക്കിനാളുകൾ കൊറോണ ബാധിച്ചു മരിക്കുന്നു. വളരെ കുറച്ചാളുകൾ മാത്രമാണ് രക്ഷപ്പെടുന്നത്. അതുതന്നെ, അതുരാലയങ്ങളും, സർക്കാരും, പോലീസും, മാദ്ധ്യമങ്ങളും, സന്നദ്ധപ്രവർത്തകരും, അഹോരാത്രം പണിപ്പെട്ടിട്ടാണ്. കൊറോണ രോഗികളെ പരിചരിക്കുന്നവരെല്ലാം തന്നെ പിപിഇ കിറ്റ് ധരിച്ചിട്ടാണത്രെ രോഗം പകരാത്തത്. എങ്കിൽ പിന്നെ ഈ ജനങ്ങൾക്ക് മുഴുവൻ, പിപിഇ കിറ്റ് ധരിക്കാൻ ആജ്ഞപിച്ച് കൂടെ. മുഖ്യമന്ത്രിയും പ്രധാനമന്ത്രിയും ആജ്ഞാപിച്ചാൽ, മുഖാവരണം ധരിക്കുന്നത് പോലെയും, ലോക്ഡൗൺ പാലിക്കുന്നത് പോലെയും പി.പി.ഇ കിറ്റും സ്വന്തം ചിലവിൽ ജനങ്ങൾ ധരിച്ചാൽ ഗുണപ്രദമല്ലേ? കൊറോണ ബാധിക്കാതിരിക്കാൻ എന്ത് ചെയ്യാനും ജനങ്ങൾ തയ്യാറാവില്ലേ! ജനങ്ങളുടെ ഗുണത്തിന് വേണ്ടിയല്ലേ? രോഗംപകരുമെന്ന പേടിയും വേണ്ടല്ലൊ.

ഇതൊക്കെ ആരോടാണെന്ന് ചോദിച്ച് മനസ്സിലാക്കുക. എന്തു ചോദിച്ചാലും, എന്തു പറഞ്ഞാലും, ഒന്നും മിണ്ടാത്ത ആളോട് ഞാനിങ്ങിനെ വിലപിച്ചിട്ടെന്ത്കാര്യം. എന്റെ സ്വന്തം കാര്യമാണെങ്കിൽ പോട്ടെന്ന് വെയ്ക്കാം. ഇതിപ്പോൾ അതാണോ? ഏതുനാട്ടിലുള്ളവരായാലും മനുഷ്യരല്ലേ? സോദരങ്ങളല്ലേ? എല്ലാവരും ദൈവത്തിന്റെ മക്കളല്ലേ? ഭഗവാനേ? മനുഷ്യരെ ഒരു പാഠം പഠിപ്പിയ്ക്കാനാണെങ്കിൽ മനുഷ്യരിപ്പോൾ തന്നെ കുറെയധികം പാഠങ്ങൾ പഠിച്ചു കഴിഞ്ഞില്ലെ? ഏതെല്ലാം മനുഷ്യർ എവിടെ നിന്നെല്ലാമോ. കൃഷ്ണ, മുകുന്ദാ, മുരളീധരാ, ഗുരുവായൂരപ്പാ, രക്ഷിയ്ക്കണേ, എന്നെല്ലാം വിളിച്ചാർത്ത് കരയുന്നുണ്ടാവും. അതൊന്നും അവിടുത്തെ കർണ്ണപുടങ്ങളിലെത്തുന്നില്ലേ ഭഗവാനേ...

പാവം ജനങ്ങളെന്ത് പിഴച്ചു. കിടപ്പാടം വിറ്റിട്ടൊ. കടം വാങ്ങിട്ടൊ ഗൾഫിൽ, ആയിരം മോഹച്ചെപ്പുകളുടെ ചുമടും താങ്ങി ചെന്നിറങ്ങുന്നു. പിന്നെ അനവദികഷ്ടതകളനുഭവിച്ചു ജോലി ചെയ്ത് പ്രിയപ്പെട്ടവരെ കാണാനാവതെ അവസരം ലഭിച്ചപ്പോൾ സന്തോഷത്തോടെ ആർഭാടത്തോടെ നാട്ടിലേയ്ക്ക് വരികയാണ്.

മുമ്പൊക്കെ ഘൾഫിൽനിന്ന് ലീവിന് വരുന്നവരെ സ്വീകരി

കവിത

# വൃദ്ധവിലാപം



വി. ശ്രീധരൻ നായർ
കൊമ്മേരി

നാലഞ്ചുമക്കളെ പെറ്റുനാണി
നാലഞ്ചു മക്കളെ പോറ്റി നാണു.
നാട്ടാർക്ക് മാതൃകാ ദമ്പതിമാരായ്
നാടിന്റെ യാദരവേറ്റുവാങ്ങി
ഇല്ലായ്മ വല്ലായ്മയൊക്കെ സഹിച്ചവർ
അല്ലലറിയാതെ പോറ്റിയാ മക്കളെ
കയ്യോ വളര്ണ് കാലോ വളര്ണ്
കാതോർത്ത് മനമോർത്ത് നാളു നീങ്ങി

വേനലായ് മാരിയായ് മഞ്ഞുമായി
കാലം പതുക്കെ കടന്നുപോയി
കുട്ടികളാളായി പ്രായമായി
നാണുവും നാണിയും വൃദ്ധരായി
മക്കൾക്ക് മക്കളായ് പേരക്കിടാങ്ങളായ്
മക്കളുമച്ഛനുമമ്മയുമായ്
നാണിയെനോക്കുവാൻ-
നാണുവെനോക്കുവാൻ
നേരമില്ലൊട്ടുമേ മക്കളിലാർക്കുമേ
മൂത്തവനാദ്യം വഴിമാറി പിന്നെ

മൂത്തമകളും വേർപിരിഞ്ഞു
സൌകര്യം നോക്കിയടുത്തവൻ
വേലുവും താമസമില്ലാതെ വീടുമാറി
ശേഷിച്ചതൻ മക്കൾ രണ്ടുപേരും
ശോഷിച്ച വീട്ടിൽ കഴിഞ്ഞു പോന്നു.
മിണ്ടാട്ടമില്ല പരസ്പരമെങ്കിലും
കണ്ടോണ്ടിരിക്കുന്നു. നാണുവും നാണിയും

വിറ വന്നു പനി വന്നു നാണുവിനാദ്യം
അരികിലിരിക്കുവാൻ നാണിമാത്രം
രാവും പകലുമാ വൃദ്ധരെ നോക്കുവാൻ-
ആവാതെശല്യമൊഴിഞ്ഞു കിട്ടാൻപ്രാർത്ഥിക്കും
മക്കളെ ചാരെ വിളിച്ചവർപ്രാർത്ഥിച്ചു.
ഞങ്ങളെ കൊന്നുതാ മക്കളേ
നേരമില്ലൊരുതുള്ളി ദാഹജലം തരാൻ
നേരമായ് മക്കളേ ഞങ്ങൾക്ക് പോകുവാൻ
ഞങ്ങളേ കൊന്നുതാമക്കളേ,
കൊന്നുതാ മക്കളേ!

യ്ക്കാൻസ്വന്തക്കാരും, ബന്ധക്കാരും, കൂട്ടുകാരും മത്സരിച്ച് കാത്തിരിക്കുമായിരുന്നു. വിമാനത്താവളത്തിൽ ഇപ്പോൾ അങ്ങിനെവരാൻ വിലക്കല്ലേ? അവർ നാട്ടിലെത്തിയാൽ കോറന്റനിൽ, പതിനാലു ദിവസവും തടവല്ലേ? അവരവിടെനിന്ന് കൊറോണയും വാരിപ്പിടിച്ചാണല്ലെ വരവ്. ഞാനൊരുകാര്യം ചോദിയ്ക്കട്ടെ.

വർഷം തോറുമിങ്ങനെ, മറക്കാതെ വലിയ വലിയ ദുരിത ദുരന്ത, പാരകൾ, പണിഞ്ഞ് ഭൂമിയിലെ സകലജനങ്ങളെയും കഷ്ടപ്പെടുത്തുകയും, യാതനകളും ദുഃഖങ്ങളുമനുഭവിപ്പിക്കുകയും ചെയ്യുന്നതെന്തിനാണെന്റെ പൊന്നുഭഗവാനേ മുമ്പ് ആരുമൊരു വിഷമചിന്തയുമില്ലാതിരിക്കെസമാധാനത്തോടെ കഴിയുമ്പോൾ പെട്ടെന്നൊരു സുനാമി വന്നു. എത്രയെത്ര കുടുംബങ്ങൾ, എത്രയെത്ര ജിവിതങ്ങൾ, അപ്പനുമമ്മയും സുനാമിയിൽപ്പെട്ട് തീരാദുഃഖവുമായിക്കഴിയുന്ന അച്ഛനമ്മമാർ അതുകഴിഞ്ഞൊരു ചിക്കൻഗുനിയവന്നു. ചിക്കൻ തരക്കേടില്ലായിരുന്നു .ഗുനിയകൂടിയുള്ളത് കഷ്ടമായി. ചിക്കൻ ഗുനിയവന്നവർ പലരും അതിന്റെ വിഷമങ്ങളനുഭവിക്കുന്നിണ്ടിപ്പോഴും. അതും പകർച്ച വ്യാധിയായിരുന്നു. അടുത്തതായി "നിപ" വന്നു, വലിയ കോലാഹലമായിരുന്നു. കുറെ മനുഷ്യരെ കൊണ്ടുപോയി. കുറച്ചാളുകളെ അനാഥരാക്കി തീരാദുഃഖത്തിലാക്കി.

അതുകഴിഞ്ഞപ്പോൾ വന്നല്ലോ ഉരുൾപൊട്ടൽ. അതൊരു വല്ലാത്ത ദുരന്തമായിരുന്നു. കുത്തിയൊലിച്ച് വരുന്ന മലയും ഉരുളൻകല്ലുകളും ശക്തമായ വെള്ളച്ചാട്ടവും എങ്ങും രക്ഷപ്പെടാനൊരു പിടിവള്ളി കിട്ടാതെ ജീവൻ പിടഞ്ഞു, മക്കളെയോർത്ത് വിഷമിച്ച്, മഴവെള്ളത്തിലൊലിച്ച് ജീവൻ നഷ്ടപ്പെട്ടവർ, മണ്ണിനടിയിൽ മൃതരായിപ്പോയവർ. അവശേഷിച്ചവർ വീടില്ലാതെ അനാഥരായവർ.

ഇനി ദുഃരന്തങ്ങളൊന്നുമില്ലെന്ന് കരുതിയിരിക്കുമ്പോൾ ഇതാ വന്നല്ലൊ, ഇതുവരെ വന്നതിനേക്കാൾ ഭീകരനായ, രാക്ഷസൻ കൊറോണ വൈറസ്.

ഈ കൊറോണ വൈറസ് എന്ന് നശിക്കുമെന്നാരറിഞ്ഞു. ഈ കൊറോണ കാരണം വേദനിക്കുന്ന മനുഷ്യർക്കൊക്കെ എന്ന് സമാധാനം കിട്ടുമെന്റീശ്വരാ. വാസുദേവാ... ഇതെന്ന് കഴിയും ഭഗവാനേ, അപ്പോഴേയ്ക്ക് അടത്തതെന്തായിരിക്കും അതേതുവിധമായിരിക്കും

അടുത്ത പാരയുടെയജ്ഞം തുടങ്ങിയോ? എന്ന് തുടങ്ങും

ഈശ്വരാ ഞാനെന്റെ വിഷമം കൊണ്ട് പറഞ്ഞതണേ. ക്ഷമിക്കണം ജഗദീശ്വരാ. വാസുദേവാ...

ഞാനെന്നല്ല ആരായാലും ഇങ്ങിനെയൊക്കെ പറഞ്ഞു പോവും. മറ്റാരോടണീതൊക്കെ പറയുക.

ക്ഷമിക്കുക മുരളീധരാ.. ■

**സ്പോർട്സ്**



ഭസി മലാപ്പറമ്പ്

# വനിതാ ഫുട്ബോൾ ഏഷ്യൻകപ്പ് 2022: ഇന്ത്യ ആതിഥേയ രാഷ്ട്രം

ഏഷ്യൻ വൻകരയിലെ ദേശീയ ഫുട്ബോൾ അസ്സോസിയേഷനുകളുടെ മേധാവികളായ "ഏഷ്യൻഫുട്ബോൾ കോൺഫെഡറേഷൻ" ഇന്ത്യയിലെ കായിക പ്രേമികൾക്കും ഫുട്ബോൾ ആരാധകർക്ക് പ്രത്യേകമായും അതിസന്തോഷം നൽകുന്ന തീരുമാനം ഈയിടെ കൈക്കൊള്ളുകയുണ്ടായി.- "വനിതാഫുട്ബോൾ ഏഷ്യൻകപ്പ് ചാമ്പ്യൻഷിപ്പ് 2022" ന് ഇന്ത്യൻ മണ്ണിൽ ആഥിഥേയത്വം നൽകാം എന്ന്. 1979ൽ കോഴിക്കോട് ഇ.എം.എസ് സ്റ്റേഡിയത്തിൽ അരങ്ങേറിയ ഏഷ്യൻ വനിത ഫുട്ബോൾ ചാമ്പ്യൻഷിപ്പിന്റെ മധുരസ്മരണകൾ മനസ്സിൽ സൂക്ഷിക്കുന്ന കോഴിക്കോട്ടേയും കേരളത്തിൽ മൊത്തമായുമുള്ള ഫുട്ബോൾ പ്രേമികൾക്ക് ഈ സ്മരണകൾ വീണ്ടും മനോമണ്ഡലത്തിൽ ഉയർത്തുന്ന തീരുമാനമാണ് ഏഷ്യൻ ഫുട്ബോൾ കോൺഫെഡറേഷൻ കൈക്കൊണ്ടത്.

1961 ഡിസംബർ 21 ന്റെ കോഴിക്കോട് സ്റ്റേഡിയം ഗ്രൌണ്ട് ഉൽഘാടന മത്സരത്തിൽ പന്ത് തട്ടിയ (കേരള ഗവ. പോളിടെക്നിക്ക്- (കോഴിക്കോട്) VS യങ്ങ് ചാലഞ്ചേർസ് ക്ലബ്ബ് മത്സരം) ഫുട്ബോളർ എന്ന നിലയിലും എട്ടുതവണ ഫിഫാലോകകപ്പ് ഫുട്ബോൾ ചാമ്പ്യൻഷിപ്പുകളും ഒരു തവണ യൂറോപ്യൻ വൻകരാ ചാമ്പ്യൻഷിപ്പ് ആയ "യൂറോകപ്പ് 2008 " ഉം മറ്റനേകം ചാമ്പ്യൻ പോരാട്ടങ്ങളും മീഡിയാ സ്റ്റാന്റിലിരുന്നു കൊണ്ടു വീക്ഷിക്കുവാൻ ഭാഗ്യമുണ്ടായ കളിയെഴുത്തുകാരൻ എന്ന നിലയിലും ഈ വാർത്ത കൺമുന്നിലെത്തിയപ്പോൾ പുരുഷ ഫുട്ബോളിനൊപ്പം




**ജോർദ്ദാൻ ആതിഥേയത്വം നൽകിയ "എ.എഫ്.സി. വിമൻസ് ഏഷ്യൻകപ്പ് ഫുട്ബോൾ ചാമ്പ്യൻഷിപ്പ് 2018" ൽ വിജയികളായ ജപ്പാൻ ദേശായ വനിത ഫുട്ബോൾ ടീമിലെ കളിക്കാർ ട്രോഫി ഉയർത്തിക്കൊണ്ട് വിജയാഘോഷ നൃത്തം നടത്തുന്നു.**

നിൽക്കണമെന്ന നിലയിൽ പോരാട്ടം നടത്തുന്ന വനിതാ ഫുട്ബോൾ മേഖലയിൽ കണ്ട മത്സരങ്ങളും മനസ്സിനുള്ളിലേക്ക് തിരകളുണ്ടാക്കി. ലോകഫുട്ബോൾ, വൻകരാഫുട്ബോൾ സംഘടനാ തലവന്മാർ ആയ "ഫിഫ" യിൽ നിന്നും എ.എഫ്.സി. യിൽ നിന്നും നേരിട്ട് "ഇ.മെയിൽ" ലഭിക്കുന്ന ഒരു ഫുട്ബോൾ കളിയെഴുത്തുകാരൻ എന്ന നിലയിൽ ലോക ഫുട്ബോളിലേയും വൻകരാ ഫുട്ബോളിലേയും പ്രധാനവാർത്തകളും സ്വന്തം കംപ്യൂട്ടറിൽ നിന്ന് കണ്ടെടുത്ത അവസരങ്ങളിൽ ഹൃദയത്തെ അതീവ ആഹ്ലാദിപ്പിക്കുന്ന അനേകം അവസരങ്ങൾ കൈവരാറുണ്ട്.- അതിൽ മുൻപട്ടികയിലെ ഒരു തീരുമാനമായി എ.എഫ്.സി യുടേത്

വനിതഫുട്ബോൾ സംഘാടകത്തിൽ കേരളത്തിൽ മുകൾപ്പടിയിൽ തന്നെ നിൽക്കുന്ന കോഴിക്കോട് ഫിസിക്കൽ എജുക്കേഷൻ കോളേജിലെ അദ്ധ്യാപികയായിരുന്ന ലൂസി വർഗ്ഗീസും ശാരദ ടീച്ചറും ചേർന്ന് മുൻകയ്യെടുത്തുകൊണ്ട് കോഴിക്കോട് കോർപ്പറേഷൻ സ്റ്റേഡിയത്തിൽ സംഘടിപ്പിച്ച 1979 ലെ ചാമ്പ്യൻഷിപ്പ് മത്സരങ്ങളും മനോമണ്ഡലത്തിൽ ആവേശത്തിരമാലകളുമായി വീണ്ടും എത്തി. ചൈനീസ് തായ്പെയ് വനിതാടീം ചാമ്പ്യൻഷിപ്പ് നേടിയ മത്സരശ്രേണിയിൽ റണ്ണർ അപ് (രണ്ടാം) സ്ഥാനത്തോടെ ഇന്ത്യൻ വനിത ഫുട്ബോളർമാർ ഇന്ത്യയ്ക്ക് അതീവ പ്രസസ്തി പ്രദാനം ചെയ്തു എന്നത് ഇന്ത്യൻ ഫുട്ബോൾ മേഖലയ്ക്കും കായിക മേഖലയ്ക്കും പൊൻമാ

ലകൾ ചാർത്തിയ പ്രവർത്തനങ്ങ ളായി പരിണമിക്കുകയാണുണ്ടായത്.

ആ സുവർണ്ണസന്ദർഭത്തിന് വീണ്ടും പൊൻകിരീടം ചാർത്തുവാൻ "ഏഷ്യൻ വനിത ഫുട്ബോൾ ചാമ്പ്യൻഷിപ്പ് 2022" ന്റെ വേദി വീണ്ടും കോഴിക്കോട് തന്നെയായി അഖിലേന്ത്യാ ഫുട്ബോൾ ഫെഡറേഷന്റെ മേധാവികളെക്കൊണ്ട് തീരുമാനമെടുപ്പിക്കുവാൻ സാധിക്കണം എന്ന് ഒരു ഫുട്ബോൾ ആരാധകൻ എന്നുള്ള നിലയിൽ മാത്രമായി ഈ എഴുത്തുകാരൻ എല്ലാവരോടും അഭ്യർത്ഥിക്കുകയാണ്.

ഏഷ്യൻ ഫുട്ബോൾ കോൺഫെഡറേഷന്റെ കീഴ്ഘടകമായ "എ.എഫ്.സി വുമൺസ് ഫുട്ബോൾ കമ്മിറ്റി" യുടെ അഭ്യർത്ഥന മാനിച്ചാണ് എ.എഫ്.സി 2022ലെ ചാമ്പ്യൻഷിപ്പിന്റെ വേദിയായി ഇന്ത്യയെ തീരുമാനിച്ചത് എന്നത് കോഴിക്കോട്ടെ ഫുട്ബോൾ ആരാധകരെ കൂടുതൽ ആവേശം കൊള്ളിയ്ക്കുന്നതാണ്; കാരണം കോഴിക്കോടൻ ഫുട്ബോൾ കാണികളുടെ ആവേശ പ്രകടനങ്ങൾ 1979ൽ ഏഷ്യൻ മേഖലകളിലും വിവിധ ലോക ഫുട്ബോൾ മേഖലകളിൽ തന്നെയും വനിതാ ഫുട്ബോൾ ആവേശത്തിന്റെ പൊൻചിത്രങ്ങളായിട്ടുണ്ട്. കോഴിക്കോട്ടേയും കേരളത്തിലേയും ഇന്ത്യയിലേയും ഫുട്ബോൾ പ്രേമികളുടെ ഹൃദയങ്ങളിൽ എക്കാലത്തും സുവർണ്ണ സ്മരണകൾ ചാർത്തുന്ന വേദിയാണ് കോഴിക്കോട് കോർപ്പറേഷൻ ഇ.എം.എസ് സ്റ്റേഡിയവും, കോഴിക്കോടൻ, മലബാർ ഫുട്ബോൾ പ്രേമികളുടെ കയ്യടികളും ആർപ്പുവിളികളും!

പ്രതീക്ഷിക്കാം -ഏഷ്യൻ വനിതാ ഫുട്ബോളർമാരുടെ "ഗൺ" ഷോട്ടുകളും "പവർ ഹെഡ്ഡറു" കളും വീണ്ടും നമ്മുടെ കൺമുമ്പിലെത്തുമെന്ന് പ്രതീക്ഷിക്കാം!

## വനിതാ ഫുട്ബോൾ ഏഷ്യൻകപ്പ്: ചാമ്പ്യൻമാർ

| നമ്പർ | സംഘാടക വർഷം | ആതിഥേയരാഷ്ട്രം | വിജയികൾ | റണ്ണർ - അപ്പ് | ഫൈനൽസ്കോർ |
|---|---|---|---|---|---|
| 1 | 1975 | ഹോങ്ങകോങ്ങ് | ന്യൂസിലാന്റ് | തായ്‌ലാന്റ് | 3-1 |
| 2 | 1977 | ചൈന | ചൈന | തായ്‌ലാന്റ് | 3–1 |
| 3 | 1979 | ഇന്ത്യ | ചൈനീസ് തായ്പെയ് | ദക്ഷിണ ഇന്ത്യ | 2–0 |
| 4 | 1981 | ഹോങ്ങ്കോങ്ങ് | ചൈനീസ് തായ്പെയ് | തായ്‌ലാന്റ് | 5–0 |
| 5 | 1983 | തായ്‌ലാന്റ് | തായ്‌ലാന്റ് | ഇന്ത്യ | 3–0 |
| 6 | 1986 | ഹോങ്ങകോങ്ങ് | ചൈന | ജപ്പാൻ | 2–0 |
| 7 | 1989 | ഹോങ്ങകോങ്ങ് | ചൈന | തായ്പെയ് | 1–0 |
| 8 | 1991 | ജപ്പാൻ | ചൈന | ജപ്പാൻ | 5–0 |
| 9 | 1993 | മലയേഷ്യ | ചൈന | ഉത്തരകൊറിയ | 3–0 |
| 10 | 1995 | മലയേഷ്യ | ചൈന | ജപ്പാൻ | 2–0 |
| 11 | 1997 | ചൈന | ചൈന | ഉത്തരകൊറിയ | 2–0 |
| 12 | 1999 | ഫിലിപ്പൈൻസ് | ചൈന | തായ്പെയ് | 3–0 |
| 13 | 2001 | തായ്പെയ് | ഉത്തരകൊറിയ | ജപ്പാൻ | 2–0 |
| 14 | 2003 | തായ്‌ലാന്റ് | ഉത്തരകൊറിയ | ചൈന | 2–1 (എക്സ്ട്രാ ടൈം) |
| 15 | 2006 | ആസ്ട്രേലിയ | ചൈന | ആസ്ട്രേലിയ | 2–2 (ഷൂട്ടൗട്ട് 4–2) |
| 16 | 2008 | വിയറ്റ്നാം | ഉത്തരകൊറിയ | ചൈന | 2–1 |
| 17 | 2010 | ചൈന | ആസ്ട്രേലിയ | ഉത്തരകൊറിയ | 1–1 (ഷൂട്ടൗട്ട് 5–4) |
| 18 | 2014 | വിയറ്റ്നാം | ജപ്പാൻ | ആസ്ട്രേലിയ | 1–0 |
| 19 | 2018 | ജോർദ്ദാൻ | ജപ്പാൻ | ആസ്ട്രേലിയ | 1–0 |
| 20 | 2022 | ഇന്ത്യ | ? | ? | ? |


ശേഷം 23--ാം പേജിൽ

കഥ



കെ.വി. പ്രഭാകരൻ

# ഇനി ജീവിക്കുന്നവർ വായിച്ചറിയുവാൻ




രഘുവരന്റെ മനസ്സ് സംഘർഷ പൂരിതമാണ്.

കാലവും സമയവും ഒരേ അച്ചു തണ്ടിലൂടെ പ്രയാണമാരംഭിച്ചിരിക്കുന്നു. ആ പ്രയാണം അനസ്യൂതമായി തുടരുമ്പോൾ ഇവിടെ തന്റെ ജീവിതം അവസാനിക്കുകയാണ്.

രഘുവരൻ തന്നെയായിരുന്നു പഴം നാല് കഷ്ണങ്ങളായി മുറിച്ചതും അതിൽ ഫ്ളൂറിഡാൻ ഒഴിച്ചതും.

ഭാര്യയും മക്കളും അത് നിസ്സംഗതയോടെ നോക്കിയിരുന്നു.

വെളുത്ത പ്ലേയ്റ്റിൽ മുറിച്ചു വെച്ച പഴത്തിൽ പുരട്ടിയ കീടനാശിനി തങ്ങളുടെ ജീവൻ ഹനിക്കുമെന്നറിഞ്ഞിട്ടും അവരത് സന്തോഷത്തോടെ ഭക്ഷിച്ചു.

അവർക്കറിയാം ഇനിയങ്ങോട്ടുള്ള ജീവിതം ദുസ്സഹമാണെന്ന്. അത്രക്കും അശാന്തിനിറഞ്ഞതായിരുന്നു ജീവിതാന്തരീക്ഷം.

അസ്വസ്ഥതയുടെ ഇരുണ്ട നാൾവഴിയിലൂടെ എത്രനാൾ ജീവിതവുമായി മുന്നോട്ടുപോകും. ഭാവിയെക്കുറിച്ചുള്ള ഉത്കണ്ഠ. അവസാനം തീരുമാനിച്ചതായിരുന്നു ഇത്.

ഫ്ളൂറിഡാൻ തല്ലിക്കെടുത്തിയ നിശ്ചലമായ ജഡങ്ങളിലേക്കവൻ നോക്കി.

ഇനി തന്റെ ഊഴമാണ്.

പ്ലേയ്റ്റിലിരുന്ന കഷ്ണം തന്നെ നോക്കി കൊഞ്ഞനം കുത്തുന്നതായി അവന് തോന്നി.

അയാൾ ഭാര്യയുടേയും മക്കളുടേയും മുഖത്തുകൂടി കൈകൾ സാവധാനം ചലിപ്പിച്ചു.

മൂത്തമകനിൽ അപ്പോഴും ഞെരക്കം നിലച്ചിരുന്നില്ല. ഭാര്യയും നടുവിലത്തെ മകനും സുഖസുഷുപ്തിയിലായിക്കഴിഞ്ഞിരിക്കുന്നു.

ഇനി അവർക്ക് സ്വപ്നങ്ങളില്ല.

കളിപ്പാട്ടങ്ങൾക്ക് വാശിപിടിക്കുന്ന അഞ്ജുമോൾ.

എട്ടാം തരത്തിലേക്ക് കടന്ന ആഞ്ജേയൻ.

ഡിഗ്രി ഫൈനൽ എഴുതിയ ആഗ്നേയൻ.

സുഖദുഃഖങ്ങളിലെന്നും പങ്കാളിയായ പ്രിയപ്പെട്ടവൾ.

അവനിൽ ഒരു തേങ്ങൽ ഉയർന്നു.

അടക്കാനാവാത്ത കദനഭാരത്താൽ അവന്റെ നെഞ്ചകം നീറി.

ഹൃദയം പൊട്ടിത്തന്നെ മരിച്ചുവീഴുമെന്ന അവസ്ഥ.

പിന്നെ ഈ വിഷം പുരണ്ട പഴക്കഷണം ആവശ്യമില്ല.

പക്ഷേ മരണം ഉറപ്പുവരുത്തണമല്ലോ.

രഘുവരൻ പ്ലേയിറ്റ് കൈയ്യിലെടുത്തു. അത് തന്റെ ചുണ്ടിനോടടുപ്പിച്ചു. രൂക്ഷഗന്ധം മൂക്കിലേക്ക് അടിച്ചുകയറി. അവന് ഛർദ്ദിക്കാൻ വന്നു.

സീലിങ്ങ് ഫാൻ അപ്പോഴും കറങ്ങുന്നുണ്ടായിരുന്നു.

അവനതിലേക്കൽപ്പനേരം നോക്കി.

മൂത്തവന് ഫാനിന്റെ കാറ്റ് തട്ടിയാലെ ഉറക്കം വരൂ.

ഇളയവന് അത് വേണ്ട.

മോൾക്ക് എന്തായാലും പ്രശ്നമില്ല.

ഇപ്പോഴവരെന്തറിയുന്നു.

ഇവിടെ ബന്ധം കുറ്റിയറ്റുപോകുന്നു.

രഘുവരൻ ആ മുഖങ്ങളിലൂടെ മാറിമാറി ചുംബനവർഷങ്ങൾ ചൊരിഞ്ഞു.

അന്ത്യചുംബനം.

അവൻ പൊട്ടിക്കരഞ്ഞു.

ശരീരം തളരുന്നു.

എഴുന്നേറ്റ് പുറത്ത് വന്ന് കസേരയിലിരുന്നു.

അയൽവീടിന്റെ വരാന്തയിൽ വിളക്ക് എരിഞ്ഞുകൊണ്ടിരിക്കുന്നു.

റോഡരികിലെ തെരുവു വിളക്കിന്റെ വെളിച്ചത്തിൽ ചെറുപ്രാണികൾ വട്ടമിട്ട് പറക്കുന്നു.

തിന്നാൻ കഴിയില്ലെങ്കിലും അവ ആശയോടെ ബൾബിനുചുറ്റും വട്ടമിട്ട് പറന്നുകളിക്കുന്നു.

ജീവിച്ച് കൊതിതീരാത്ത എന്റെ കുടുംബം-അവനിൽ ഓർമ്മകളുടെ ഈയ്യാംപാറ്റകൾ.

രഘുവരന്റെ ചക്കിലാട്ടിയ എണ്ണയുടെ നിറവും മണവും ഒന്നു വേറെ. കൊപ്ര പിണ്ണാക്ക് തിന്നാൻ ഓടിയെത്തുന്ന അയലത്തെ കുട്ടികൾക്ക് ആരതി പിണ്ണാക്ക് എടുത്തുകൊടുക്കും. ആർത്തിയോടെ അത് തിന്നുന്ന കുട്ടികളെ നോക്കിയിരിക്കുമ്പോൾ മനസ്സിന് ആനന്ദമാണ്.

ഒരു കുഗ്രാമത്തിലായിരുന്നു അവന്റെ വീട്.

ആളും കോളും കേറാതിരുന്ന ഓണം കേറാമൂല.

വിശാലമായ പറമ്പ്. അതിൽ തലയുയർത്തി നിൽക്കുന്ന ഓലമേഞ്ഞ ഇരുനിലവീട്. വീട്ടുപറമ്പിന്റെ ഓരത്തായി കാളകൾ വലിക്കുന്ന ഒരു എണ്ണയാട്ട് യന്ത്രം.

രഘുവരന്റെ അച്ഛൻ അപ്പുചെട്ട്യാരുടെ പാരമ്പര്യ ജോലി, എണ്ണയാട്ടൽ. അയാളുടെ ഭര്യ നേരത്തെ മരിച്ചുപോയി. അതിനാൽ അമ്മയുടെ സ്നേഹം കൂടി അവന് പകർന്നുനൽകിയത് അപ്പുചെട്ട്യാർ തന്നെ. അപ്പുചെട്ട്യാർക്ക് ഒരു സഹായി ഉണ്ടായിരുന്നു. മുത്തുവേലു. തമിഴ്നാട്ടിൽനിന്ന് കുടുംബത്തോടെ കേരളത്തിലേക്ക് പറിച്ചുനടപ്പെട്ട മുത്തുവേലു. മുത്തുവേലുവിന്റെ കുടുംബം ആ പറമ്പിന്റെ പടിഞ്ഞാറെ കോണിൽ വീടുവെച്ചു. അവന്റെ ഭാര്യ പാപ്പമ്മാൾ, മകൾ ആരതി. ചെട്ട്യാരും മുത്തുവേലുവും ഒരു കുടുംബം പോലെയായിരുന്നു കഴിഞ്ഞുവന്നത്.

ആഴ്ചയിലൊരിക്കൽ അപ്പുചെട്ട്യാർ താഴലങ്ങാടിയിലേക്ക് എണ്ണയും വെളിച്ചെണ്ണയും വിൽപ്പനക്ക് കൊണ്ടുപോകും. നന്നേ ചെറിയ കുട്ടിയായ അവനും ചിലപ്പോൾ അച്ഛന്റെ കൂടെ യാത്രയാവും. അന്ന് തായങ്ങാടിയിലെ ചായക്കടയിൽ നിന്നും ഒരു പരിപ്പുവടയും ചായയും അവന് കിട്ടും. ഒരു പരിപ്പുവട അധികം വാങ്ങും. അത് ആരതിക്കുള്ളതാണ്.

രഘുവരന് വയസ്സ് പത്ത്.

അവൻ അഞ്ചാം തരത്തിൽ പഠിക്കുന്നു.

ഒരു ദിവസം വൈകുന്നേരം.

വീടിന്റെ പരിസരത്ത് മൂന്നുനാല് ജീപ്പുകൾ.

കാളവണ്ടികൾ മാത്രം കടന്നുപോകാറുള്ള റോഡരികിലൂടെ പൊടി പറത്തിക്കൊണ്ടാണ് ജീപ്പുകൾ കടന്നുവന്നത്. അന്നുവരെ അത്രയും വാഹനങ്ങൾ അവിടേക്ക് വന്നിട്ടില്ല.

ജീപ്പിൽ നിന്നിറങ്ങിയ കോട്ടും ടൈയും കെട്ടിയ ആൾക്കാരെകണ്ട് രഘുവരൻ വിസ്മയിച്ചു.

ഗ്രാമീണർ അവർക്ക്ചുറ്റും കൂടി.

എന്താണെന്നറിയാൻ പലരും ആഗ്രഹിച്ചു.

പക്ഷെ ആരും ചോദിക്കുന്നില്ല.

അവർ അവിടമാകെ നീണ്ട ടേപ്പുവെച്ച് അളക്കുന്നതും കടലാസിൽ കുത്തിക്കുറിക്കുന്നതും അവൻ കണ്ടു.

പിന്നീട് മാസങ്ങൾ കഴിഞ്ഞു

അവിടേക്ക് വലിയ വാഹനങ്ങളുടെ വരവായി.

കല്ലും മണലും സിമന്റും കയറ്റിയ ലോറികൾ ചീറിപാഞ്ഞുവരുന്നു. എങ്ങും ശബ്ദമുഖരിതം

അവിടെ വിശാലമായ കെട്ടിടങ്ങൾ ഉയർന്നു.

അന്നുവരെ കാണാത്ത കൂറ്റൻ കെട്ടിടം.

തെങ്ങിനെക്കാളും ഉയരത്തിൽ ഉയർന്നുനിൽക്കുന്ന പുകക്കുഴലുകൾ.

വീതിയുള്ള ടാറിട്ട റോഡ്.

ഇരുവശത്തും വലുതും ചെറുതുമായ വീടുകൾ.

ഉറങ്ങിക്കിടന്ന പരിസരം ഉണർന്നെണീറ്റപോലെ. എങ്ങും ഉണർവ്.

അരവിന്ദ് കോട്ടൺമിൽസ്.

ബ്രേസിം പൾസ് ഫേക്ടറി.

കോംകോ പേപ്പർ മിൽസ്.

വലിയ വടിവൊത്ത അക്ഷരങ്ങൾ തെറിച്ചുനിൽക്കുന്ന ബോർഡുകൾ രഘുവരൻ ഓരോന്നും കൂട്ടിവായിച്ചു.

പുതിയ കടകൾ.

കച്ചവടക്കാർ.

സ്ക്കൂളുകൾ.

ആശുപത്രികൾ.

ഗ്രാമം ഒരു നഗരമായി മാറുകയായിരുന്നു.

അപ്പുചെട്ട്യാർക്കും കച്ചവടം കൂടി. തായലങ്ങാടിയിലേക്കുള്ള യാത്ര മാസത്തിലൊരിക്കലായി.

ഓലപ്പുരയുടെ സ്ഥാനത്ത് ഓടിട്ട വീട്.

രഘുവരൻ വളരുകയായിരുന്നു.

അവൻ പഴയസ്കൂളിൽനിന്നും പുതിയ സ്കൂളിലേക്ക് മാറി.

അവന് ഫാക്ടറിയിൽ ഉദ്യോഗം.

അതായിരുന്നു അപ്പുചെട്ട്യാരുടെ സ്വപ്നം.

പക്ഷേ രഘുവരന് കുലത്തൊഴിലിനോടായിരുന്നു താൽപര്യം.

പഠനം കഴിഞ്ഞ രഘു അച്ഛനെ സഹായിച്ചു പോന്നു.

അതിനിടയിൽ അപ്പുചെട്ട്യാർക്ക് വേറൊരു മോഹം.

രഘുവരന് ഒരു പെണ്ണ് വേണം.

അയാൾ അധികം ആലോചിച്ചില്ല.

മുത്തുവേലുവിന്റെ മകൾ ആരതി. അവൾ തന്നെയാവട്ടെ അവന്റെ വധു. അങ്ങിനെ ആരതി രഘുവരന്റെ ജീവിത പങ്കാളിയായി. ഒരശനിപാതം പോലെ കടന്നുവന്ന അസുഖം അപ്പുചെട്ട്യാരെ തളർത്തിക്കളഞ്ഞു. പിന്നീട് അദ്ദേഹം എഴുന്നേറ്റിട്ടില്ല. അയാളുടെ മരണം രഘുവരനെ വല്ലാതെ തളർത്തി. ആരതിയുടെ ഉപദേശവും നിർദ്ദേശവും അവനെ പുതിയ മനുഷ്യനാക്കി. അച്ഛന്റെ ഉത്തരവാദിത്വങ്ങൾ അവൻ ഏറ്റെടുത്തു.

പഴയവീടിന്റെ സ്ഥാനത്ത്പുതിയവീട്.

കാലികൾ വലിച്ച ചക്ക് യന്ത്രചക്കായി

ജീവിതത്തിന് പുതിയ അർത്ഥതലങ്ങൾ വന്നു.

വർഷങ്ങൾക്ക് നിറവും മണവും പകർന്നുകൊണ്ട് കാലചക്രം അതിന്റെ വഴിയിലൂടെ കുതിച്ചുപാഞ്ഞു. അതിനിടക്കാണ് സമരം ആ പ്രദേശത്ത് ആദ്യമായി തുടങ്ങിയത്.

ആഞ്ഞിലിപ്പുഴ മലിനമാകുന്നു.

മത്സ്യങ്ങൾ ചത്തൊടുങ്ങുന്നു.

മത്സ്യതൊഴിലാളികളുടെ അന്നം മുട്ടുന്നു.

ഫാക്ടറിയിലെ മലിനജലം പുഴയിലേക്കൊഴുക്കരുത്. ഒഴുക്കുകയാണെങ്കിൽ അത് സംസ്ക്കരിച്ച് ശുദ്ധീകരിച്ച് പുറത്ത് വിടണം.

മാനേജ്മെന്റ് ഈ ആവശ്യം

കവിത

# രക്തസാക്ഷികൾ



രജികുമാർ പുലാക്കാട്

പിടയ്ക്കും തോറും കിതപ്പേറുന്ന
കിതയ്ക്കും തോറും പിടപ്പേറുന്ന
കരക്കിട്ട മത്സ്യം
കരതിന്നുന്ന കടലിന്റെ
വരണ്ട ഉപ്പു കാറ്റുകൾ.

മുലപ്പാൽ ചതിപ്പിലാകുന്ന
പിറവിക്കരച്ചിൽ പോർവിളിയാകുന്ന
ആഗോള ഏക ഗ്രാമത്തിൽ
മാവേലിക്കാലം തിരയുന്ന
ഗ്രഹാന്തര ജീവി
ഒരു ഡിലീറ്റിൽ സ്മൃതി നശിക്കുന്ന
ഹൈടെക് കൗമാരങ്ങളുടെ
കൌതുക ബോൺസായ്.

നാട്ടിലിറങ്ങിയ കാട്ടുകൊമ്പനെപ്പോലെ
ആരുടെയൊക്കെയോ
നെറികെട്ട ഉറക്കങ്ങൾ ഛിദ്രമാക്കി
ഒരു പുലർകാല സ്വപ്നം
രക്തപതാകയുമേന്തി...

## ഉറവിടച്ചുഴിയിലേക്ക്

(5–ാം പേജിൽനിന്ന് തുടർച്ച)

ബർമ്മക്കാരിക്കോ എന്റെ പിതാവിനോ ഉണ്ടാവാറില്ല. ചില ആളുകൾ ബാപ്പയോടു കയർക്കുന്നതും കണ്ടിട്ടുണ്ട്. അതൊക്കെ എന്തിനു വേണ്ടി എന്നൊന്നും എനിക്കറിയില്ലായിരുന്നു. അറിയണമെങ്കിൽ ചോദിച്ചാൽ എനിക്കെല്ലാം പറഞ്ഞു തരുമായിരുന്നു എങ്കിൽ പോലും എന്നെയും ചുമലിലേറ്റി നടന്നുനീങ്ങുന്നു. മറ്റുള്ളവർക്കിടയിൽ ബർമ്മക്കാരിയും എന്റെ പിതാവും അവിടെ കാട്ടിക്കൂട്ടുന്നതെന്താണെന്ന് ഞാൻ ശ്രദ്ധിച്ചിട്ടില്ല. ശ്രദ്ധിച്ചാലും മനസ്സിലാകാത്ത പ്രായം.

പോർസൈൻ ഹോട്ടലിന്റെ ലേബിയിലിരുന്നാണ് ഞാനിതെല്ലാം പറഞ്ഞത്. കേശൾവിക്കാരായി മകളും മരുമകനും ഭാര്യയും ഞങ്ങളെ അവിടെയെത്തിച്ച സ്പോൺസർ ബർമ്മക്കാരനും മാത്രമേ ഉണ്ടായിരുന്നുള്ളു.

സ്പോൺസർ താക്കിംങ്ങ്യേൻ പറഞ്ഞു. ഈ കഥ നടന്നത് മോൺസ്റ്റേറ്റിലാണ് എന്നാണെന്റെ ഊഹം. യാഗൂണിലോ യാഗൂൺ പരിസരത്തുള്ള ബഗാൺ സ്റ്റേറ്റിലോ അല്ല ഈ പറയുന്ന കഥയുടെ പശ്ചാത്തലം. ദന്തിപഴങ്ങൾ നിറയെ ഉണ്ടാവുന്ന നാടു ചക്കരവാറ്റു കേന്ദ്രങ്ങൾ, കരിമ്പിൻ തോട്ടങ്ങൾ, സെക്കിംങ്ങ്യം നദിക്കരയിലെ ആ മുനിസിപ്പാലിറ്റി. അതാണ് ബില്ലീൻ. മൂൺസ്റ്റോറിൽ വിയറ്റ്നാം അതിരിലുള്ള വാലുപോലെ തൂങ്ങുന്ന ഒരു പ്രദേശം. മോൺസ്റ്റേറ്റ് അവിടെ പണ്ട് തുറമുഖം ഉണ്ടായിരുന്നു. സഞ്ചാരക്കപ്പലുകൾ, ചരക്കുകപ്പലുകൾ, എല്ലാം വന്നണയുന്ന തുറമുഖം. മോർമൈൻ തുറമുഖം. ബുദ്ധമതാനുയായികൾ തീർത്ഥയാത്രക്കെത്തുന്ന സ്ഥലം. ജന്മസ്ഥലം കാണാനാഗ്രഹിച്ചെത്തിയ ഇവനേയും കൂട്ടി എഴുപത്തിയഞ്ച് കൊല്ലങ്ങൾക്ക് ശേഷമുള്ള യാത്ര. രാവിലെ നാലുമണിക്ക് പുറപ്പെടുന്നു. സന്ധ്യയ്ക്ക് മുമ്പ് മോൺസ്റ്റേറ്റിന്റെ തുറമുഖ പട്ടണമായ മോർബൈനിൽ നമുക്കെത്താം. അതിന്റെ പരിസരങ്ങളിലുള്ള മുനിസിപ്പാലിറ്റിയിലും നമുക്കെത്താം. ഇവനെ പെറ്റിട്ടയിടം കാണാനുള്ള ആ യാത്ര ആരംഭിക്കുന്നത്. ■

---

തള്ളി.

ജനകീയ പ്രക്ഷോഭം അതിന്റെ ഉച്ചകോടിയിൽ.

കമ്പനി അടച്ചു.

മധ്യസ്ഥശ്രമങ്ങൾ നടന്നു. ഒരു വിധം പ്രശ്നം പരിഹരിക്കപ്പെട്ടെങ്കിലും മാനേജ്മെന്റ് ശത്രുതാമനോഭാവം കൈവിട്ടില്ല. അവർ ആരുമറിയാതെ കമ്പനികൾ അന്യനാടുകളിലേക്ക് പറിച്ചുനടാനുള്ള നീക്കം നടത്തിക്കൊണ്ടിരുന്നു.

വിവരം പുറത്തറിഞ്ഞപ്പോൾ യൂനിയനുകൾ സമരം പ്രഖ്യാപിച്ചു. നാട്ടുകാരും സമരത്തിന് സഹായകരായി രംഗത്തെത്തി. പക്ഷേ നിയമം കമ്പനിക്ക് അനുകൂലമായിരുന്നു. ആനുകൂല്യം വാങ്ങി പിരിഞ്ഞുപോകുവാൻ മാനേജ്മെന്റ് ആവശ്യപ്പെട്ടു. തൊഴിലാളികൾക്ക് അതെ മാർഗ്ഗമുണ്ടായിരുന്നുള്ളു.

കമ്പനി അടച്ചു

പരിസരമാകെ ശ്മശാനമൂകത തളം കെട്ടിനിന്നു

ആളുകൾ കുടുംബത്തോടെ അവിടം വിട്ടൊഴിഞ്ഞു.

കടകമ്പോളങ്ങൾ അടഞ്ഞു.

സ്കൂളുകൾ, സിനിമാകൊട്ടകകൾ എല്ലാം നിർത്തലാക്കി.

രഘുവരന്റെ കാര്യവും പ്രത്യേകിച്ച് പറയേണ്ടതില്ലല്ലോ. ജീവിതത്തിന്റെ അവസ്ഥാഭേദം അതുൾക്കൊള്ളാൻ കഴിയാത്തത്ര ബഹുദൂരം മുന്നിലായിപ്പോയി പലരുടേയും കുടുംബം. അതിൽനിന്നുള്ളതിരിച്ചുപോക്ക് പലരുടേയും ജീവിതാന്ത്യത്തിൽ കലാശിക്കുകയായിരുന്നു. രഘുവരനും കുടുംബവും അതിൽനിന്ന് മാറുന്നത് എങ്ങിനെ?!

രഘുവരൻ എഴുതിക്കൊണ്ടിരിക്കുകയായിരുന്നു

നീണ്ട ഒരെഴുത്ത്

തന്റെ കുടുംബത്തിന്റെതായി!

ഇനി ജീവിച്ചിരിക്കുന്നവർ വായിച്ചറിയുവാൻ........

അവൻ തിരിച്ചുവന്ന് പ്ലേയ്റ്റിലെ അവശേഷിച്ച പഴക്കഷണം എടുത്ത് വിഴുങ്ങി. പിന്നീട് ആ ചലനമറ്റ ശരീരങ്ങളെ പുൽകി–

അയാളിൽ ഏതോ സ്വപ്നം നിറഞ്ഞുകവിയുകയായിരുന്നു. ■



സേവനം തികച്ചും സൗജന്യം
രജിസ്ട്രേഷൻ ചാർജ്ജും-വിവാഹത്തിനു കമ്മീഷനും ഇല്ല
മംഗളം മാര്യേജ് ബ്യൂറോ
e- mail: radhakrishnannsiada@gmail.com, nakshathrarajyam@gmail.com
C/o Post box No; 1205, Nakshathra Rajyam Tri-Monthly, Mankave P.O., Kozhikode-7

സാമ്പത്തികമായി ഉയർന്നനിലയിൽ ജീവിക്കുന്നവരും, സാധാരണ സ്മ്പത്തിക നിലയിൽ ജീവിക്കുന്നരും 12-ക്ലാസ്സ് അല്ലെങ്കിൽ പ്രീ ഡിഗ്രി വരെ മാത്രം കുറഞ്ഞ വിദ്യാഭ്യാസ യോഗ്യതയുള്ളവരും പെയിന്റർ, കല്പണി തുടങ്ങിയ ബിൽഡിംഗ് നിർമ്മാണ മേഖലയിലും, ടൈലർ, ഇൻഡസ്ട്രിയൽ, മോട്ടോർവാഹനമെക്കാനിക്ക്, ഡ്രൈവർ, ഷോപ്പ് സെയിൽസ് ബോയ്സ് എന്നിത്തരം സ്ക്കിൽഡ് വർക്കേർസും, അൺ സ്ക്കിൽഡ് വർക്കേർസുമായ യുവാക്കൾക്ക് വിവാഹാലോചനകൾ ക്ഷണിക്കുന്നു. ബയോഡാറ്റയും, ജാതക കുറിപ്പും, ഫോട്ടോയും സഹിതം വധുവാകാൻ ആഗ്രഹിക്കുന്ന പെൺകുട്ടികളോ അല്ലെങ്കിൽ രക്ഷാകർത്താക്കളോ (e-mail:) radhakrishnannsiada@gmail.com, nakshathrarajyam@gmail.com എന്നി ഇ-മെയിലിൽ അപേക്ഷിക്കാവുന്നതാണ്. വിവരങ്ങൾ അറിയിക്കുവാനും, അറിയുവാനും ഫോൺ : 9072832823, 9744233997 എന്നി ഫോൺ നമ്പറിൽ വിളിക്കുക. രജിസ്ടേഷൻ ഫീസും, വിവാഹ ചാർജ്ജ് (കമ്മീഷൻ) ബ്യൂറോ ഈടാക്കുന്നതല്ല. കുറിപ്പ് പരിശോധിച്ച ശേഷം വരന്റെ ബയോഡാറ്റ e- mail അയച്ചുതരുന്നതാണ്. അഡ്രസ്സ് : Mangalam Marriage Bureau, C/o Post box No; 1205, Nakshathra Rajyam Tri-Monthly, Mankave P.O., Kozhikode -7

BIODATA

പേര് :
നക്ഷത്രം :
ജനന ദിവസം :
അച്ഛന്റെ പേര് :
അമ്മയുടെ പേര് :
സഹോദരന്മാർ :
സഹോദരികൾ :
വിദ്യാഭ്യാസം :
ജോലി :
മതം - ജാതി :
അഡ്രസ്സ് :
ഫോൺ :
e- mail :
മറ്റുവിവരങ്ങൾ :

ഫോട്ടോ



ജാതക കുറിപ്പ്

ഏതുപ്രായത്തിലുള്ള സ്ത്രീകൾക്കം, വിവാഹബന്ധം വേർപെടുത്തിയവർക്കും വിധവകൾക്കും പുനർവിവാഹത്തിനും ബയോഡാറ്റ അയക്കാവുന്നതാണ്.



# ക്വിസ്

## ഓണം

മഞ്ചേരി ബാലചന്ദ്രൻ

1. മലയാളത്തിലെ എത്രാമത്തെ മാസത്തിലാണ് തിരുവോണം?
2. 2014 ഞായർ 7-ാം തിയ്യതി തിരുവോണം. എന്നാൽ മലയാളവർഷം 1190 ഞായർ ഏത് തിയ്യതി?
3. തിരുവോണദിവസം തിരുവീതാംകൂർ ദേശത്തെ സാമൂഹ്യപരിഷ്കർത്താവായിരുന്ന ശ്രീ അയ്യങ്കാളിയെ ഓർമ്മിപ്പിക്കുന്ന ഈ ദിനം അദ്ദേഹത്തിന്റെ ജന്മദിനമായിട്ടോ അതോ മരിച്ച ദിവസമായിട്ടോ ആചരിച്ചു വരുന്നു. ഏത് ദിനമായിട്ടാണ് ആചരിച്ചു വരുന്നത്?
4. മാവേലി ജനിച്ച ഗണം അസുരഗണമായിട്ടോ ദേവഗണമായിട്ടോ. "ഏത് ഗണം"?
5. "അസുരൻ" എന്ന വാക്കിന്റെ അർത്ഥം?
6. മഹാവിഷ്ണുവിന്റെ 10 അവതാരങ്ങളിൽ എത്രാമത്തെ അവതാരമാണ് "വാമനൻ"?
7. "തൃക്കാകര" ഏത് ജില്ലയിലാണ് സ്ഥിതി ചെയ്യുന്നത്?
8. "കാണം വിറ്റും ഓണം ഉണ്ണണം"- യെന്ന പഴഞ്ചൊല്ലിൽ "കാണം" യെന്തിനെ സൂചിപ്പിക്കുന്നു?
9. മഹാബലിയെ പാതാളത്തിലേക്ക് ചവിട്ടിതാഴ്ത്തിയത് വാമനന്റെ എത്രാമത്തെ കാൽചുവടുകൊണ്ടാണ്?
10. ഓരോ വർഷവും തന്റെ പ്രജകളെ കാണാൻ മഹാബലി വരുന്നു. ഈ വരവ് കെട്ടുകഥയായിട്ടോ, ചരിത്രകഥയായിട്ടോ, അതോ പുരാണകഥയായിട്ടോ?

### ഉത്തരങ്ങൾ:

1. 5-ാമത്തെ മാസം
2. 22-ാം തിയ്യതി
3. ജന്മദിനം
4. ദേവഗണം
5. ദേവന്മാരുടെ ശത്രു.
6. 5-ാമത്തെ അവതാരം
7. എർണാകുളം ജില്ല.
8. കടം.
9. മൂന്നാമത്തെ.
10. പുരാണകഥ

### 10 അവതാരങ്ങൾ:

1. മത്സ്യം
2. കൂർമ്മം.
3. വരാഹം.
4. നരസിംഹം.
5. വാമനൻ.
6. പരശുരാമൻ.
7. ശ്രീരാമൻ.
8. ബലരാമൻ.
9. ശ്രീകൃഷ്ണൻ.
10. കല്ക്കി.

നോവലറ്റ്





6

നക്ഷത്രരാജ്യം ഇ. രാധാകൃഷ്ണൻ

# നിലാവ് പൂക്കും താഴ്‌വാരം



ഒന്നുകിൽ റാണയെയും സംഘത്തെയും കീഴ്പ്പെടുത്തണം. അല്ലെങ്കിൽ പ്രതിരോധത്തിനു ശേഷിയില്ലാത്ത വിധം പരിക്കേൽപ്പിച്ചു നിശ്ചലരാക്കണം. അതിനുകഴിഞ്ഞില്ലെങ്കിൽ ഒരു ജനകീയ രാഷ്ട്രീയ പ്രസ്ഥാനം തന്നെ ഏൽപ്പിച്ച ദൗത്യം പാളും.

റാണയുടെ തോക്കിൻകുഴലിന്റെ മുന കൂടുതൽ കൂടുതൽ ശക്തിയായി പിൻ കഴുത്തിൽ അമരുകയാണ്.

അയാളുടെ പൊട്ടിച്ചിരുടെ ശബ്ദം ആ രാത്രിയിൽ നിശബ്ദതയെ ഭജിച്ചു ആ വലിയ ബംഗ്ലാവാകെ പ്രതിധ്വനിച്ചു.

വീടിനു ചുറ്റും കാവൽ നിൽക്കുന്ന റാണയുടെ മറ്റു കിങ്കരന്മാരും ശബ്ദം കേട്ട് റാണയുടെ ബെഡ്റൂമിനടുത്തേക്ക് ഓടി വന്നുകൊണ്ടിരുന്നു.

മതിലിനുവെളിയിൽ നിൽക്കുന്ന തന്റെ സഹപ്രവർത്തകർക്ക് എന്തെങ്കിലും വിധത്തിൽ തന്നെ സഹായിക്കാൻ സാധിക്കുമെന്ന് തോന്നുന്നില്ല.

ഘോഷിന്റെ മനസ്സിൽ ഒരു കൊള്ളിയാൻ മിന്നി.

അയാൾ തന്റെ പിന്നിലായി നിൽക്കുന്ന റാണയുടെ കാലുകളിലേക്ക് തന്റെ വലതു കാൽ അതിശക്തമായി ആഞ്ഞു തള്ളി.

റാണയുടെ കാലുകൾ ഒന്നുലഞ്ഞു.

ശരീരത്തിനെ താങ്ങി നിർത്തിയ കാലുകൾ ഉലഞ്ഞതോടെ റാണ ഘോഷിനെ പിടിക്കാൻ ഒരു ശ്രമം നടത്തിയെങ്കിലും അതിനു സാധിക്കാതെ മൊസൈക്ക് തറയിൽ അതിശക്തമായി തലയടിച്ചു വീണു.

ഘോഷിന്റെ ശരീരത്തിൽ പിടിക്കാനുള്ള ശ്രമം വീഴ്ച്ചയ്ക്കിടെ റാണ നടത്തിയിരുന്നതിനാൽ കാലിടറി ഘോഷും റാണയുടെ നെഞ്ചിലേക്ക് തന്നെ വീണു.

ഇരുട്ടിൽ റാണയുടെ അട്ടഹാസവും ഘോഷിന്റെ വീഴ്ചയുടെ ശബ്ദവും കേട്ട് റാണയുടെ കിങ്കരന്മാർ കൈകളിലുള്ള തോക്കുകൊണ്ട് ഘോഷിനെ വെടിവെച്ചു.

ഇരുട്ടിൽആദ്യത്തെ വെടിയേറ്റ ഘോഷ് പതിയെ മൊസൈക്ക് തറയിൽ കൂടി നിരങ്ങി നീങ്ങി. ഘോഷിനെ ലക്ഷ്യം വെച്ചുള്ള കിങ്കരന്മാരുടെ വീണ്ടുംവീണ്ടുമുള്ള പിന്നത്തെ വെടികളേറ്റ് അബോധാവസ്ഥയിൽ കിടക്കുന്ന റാണ തറയിൽ കിടന്നുതന്നെ അന്ത്യശ്വാസം വലിച്ചു.

ആരോ സ്വിച്ചിട്ടു,

ലൈറ്റിന്റെ വെട്ടം ബംഗ്ലാവിന്റെ എല്ലാകോണുകളിലും പരന്നു.

മരിച്ചുകിടക്കുന്ന റാണയെയും ചോരയൊലിപ്പിച്ചു നിൽക്കുന്ന ഘോഷിനെയും കണ്ടു കിങ്കരന്മാർ ഒരു നിമിഷം നിശ്ചലരായി.

യുദ്ധത്തിൽ രാജാവ് നഷ്ടപ്പെട്ട സേനാഗംങ്ങളെപോലെ അവർ അന്തിച്ചു നിന്നു. അതിനിടയിൽ ഘോഷ് ഓടി മതിലുചാടി രക്ഷപ്പെട്ടു. പുറത്തെത്തി സഹപ്രവർത്തകരെയും വിളിച്ചു ഇരുട്ടിൽ മറഞ്ഞു.

അടുത്ത ദിനം പ്രഭാതത്തിൽ ഘോഷിന്റെ പടത്തോടു കൂടിയ തലക്കെട്ടിൽ തൂണിൽ വരിഞ്ഞു കെട്ടിയ നിലയിൽ വെടിയേറ്റു മരിച്ചുകിടക്കുന്ന റാണയുടെ ഫോട്ടോകൾ സഹിതം കൊലപാതക വാർത്ത പത്രങ്ങൾ പ്രസിദ്ധീകരിച്ചു.

വൻകിട പത്രങ്ങളിലും രാജ്യത്താകമാനമുള്ള പ്രധാന ചാനലുകളിലും പ്രഭാതം മുതൽ അർദ്ധരാത്രിവരെ കൊലപാതകിയെ കുറിച്ചുചർച്ചകളും ആക്ഷേപങ്ങളും അഭിപ്രായങ്ങളും ഇടതടവില്ലാതെ പ്രക്ഷേപണം ചെയ്തും പ്രസിദ്ധികരിച്ചും കൊണ്ടിരുന്നു.

സമരവിരുദ്ധ പ്ലാന്റർമാരുടെ സംഘടനകളും ഭരണകൂടത്തിന്റെ കൂടെ കക്ഷിചേർന്ന് ഭരണാനുകൂല വികാരമുണരുന്നതിനുള്ള തന്ത്രങ്ങളും പ്രവർത്തനങ്ങളും ചെയ്തു.

ഘോഷ് റാണയുടെ മരണവും മരണകാരണവും സംഘടനാ നേതൃത്വകമ്മറ്റിയിൽ റിപ്പോർട്ടു ചെയ്തു.

സംഘടനയുടെ നിർദ്ദേശം അനുസരിച്ച് ഘോഷ് ഒളിവിലായി.

എല്ലാവിധ സഹായങ്ങളും ഡി. എസ്.ഒ.യുടെ സംസ്ഥാന കമ്മറ്റിയിൽനിന്നനുവദിച്ചു കിട്ടിയിരുന്നതിനാൽ പോലീസ് വലയിലാകാതെ ഘോഷ് വിദ്യാർത്ഥി പ്രസ്ഥാനപ്രവർത്തനവും രാഷ്ട്രീയ പ്രവർത്തനവും ഒളിവിൽ തുടർന്നു.

പോലീസ് നിരന്തരം ഘോഷിനെ തേടിക്കൊണ്ടിരുന്നു.

അയാൾ തന്റെ ഒരു സുഹൃത്തായ കൃഷ്ണ മുഖർജിയുടെ വീട്ടിൽ ഒളിവിൽ പാർക്കുകയായിരുന്നു. ഷീറ്റിട്ട ഒരു ചെറിയ കൂരയാണ് കൃഷ്ണയുടേത്. അയാൾ മരിച്ച റാണയുടെ തേയില തോട്ടത്തിലെ തൊഴിലാളിയായ അജയപ്രകാശ് മുഖർജിയുടെ മകനാണ്. അജയപ്രകാശും, ഭാര്യയും അയാളുടെ അമ്മയും ചേർന്ന ഒരു ചെറിയ കുടുംബമാണ് കൃഷ്ണയുടേത്. വളരെ സ്നേഹപൂർണ്ണമായി കൃഷ്ണയുടെ അച്ഛനും അമ്മയും മുത്തശ്ശിയും സ്വന്തം മകനെപ്പോലെ ഘോഷിനെ പരിചരിച്ചു.

രാത്രി കാലങ്ങളിൽ ഘോഷിന്റെ അച്ഛൻ സുരേന്ദ്ര പ്രസാദിന്റെ തൊഴിലാളി ലയങ്ങളിൽ പോലീസ് ഘോഷിനെ അറസ്റ്റു ചെയ്യുവാനുള്ള റെയിഡിനും റെയിഡ് കഴിഞ്ഞ് മല തിരിച്ചിറങ്ങുന്നതും ഘോഷ് ഒളിവിൽ താമസിക്കുന്ന കൂരക്കു മുമ്പിൽ കൂടിയാണ്. പോലീസുകാരുടെ ബൂട്ടിന്റേയും പുലഭ്യം പറയലുകളുടേയും ശബ്ദമെല്ലാം ഘോഷും അജയപ്രകാശും ഭാര്യയും കൃഷ്ണയും ദിവസങ്ങളായി കേൾക്കാറുണ്ട്. അവരുടെ കൈകളിൽ ഘോഷിനേയോ, ഒളിവിൽ പാർപ്പിച്ച കുടുംബത്തിനേയോ കിട്ടിയാൽ പിന്നീട് ജീവനോടെയിരിക്കില്ലെന്ന് അറിഞ്ഞുകൊണ്ടുതന്നെയാണ് കൃഷ്ണയും കുടുംബവും തനിയ്ക്ക് അഭയം നല്കിയത്.

**(തുടരും)**

### കഥ ഇതുവരെ

ഒരു പത്രപ്രവർത്തകയാണ് രൂപാസെൻ. തന്റെ കോളേജ് സഹപാഠിയും, ഭാവിവരനായി സ്വപ്നത്തിൽ കുറിച്ചിട്ട തന്റെ എല്ലാമായ നക്സൽ തടവുകാരൻ ഘോഷിനെ കാണാൻ രൂപാസെൻ ജയിലിലെത്തി. ജയിലറുടെ അനുവാദം വാങ്ങി രൂപ ഘോഷിന്റെ മുറിയിലെത്തി. ഘോഷ് രൂപയെ കണ്ടു. ഘോഷിന്റെ മനസിൽ തന്റെ കോളേജ് പഠന കാലം ഓർമ്മയിലെത്തി. കോളേജിലെ മറ്റൊരു വിദ്യാർത്ഥിയായ ബോസും ഘോഷും തമ്മിൽ നിരന്തരം ബദ്ധവൈരികളായി. അതിനു കാരണം ബോസിനു രൂപയോടുള്ള പ്രണയമായിരുന്നു. വിദ്യാർത്ഥികളുടെ ആവശ്യങ്ങൾ സാധിച്ചു കിട്ടാനായി കോളേജിൽ ഘോഷിന്റെ നേതൃത്വത്തിൽ സമരം തുടങ്ങി. അത് പോലീസ് ലാത്തിച്ചാർജ്ജിലാണ് അവസാനിച്ചത്. ബോസ് വീണ്ടും പ്രണയാദ്യർത്ഥനയുമായി രൂപാസെന്നിനെ കണ്ടു. പഴയതുപോലെ രൂപ നിരസിക്കുകയും ചെയ്തു. രാജ്യമൊട്ടാകെ തൊഴിലാളികളുടെ നേതൃത്വത്തിൽ ഭക്ഷ്യക്ഷാമത്തിനെതിരെ സമരം തുടങ്ങി. വിദ്യാർത്ഥികളും സമരത്തിൽ പങ്കു ചേർന്നു. ഘോഷ് പോലീസ് ബലപ്രയോഗത്തിൽ പരിക്കേറ്റ് ആസ്പത്രയിലായി. പ്ലാൻറർ സുരേന്ദ്ര പ്രസാദിന്റെ തോട്ടത്തിലെ തൊഴിലാളികളും സമരത്തിൽ പങ്കുചേർന്നു. എന്നാൽ പ്ലാന്റർ റാണയുടെ നേതൃത്വത്തിൽ ഡാർജിംഗിലെ തോട്ടം തൊഴിലാളി സമരം പരാജയപ്പെടുത്താൻപ്രതിരോധസ്കോഡു രൂപികരിച്ചു പ്രവർത്തനം തുടങ്ങി. ആദ്യവട്ട പ്രവർത്തനമായി സുരേന്ദ്രപ്രസാദിന്റെ തോട്ടത്തിലെ മൂന്നു തൊളിലാളികളെ അവർ വധിച്ചു. തോട്ടം മേഖലാ തൊഴിലാളികൾ പരിഭ്രാന്തിയിലായി. റാണയെ നേരിടാനായി നേതൃത്വം തോട്ടം മേഖലയിലേക്ക്ഘോഷിനേയും സംഘത്തേയും അയച്ചു. അവർ റാണയുടെ ബംഗ്ലാവിൽ എത്തി. ഘോഷ് റാണയുടെ ബഡ്റൂമിനടുത്തെത്തി.

## വനിതാ ഫുട്ബോൾ ഏഷ്യൻകപ്പ് 2022: ഇന്ത്യ ആതിഥേയ രാഷ്ട്രം

(17-ാം പേജിൽ നിന്ന് തുടർച്ച)

### കുറിപ്പ് :

ഇന്ത്യ ആതിഥേയത്വം വഹിച്ച 1979ലെ വനിതാ ഫുട്ബോൾഏഷ്യൻ വൻകരാ ചാമ്പ്യൻഷിപ്പിൽ ഉത്തര ഇന്ത്യാ, ദക്ഷിണ ഇന്ത്യാ മേഖലയിൽ നിന്ന് ഓരോ ടീം എന്ന നിലയിൽ ആതിഥേയ രാഷ്ട്രത്തിൽ നിന്ന് രണ്ട് ടീമുകളെ ചാമ്പ്യൻഷിപ്പിൽ പങ്കെടുപ്പിക്കുവാൻ ഏഷ്യൻ ഫുട്ബോൾ കോൺഫെഡറേഷൻ പ്രത്യേക തീരുമാനം എടുത്തു. ഇതനുസരിച്ച് പങ്കെടുത്ത രണ്ട് ടീമുകളിൽ ദക്ഷിണ ഇന്ത്യൻ ഫുട്ബോൾടീമാണ് "ചാമ്പ്യൻസ്-റണ്ണർ അപ്" സ്ഥാനം കൈവരിച്ചുകൊണ്ട് ലോക വനിതാ ഫുട്ബോളിൽ ഇന്ത്യക്ക് ലോക പ്രശസ്തി നേടിയത്. ■

വ്യക്തിമുദ്ര

# ചേരാമംഗലം ചാമുണ്ണി കലാ സാഹിത്യ നാടക ജീവിതത്തിലെ ഏടുകൾ

നക്ഷത്രരാജ്യം ലേഖകൻ





"മതിലുകൾ" എന്ന നാടകത്തിനു വേണ്ടി 32 വർഷത്തിനു ശേഷം ക്ലീൻ ഷേവിൽ

ചേരാമംഗലം ചാമുണ്ണി

**കൊ**ല്ലവർഷം 1131 മേടമാസത്തിൽ പാലക്കാട് ജില്ലയിൽ ചേരാമംഗലം എന്ന ഗ്രാമത്തിൽ സാധാരണ തൊഴിലാളികളായിരുന്ന അപ്പായിയുടെയും തത്തയുടെയും മകനായി ജനിച്ചു. വിദ്യഭ്യാസം ഗവ. ബോയ്സ് ഹൈസ്ക്കൂളിൽ. 1975 ഡിസംബർ 1 മുതൽ വിവിധ പത്രങ്ങളുടെ വിതരണക്കാരനും ഏജന്റുമായി. 1974–ൽ ദേശാഭിമാനി സ്റ്റഡി സർക്കിളിലൂടെ സജീവമായ സാംസ്ക്കാരിക പ്രവർത്തനത്തിലേക്ക്. 1973ൽ ചേരാമംഗലം ആലുംപറമ്പ് ജയകൈരളി വായനശാല & ഗ്രന്ഥശാലയുടെ സ്ഥാപക ജോയന്റ് സെക്രട്ടറി. കവിത രചന, കഥാരചന, നാടകരചന, അഭിനയം, സംവിധാനം എന്നീ മേഖലകളിൽ ഇദ്ദേഹം ഇപ്പോഴും പ്രവർത്തിച്ചു വരുന്നു.

ചേരാമംഗലം ചാമുണ്ണി തന്റെ വിശേഷം അഥവാ സ്വഭാവ സവിശേഷത നക്ഷത്രരാജ്യം ലേഖകനുമായി പങ്കു വെക്കുന്നു!

"നാടകം കാണാൻ വേണ്ടി അരങ്ങിന്റെ മുമ്പിലിരിക്കുന്ന കാണികൾക്ക് മനസ്സിലാവുന്നതായിരിക്കണം എന്റെ നാടകമെന്ന് ചിന്തിക്കുകയും പ്രവർത്തിക്കുകയും ചെയ്യുന്ന ആളാണ് ഞാൻ.

സാധാരണക്കാരന്റെ ജീവിതത്തിൽ ശരമുന പോലെ വന്നു തറയ്ക്കുന്ന പ്രശ്നങ്ങൾക്ക് വേണ്ടത്ര ഗൗരവത്തോടെയുള്ള പരിഗണന കിട്ടാതെ പോകുന്നു. പ്രസ്തുത പ്രശ്നങ്ങളെ സമൂഹത്തിന്റെ സവിശേഷമായ ചിന്തയ്ക്കും ചർച്ചയ്ക്കുമായി ഉയർത്തിക്കൊണ്ടു വരിക എന്നതാണ് വിഷയ സ്വീകരണത്തിൽ ഞാൻ പുലർത്തിപ്പോരുന്ന സത്യസ്ഡത. എന്നിലെ നാടകക്കകാരനെ സജീവമാക്കി നിലനിർത്തുന്നതിന് ഊർജ്ജമായി വർത്തിക്കുന്ന എന്റെ നാടകങ്ങളിലെ അഭിനേതാക്കൾ, അരങ്ങൊരുക്കി തരുന്നവർ, കാണികളായി വേദിക്കു മുമ്പിൽ വരുന്നവർ എല്ലാവരെയും ഞാൻ സ്നേഹപൂർവ്വം സ്മരിക്കുന്നു.




കൊല്ലങ്കോട് പാലക്കാട്
പി. സ്മാരക നിലയം ആദരം

പലരും ചോദിച്ചു; എന്തു കൊണ്ട് അഭിമന്യൂ

അഭിമന്യൂ വധം എന്നിലുണ്ടാക്കിയ മുറിവ് ആഴം ഉള്ളതായിരുന്നു. ഒരാഴ്ചയിലേറെ നിശബ്ദനായി. വാക്കുകളുരുവിടുവാൻ കഴിയാതെ വീർപ്പുമുട്ടി. എന്നെപ്പോലെ ആയിരക്കണക്കിനാളുകൾ ഇതേ വ്യഥ നെഞ്ചകത്തൊതു




ചേരാമംഗലം ചാമുണ്ണി മറുപടി പ്രസംഗം നടത്തുന്നു

ക്കുന്നവരാണെന്ന് ഞാൻ നിരീക്ഷിച്ചു. ഒരു നാടകക്കാരന്റെ ക്രിയാത്മകമായ പ്രതികരണമായി, പ്രതിക്ഷേധമായി, ആഹ്വാനമായി അഭിമന്യൂ എന്ന ഏകപാത്ര നാടകം പിറവി കൊണ്ടു.

ഇരുപതുവയസ്സു തികയാത്ത ഓമനപുത്രൻ കൂടപ്പിറപ്പുകളും കൂട്ടുകാരും അഭ്യുദയകാംക്ഷികളും കരുതലോടെ കൈപിടിച്ചുയർത്തിക്കൊണ്ടുവന്ന വിദ്യാർത്ഥി യൗവ്വനം

എനിക്കും മക്കളുണ്ട്.-രണ്ടു പേർ. ആൺകുട്ടികൾ. മൂത്ത മകൻ ഗൗതമൻ. കെ.സി.ഐ.എച്ച്.ആർ.ഡി.യുടെ കോളേജ് ഓഫ് അപ്ലൈഡ് സയൻസ്, വടക്കൻചേരിയിൽ ബിരുദ പഠനകാലത്ത് എസ്.എഫ്.ഐ യുടെ കോളേജ് യൂണിയൻ ജനറൽ സെക്രട്ടറിയായിരുന്നു. ഇപ്പോൾ സി.പി.ഐ.എം പാലക്കാട് ജില്ല കമ്മിറ്റി ഓഫീസ് ജീവനക്കാരൻ. രണ്ടാമത്തെ മകൻ സിദ്ധാർത്ഥൻ കെ.സി എലവഞ്ചേരി തുഞ്ചത്തെഴുത്തച്ഛൻ കോളേജിൽ ബിരുദപഠന കാലത്ത് എസ്.എഫ്.ഐ യുടെ കോളേജ് യൂണിയൻ ചെയർമാനായിരുന്നു. ഇപ്പോൾ സൗണ്ട് ഡിസൈനർ- എസ്.വൈ.എൻ.സി.- സിനിമാസ്, കോടമ്പാക്കം.




**ചേരാമംഗലംചാമുണ്ണിയുടെ വിഴുമലയിലെ സൂര്യോദയം നാടകം എം.എ. ബേബി പ്രകാശനം നിർവ്വഹിക്കുന്നു.**

.പട്ടികജാതിക്ഷേമസമിതിയുടെ രണ്ടാമത് സംസ്ഥാനസമ്മേളനത്തോടനുബന്ധിച്ച് 2018 ഒക്ടോബർ 26ന് പാലക്കാട് ടൗൺ ഹാൾ മുറ്റത്ത് അഭിമന്യുവിന്റെ ആദ്യ അരങ്ങേറ്റം നടന്നു. പി.കെ.എസ് നേതാവും എം.പിയുമായ സഖാവ് സോമപ്രസാദ് കത്തിച്ചുപിടിച്ച ദീപശിഖ കഥാപാത്രത്തിന് കൈമാറിക്കൊണ്ടായിരുന്നു നാടകാവതരണത്തിന്റെ ഔപചാരികമായ ഉദ്ഘാടനം നിർവ്വഹിച്ചത്.

**അട്ടപ്പാടിയിൽ ആദിവാസി യുവാവ് കൊല്ലപ്പെട്ടപ്പോൾ?**

അട്ടപ്പാടിയിൽ ആദിവാസി യുവാവ് മധു കൊല ചെയ്യപ്പെട്ടപ്പോൾ ഞാനെഴുതിയത് കവിതയായിരുന്നു. എഴുത്തുകാർക്കും സാംസ്കാരികപ്രവർത്തകർക്കും ആവിഷ്ക്കാര സ്വാതന്ത്ര്യത്തിനും നേരെയുള്ള ആക്രമണങ്ങൾക്കെതിരെയാണ് എലിപ്പത്തായം. അനീതിയ്ക്കും അസമത്വങ്ങൾക്കുമെതിരെ ശ്രീനാരണീയനായി, കോൺഗ്രസ് പ്രവർത്തകനായി, സോഷ്യലിസ്റ്റ് കോൺഗ്രസ്സുകാരനായി പിന്നീട് കമ്മ്യൂണിസ്റ്റ് പാർട്ടിക്കാരനായി, കമ്മ്യൂണിസം പാലക്കാടൻ നാട്ടുക്കൂട്ടങ്ങളുടെ ജീവിതത്തിലേക്ക് സന്നിവേശിപ്പിച്ച കർഷകരുടെയും തൊഴിലാളികളുടെയും നേതാവായിരുന്ന ആലത്തൂർ ആർ. കൃഷ്ണനന്റെ ജീവിതത്തെയും ആ കാലഘട്ടത്തെയും പുതു തലമുറയ്ക്കൊരു ഗൃഹപാഠമാക്കുക. എന്ന ലക്ഷ്യം വച്ചായരുന്നു വീഴിമലയിലെ സൂര്യോദയത്തിന്റെ രചനയും അവതരണവും. കെ.എൽ.യു, കൊലവെറി പോക്കുവെയിൽ കോളനി...അങ്ങിനെ ഓരോ നാടകത്തിലൂടെയും ഓരോ ദൗത്യങ്ങൾ നിറവേറ്റിയിട്ടുണ്ട്. അവയിലൊക്കെ ഉൾച്ചേർന്നു കിടക്കുന്ന രാഷ്ട്രീയം തികഞ്ഞ ബോധ്യത്തോടെ വിളക്കി ചേർത്തതാണ്. ഇത്തരം നാടകങ്ങൾക്ക് അനിവാര്യമായും ലഭിക്കേണ്ടിയിരുന്ന അരങ്ങുകൾ കുറഞ്ഞു പോയി എന്ന സത്യം അംഗീകരിക്കുന്നു. ആരാണതിനു ഉത്തരവാദി...?

വേദികൾ കുറഞ്ഞു പോകുന്നതിന്റെ പേരിൽ നാടകപ്രവർത്തനം നിർത്താൻ ഉദ്ദേശമില്ല. കാഴ്ചയുടെയും കേൾവിയുടെയും ഈ നേർക്കാഴ്ച സമൂഹ്യമാറ്റത്തിന് കാതലായ ചിന്തയും വികാരവും നൽകിയതിന്റെ സമൃദ്ധമായ നാടകപാരമ്പര്യം നമുക്കുണ്ട്. വീട്ടുമുറ്റം അരങ്ങാക്കിമാറ്റുന്ന നാടകപ്രവർത്തനത്തിന്റെ വേരുകൾ കിളുർത്തുവരും കാലം അതിന് വെള്ളവും വളവും വെയിലും നൽകും. നാടകത്തിന് മരണമില്ല."

മനസ്സിലുള്ളത് പറഞ്ഞുതീർത്തതിന്റെ ആത്മസംപൃതിയും ആശ്വാസവും ആ മുഖത്ത് പ്രകാശിച്ചു.

ചേരാമംഗലം ചാമുണ്ണി നിരവധി സീരിയലുകളിലും ആൽബങ്ങളിലും അഭിനയിച്ചു. തൃപ്തി ആർട്സ് പാലക്കാട് ഖസാക്കിന്റെ ഇതിഹാസം നാടകമായി അവതരിപ്പിച്ചപ്പോൾ (രചന: കാളിദാസ് പുതുമന) അള്ളാപ്പിച്ച മൊല്ലാക്കയായി അഭിനയിച്ചു. പാലക്കാട് സ്വരലയ വൈക്കം മുഹമ്മദ് ബഷീറിന്റെ മതിലുകൾ നാടകമാക്കിയപ്പോൾ (സംവിധാനം: പ്രമോദ് പയ്യന്നൂർ) കെ.പി.എ.സി ലളിത, എം. ആർ ഗോപകുമാർ, സജിത മഠത്തിൽ, ഉണ്ണിസത്താർ, എന്നിവർക്കൊപ്പം അഭിനയിച്ചു. ആകാശവാണി തൃശ്ശൂർ നിലയം സംഘശരണം, ഹരിശ്രീ ഗണപതയേ നമഃ തുടങ്ങിയ നാടകങ്ങൾ പ്രക്ഷേപണം ചെയ്തിട്ടുണ്ട്. നെന്മാറ സംഘശക്തി തിയ്യറ്റേഴ്സിന്റെ പേരിൽ 6 നാടകങ്ങൾ അവതരിപ്പിച്ചു. നാടകപ്പുര നെന്മാറയുടെ ബാനറിൽ ഓരോ വർഷവും നാടകം അവതരിപ്പിച്ചു വരുന്നു. ദീർഘ കാലമായി നെന്മാറ നിള ഫൈൻ ആർട്സ് സൊസൈറ്റി ഭാരവാഹിയാണ്.

ഇദ്ദേഹത്തിന്റെ പ്രധാനപ്പെട്ട രചനകൾ : സംഘംശരണം, വീഴുമലയിലെ സൂര്യോദയം, കേളികൊട്ട്, കയ്യാപ്പുകളുടെ വർത്തമാനം, സൂത്രശാലിയുടെ സുവിശേഷം, ഹരിശ്രീ ഗമപതയേ നമഃ, ഓട്ടംവിളി, കാത്തുകാത്ത് ഒരു വ്യാഴവട്ടം, ചന്ത, ഘോഷയാത്ര, തീക്കളി, വീടകം, അഭിമന്യൂ, എലിപ്പത്തായം, കൊലവെറി, പോക്കുവെയിൽ കോളനി, ജീവിതത്തിന്റെ ഏട്.

സംഗീത നാടക അക്കാദമിയുടെയും പാലക്കാട് റീഡേഴ്സ് ഫോറത്തിന്റെയും നാടകമത്സത്തിൽ സമ്മാനങ്ങൾ നേടിയിട്ടുണ്ട്.

**ഭാര്യ: ജ്യോത്സ്ന (രാജി)**

**മക്കൾ: ഗൗതമൻ. കെ.സി, സിദ്ധാർത്ഥൻ. കെ.സി**

**മരുമക്കൾ; സോണിയ പി.**

**പേരക്കുട്ടി: മലാല ഗൗതമൻ**

**ഫോൺ: 9388803411**

■

**CARE SMART**

**Home improvemet Proffessionals**

**Near Panjab nationl bank, Lakshmi Building, Kallittanada, Ph : 0495 235 9153**

**എല്ലാ തരം മെയിന്റനൻസ് വർക്കുകളും ചെയ്ത് കൊടുക്കുന്നതാണ്**

പെയിന്റിങ്, വാട്ടർപ്രൂഫിങ്ങ്, കോൺക്രീറ്റ് കട്ടിങ്ങ്, കെട്ട്, പടവ്, തേപ്പ്, വർക്കുകൾ etc...

**CONTACT 9207434340, 9539434340**

GLAMOUR GENTS WEAR




**Whole Sale & Retail**
**Mankave,**
**Calicut - 7**
**Mob: 9847756569**
**8891901404**




**Pants, Jeans, Shirt, T. Shirts etc...**



ആശംസകളോടെ...

**ആത്മപ്രഭാലയ**
**ബനാന ചിപ്സ് സെന്റർ**
**കളിപ്പൊയ്ക**
**പി.ഒ. കോട്ടൂളി**
**കോഴിക്കോട്-16**
**ഫോൺ: 9744960052**






**Dinesh K.T.**
**Ph: 9946309061, 9387425579**

**NEELGIRI POOJA STORES & AVS POOJASTORE**
**Thali, Calicut**

**ഭക്ത ജനങ്ങളുടെ വിശ്വസ്ത സ്ഥാപനം**

India's No - 1

AKSHAYA WATER PROOFING

**29 - 851, Kottooli,Mavoor Road, Kozhikode - 673016**
**Mob : P.P. PRADEEP - 9447312616, 9037940457**
**E-Mail : aakshayawaterproof@gmail.com**





ചോർച്ചയിൽ നിന്നും എന്നന്നേക്കും മോചനം ഗ്യാരന്റിയോടുകൂടി ചെയ്തുകൊടുക്കുന്നു.

വാർത്ത

# <> കോഴിക്കോട് കരിപ്പൂർ വിമാനാപകടം <>
# <>ഇടുക്കി ജില്ലയിലെ രാജമല പെട്ടിമുടി ഉരുൾപ്പൊട്ടൽ<> കേരളത്തിൽ മരണനിരക്കുയർന്ന വൻ ദുരന്തഭൂമിയാക്കി.



നക്ഷത്രരാജ്യം ഇ. രാധാകൃഷ്ണൻ





**നാ**ടിനെ നടുക്കിയ ദാരുണമായ രണ്ടു ദുരന്തങ്ങളാണ് രാവിലേയും, വൈകുന്നേരവുമായി ആഗസ്റ്റ് 7 വെള്ളിയാഴ്ച കേരളത്തിലുണ്ടായത്.

പുലർച്ചെ ഇടുക്കി ജില്ലയിലെ രാജമല-പെട്ടിമുടിയിൽ ഉരുൾപ്പൊട്ടി തോട്ടം തൊഴിലാളി കുടുംബങ്ങളിലെ 61 ആളുകൾ മരണമടഞ്ഞു. 9പേരെകൂടി ഇനിയും കണ്ടെത്താനുണ്ടെന്നാണ് ഈ റിപ്പോർട്ടു തയ്യാറാക്കുമ്പോൾ ലഭിക്കുന്ന വിവരം.

പെരുംമഴയിൽ ഉരുൾപ്പൊട്ടി മണ്ണിന്റേയും പാറകളുടേയും കുത്തൊഴുക്കിൽപെട്ടാണ് തൊഴിലാളി ലയങ്ങൾ ഒലിച്ചു പോയത്. സന്നദ്ധപ്രവർത്തകർക്കുപോലും കാലുറപ്പിച്ചു നിൽക്കാനാവാത്ത വണ്ണം മണ്ണ് ഇപ്പോഴും ഇളകി ഒലിച്ചു കൊണ്ടിരിക്കുകയാണെന്നാണ് പറയപ്പെടുന്നത്.

നഗരത്തിൽനിന്ന് 35 കിലോമീറ്റർ അകലെയുള്ള പെട്ടിമുടിയിലേക്ക് മൂന്നോ നാലോ കിലോമീറ്റർ വനമേഖല കടന്നുവേണം ദുരന്തനിവാരണ പ്രവർത്തനത്തിനു എത്തുവാൻ.

മരിച്ചവരുടെ കുടുംബങ്ങൾക്ക് ആദ്യഘട്ടസഹായമായി സംസ്ഥാന സർക്കാർ 5 ലക്ഷം രൂപവീതം ആശ്വാസ ധനം പ്രഖ്യാപിച്ചിട്ടുണ്ട്. പരിക്കേറ്റവരുടെ ചികിത്സാ ചിലവ് പൂർണ്ണമായും സർക്കാർ വഹിക്കും.

ദുരന്തത്തിൽപ്പെട്ട കുടുംബങ്ങളുടെ പുനരധിവാസം, രക്ഷിതാക്കൾ നഷ്ടപ്പെട്ട കുട്ടികളുടെ വിദ്യാഭ്യാസം മുതലായവയ്ക്ക് സംസ്ഥാന സർക്കാർ പദ്ധതികൾ തയ്യാറാക്കുമെന്ന് ദുരന്ത ഭൂമി സന്ദർശിച്ച ശേഷം മുഖ്യമന്ത്രി പ്രഖ്യാപിച്ചിട്ടുണ്ട്.

അന്നേദിവസം വൈകുന്നേരം കോഴിക്കോട് കരിപ്പൂർ വിമാനത്താവളത്തിൽ ലാന്റിങ്ങിനിടെയുണ്ടായ വൻ വിമാനാപകടത്തിനെ 19 പേരാണ് മരണമടഞ്ഞത്. മരണപ്പെട്ടവർക്ക് സംസ്ഥാന സർക്കാറും, എയർ ഇന്ത്യയും 10 ലക്ഷം രൂപ വീതം ധനസഹായം പ്രഖ്യാപിച്ചിട്ടുണ്ട്. 23 പേരുടെ നില അധിഗുരുതരമായി തുടരുന്നു. ചികിത്സാ ചിലവ് പൂർണ്ണമായും സർക്കാർ വഹിക്കും.

വിമാനം ലാന്റിങ്ങിനിടെ റൺവേയിൽനിന്നു തെന്നിമാറി 30 അടി താഴ്ചയിലേക്ക് വീണതാണ് അപകടമുണ്ടാവാൻ കാരണം. വിമാനം റൺവേയിൽ ഇറക്കാൻ കഴിയാത്തതു കാരണം വീണ്ടും പറന്നുയരാൻ ശ്രമിച്ചെങ്കിലും വിഫലമായതുകൊണ്ടാണ് വിമാനം രണ്ടാമതും ലാന്റ് ചെയ്യാൻ പൈലറ്റിനേയും, കോ-പൈലറ്റിനേയും നിർബന്ധിതമാക്കിയത് എന്ന് അറിയുന്നു.



"വിമാനത്തിൽ മരിച്ചു കിടക്കുന്നവരേയും അപകടത്തിൽ പരിക്കേറ്റവരേയും പ്രദേശവാസികളായ ഞങ്ങൾ അപകടമുണ്ടായി മിനിറ്റുകൾക്കകം ആശുപത്രകളിൽ എത്തിച്ചു." അതു മാത്രമാണ് പ്രധാന കാരണമായി മരണസംഖ്യ ഉയരാതിരിക്കുന്നതിനെക്കുറിച്ചു പ്രദേശവാസികളായ രക്ഷാപ്രവർത്തകർ പറയുന്നത്. ദുബയിൽനിന്നും കോഴിക്കോട്ടെത്തിയ വിമാനത്തിനാണ് അപകടം സംഭവിച്ചിരിക്കുന്നത്. വിമാനദുരന്തമുണ്ടായ വിമാനത്താവളം ഗവർണ്ണറും മുഖ്യമന്ത്രിയും സന്ദർശിച്ചു.

കോഴിക്കോട് എയർപോർട്ടിൽ ഇനിയൊരു വിമാന ദുരന്തമുണ്ടാകാതിരിക്കാനായി, വിമാനത്തിനു അപകടം ഉണ്ടാകാതെ ലാന്റുചെയ്യാനാകും വിധം റൺവേ സുരക്ഷിതമാക്കുവാൻ ഇനിയെങ്കിലും വിമാനത്താവള അധികൃതരും സർക്കാറും ഇടപെടണമെന്നാണ് ലേഖകനും വിമാനയാത്രക്കാരും പൊതുജനങ്ങളും പറയുന്ന്. ■

കഥ



# ശേഷം

പി. സുധീഷ് സുഗുണാനന്ദൻ




പ്രകൃതിയിലും അതിന്റെ സൗന്ദര്യത്തിലും വിശ്വസിക്കുന്നവളും പ്രകൃതിദത്തമല്ലാത്ത സൗന്ദര്യം ഉണ്ടാക്കാൻ ശ്രമിക്കാത്തവളുമാണ് ദേവിക എന്ന അംഗനവാടി ടീച്ചർ. ദിനപ്പത്രം പോലും വായിക്കില്ല. ഭർത്താവ് ആനന്ദ് നേരെ തിരിച്ചാണ് വലിയ വിദ്യാഭ്യാസമില്ലെങ്കിലും ആഴത്തിൽ വായനയുള്ള സഹൃദയനായ ചെറുപ്പക്കാരൻ. ഫോർ വീലർ മെക്കാനിക്കാണ് ആനന്ദ്. ജോലി കഴിഞ്ഞു വരുമ്പോൾ അൽപ്പം മദ്യപിച്ചിട്ടാണ് വരാറുള്ളതെങ്കിലും കുടുംബത്തിന് അതു കൊണ്ട് കോട്ടമൊന്നും ഏൽക്കാതെ ആനന്ദ് കൈകാര്യം ചെയ്തു പോന്നിരുന്നു. ഏകമകൾ അശ്വതി പ്ലസ് ടു വിന് പഠിയ്ക്കുകയാണ്.

വായനയൊന്നും കാര്യമായില്ലെങ്കിലും നല്ല നിരീക്ഷകയാണ് ദേവിക. ഏതെങ്കിലും സ്ത്രീ ഗർഭിണി ആണെങ്കിലോ, ലൈംഗികജീവിതത്തിൽ അസംതൃപ്തയാണെങ്കിലോ, അല്ലെങ്കിൽ അങ്ങനെയുള്ള കാര്യങ്ങൾ പ്രഥമദൃഷ്ടിയിൽ തന്നെ മനസ്സിലാക്കാനുള്ള കഴിവ് സഹജമായി അവൾക്ക് ഉണ്ടായിരുന്നു. ആരെയും ഞെട്ടിക്കുന്ന തരത്തിൽ അനീതിയെ എതിർക്കുന്നവളാണ്. എല്ലാ കാര്യത്തിലും സ്വന്തമായി അഭിപ്രായവും കാഴ്ചപ്പാടും ഉണ്ട്. അത് ആരുടെ മുന്നിലും തുറന്നു പറയാൻ മടിയില്ലാത്തതുമായ സ്വഭാവം. എന്ന് വച്ച് വായാടിയൊന്നുമല്ല. ഹൃദയവിശുദ്ധിയുള്ളവളാണ് ദേവിക.

കരുണാലയത്തിൽ വെച്ച് ഒരു ദിവസം ആനന്ദ് ദേവികയുടെ അച്ഛനെ കണ്ടു. തന്റെ സുഹൃത്തായ സുമേഷിന്റെ വക അവിടെ വെച്ച് അന്നദാനം നടത്തിയിരുന്നു. അതിന്റെ ഭാഗമായാണ് ആനന്ദ് അവിടെ എത്തിയത്. ദേവികയുടെ കയ്യിൽ കണ്ട പഴയൊരു ഫോട്ടോയിലെ ഓർമ്മ വച്ച് ആനന്ദ് ചോദിച്ചു:

രാജൻ മേനോനല്ലെ .

അതെ . രാജൻ മറുപടി പറഞ്ഞു.

എനിയ്ക്ക് അങ്ങോട്ട് ശരിക്ക് ഓർമ്മ വരുന്നില്ല.

ഞാൻ ദേവികയുടെ ഭർത്താവാണ്.

അങ്ങിനെയൊരു പരിചയപ്പെടൽ രാജൻ പ്രതീക്ഷിച്ചിട്ടില്ലായിരുന്നു. ദേവികയെകുറിച്ചുള്ള അറിവുകൾ എത്ര വിലപ്പെട്ടതാണോ അത്രയും അകലെയാണ് അയാൾക്ക് അവളിന്ന്. അഞ്ചു വയസ്സുള്ളപ്പോൾ ദേവികയെ പിരിഞ്ഞതാണയാൾ. അവളുടെ അമ്മ ജയശ്രീ മരിച്ച് മാസങ്ങൾക്ക് ശേഷം. ദേവികയുടെ അച്ഛനും അമ്മയും വർഷങ്ങൾ പ്രണയിച്ച് വിവാഹിതരായവർ ആയിരുന്നു. എന്നാൽ അതിനു മുൻപും പിൻപും പല സ്ത്രീകളുമായും രാജന്വഴിവിട്ട ബന്ധമുണ്ടായിരു.

ജയശ്രീയും ദേവികയും വീട്ടിലില്ലായിരുന്ന സമയത്ത് രാജൻ തന്റെ ഓഫീസിലെ മീനു എന്ന സ്റ്റാഫുമൊന്നിച്ച് കിടക്ക പങ്കിടുന്നത് യാദൃശ്ചികമായി വന്ന ജയശ്രീ കണ്ടു. അത്രയും താൻ സ്നേഹിച്ച ആളിന്റെ അത്തരത്തിലൊരു കാഴ്ച നൽകിയ ആഘാതം വളരെ വലുതായിരുന്നു. ആ ദുഃഖം താങ്ങാൻ കഴിയാതെ ജയശ്രീ ആത്മഹത്യ ചെയ്തു.

താമസിയാതെ രാജനും മീനുവും ഒന്നിച്ച് ആ വീട്ടിൽ പൊറുപ്പ് തുടങ്ങി. രാജനേക്കാൾ പ്രായത്തിൽ നല്ല വ്യത്യാസമുണ്ടായിരുന്നു മീനുവിന്. അതിനകം തന്നെ രാജനെ മീനു അടിമപ്പെട്ടതുപോലെയാക്കിയെടുത്തിരുന്നു.

സ്വാഭാവികമായും ദേവിക ഒറ്റപ്പെട്ടു. ജയശ്രീയുടെ അടുത്ത ബന്ധത്തിൽപെട്ട ദമ്പതികൾ മാസങ്ങൾക്ക് ശേഷം അവളെ കൊണ്ടുവന്ന് വളർത്തിയതാണ്. അവർക്ക് കുട്ടികളില്ലായിരുന്നു. ദേവിക അവർക്ക് സ്വന്തം മകൾ തന്നെ ആയിരുന്നു. ഒരു തരത്തിലും ദേവിക ദുഃഖങ്ങളൊന്നും അറിയരുതെന്ന് അവർക്ക് നിർബന്ധമുണ്ടായിരുന്നു. അതു

കൊണ്ടുതന്നെ അമ്മയുടെയും അച്ഛന്റെയും അഭാവം എത്ര തന്നെ വലുതാണെങ്കിലും അതവൾക്ക് ജീവിതഗതിയിൽ വലിയ പ്രശ്നങ്ങളൊന്നും ഉണ്ടാക്കിയില്ല.

എം.എ.യ്ക്ക് പഠിക്കുമ്പോൾ ആണ് ദേവിക ദീപക് എന്ന യുവാവുമായി പരിചയപ്പെടുന്നതും പ്രണയത്തിലാവുന്നതും. പഠിപ്പു കഴിഞ്ഞു ജോലികിട്ടിയ ശേഷം വിവാഹം കഴിച്ചു ജീവിക്കാൻ തീരുമാനിച്ചു അവർ. പക്ഷെ കാലം ദേവികയെ അവിടെയും പരീക്ഷിച്ചു കളഞ്ഞു. ഗുജറാത്തിൽ ജോലിക്ക് പോയ ദീപകിനെ അവിടെ നടന്ന കലാപത്തെ തുടർന്ന് കാണാതായി. അവിടെ കൂടെ ജോലി ചെയ്യുന്ന സുഹൃത്തുക്കളും നാട്ടിലിരുന്ന് ദേവികയും പല അന്വേഷണങ്ങളും നടത്തിയെങ്കിലും ഒന്നും വിജയിച്ചില്ല. രണ്ടു വർഷം കാത്തിരുന്നെങ്കിലും ദീപക്കിനെ കുറിച്ചൊരു വിവരവും പിന്നീട് അവൾക്ക് കിട്ടിയില്ല. ഒടുവിൽ വളർത്തച്ഛന്റെയും അമ്മയുടെയും നിർബന്ധത്തിനു വഴങ്ങി ദേവിക ആനന്ദിനെ വിവാഹം കഴിച്ചു.

ഒരു വർഷത്തിനു ശേഷം അശ്വതി പിറന്നു. അവൾ വളർന്നു വലുതായി. അശ്വതിക്ക് അച്ഛനോടായിരുന്നു കൂടുതൽ ഇഷ്ടം. ദേവികയ്ക്ക് അതിൽ പരാതിയും ഇല്ലായിരുന്നു. അവൾ തന്റെ പരാതിയും സ്നേഹവും എല്ലാം വീട്ടിൽ വളർത്തിയിരുന്ന ചെടികളും പൂക്കളുമായി പങ്കുവച്ചു. അങ്ങനെ ദേവിക പതിയെ പതിയെ പ്രകൃതി വാദിയായി മാറി. പൂക്കളുടെയും ചില ഇലകളുടെയും മണത്തിലും അവൾ അനുഭൂതി അനുഭവിച്ചു. ചെടികളെ മക്കളെപ്പോലെ വളർത്തുന്നതിലും പരിപാലിക്കുന്നതിലും അവൾ ആനന്ദം കണ്ടെത്തി. അവളതിൽ മുഴുകി അലിഞ്ഞു ചേർന്നു ഏതോ സ്വപ്ന ലോകത്തിലെന്ന പോലെ.

ദീപകിനെ അവൾക്ക് ജീവിതത്തിലൊരിക്കലും മറക്കാനാവില്ല എന്നതിന്റെ തെളിവു പോലെ വിവാഹ ശേഷവും ദേവിക പല വട്ടം ദീപക്കിന്റെ തിരിച്ചുവരവും താനുമായുള്ള നടക്കാതെ പോയ വിവാഹവും ശാരീരികവും മാനസികവുമായ ബന്ധവും അവൾ സ്വപ്നം കണ്ടു. ദിവാസ്വപ്നങ്ങളായിരുന്നില്ല അതൊന്നും. ഉറങ്ങിയാൽ അവൾ കാണുന്ന ഏകസ്വപ്നം ദീപകുമായുള്ള വേഴ്ചയായിരുന്നു. ഇപ്പോൾ താനൊരു ഭാര്യയും അമ്മയും ആയതിനാൽ അവൾക്കതിൽ കുറ്റബോധം തോന്നി. എങ്കിലും അത് സ്വകാര്യമായ അറിവായതിനാൽ അവളാ സ്വപ്നത്തിൽ നിർവൃതി കണ്ടെത്തി. ദീപക്കുമായുള്ള വിവാഹം കഴിഞ്ഞിരുന്നെങ്കിൽ തനിക്കു കിട്ടുമായിരുന്ന താൻ സ്വപ്നം കണ്ട ആ ബന്ധം അവൾ ഒരാളോടും പറയാതെ മറച്ചുവച്ചു. അതു കൊണ്ടു തന്നെ ഭർത്താവുമായുള്ള ശാരീരിക ബന്ധത്തിൽ അവൾ താൽപര്യം കാണിച്ചിരുന്നില്ല. അഥവാ ഉണ്ടായാലും അതിൽ അവൾ ദീപക്കിനെ കണ്ടെത്തി. ആനന്ദ് അതൊന്നും മനസ്സിലാക്കില്ലല്ലോ. തനിക്കു കിട്ടുന്നതിൽ അയാൾ തൃപ്തിയടഞ്ഞു. അതിനു കാരണം പൂർണ്ണമായി ദേവിക തന്റേതാണെന്നായിരുന്നു ആനന്ദിന്റെ വിചാരം. എങ്കിലും ദേവികയ്ക്ക് അത് അങ്ങിനെ ആയിരുന്നില്ലെന്ന് അവനറിഞ്ഞതേയില്ല. പിന്നീടെപ്പോഴൊ ദേവികയ്ക്ക് ആനന്ദിനെ സംശയം തോന്നിത്തുടങ്ങി. താൻ മനസ്സിൽ ഒളിപ്പിച്ച ഈ സത്യം മനസ്സിലാക്കിയ ആനന്ദ് മറ്റേതോ സ്ത്രീയിൽ അഭിരമിക്കുന്നുണ്ടെന്ന് അവൾ വെറുതെ സംശയിച്ചു. അതിനു തെളിവുണ്ടാക്കാൻ അവൾ പലപ്പോഴും ശ്രമിച്ചു എങ്കിലും പരാജയപ്പെട്ടു. തന്റെ മിഥ്യാധാരണ ആയിരുന്നതു കൊണ്ടാണ് പരാജയപ്പെട്ടിരുന്നതെന്ന് മനസ്സിലാക്കാനവൾക്ക് കഴിഞ്ഞില്ല. അതിനു പകരം അവൾ ഒരു തെളിവ് കിട്ടാൻ ശ്രമിച്ചു കൊണ്ടേയിരുന്നു.

അംഗനവാടിയുടെ പരിസരത്തുള്ള സ്ത്രീകളുമായി ലോകകാര്യങ്ങളെല്ലാം ചർച്ച ചെയ്യുന്നത് പതിവാണ്. അന്നു വന്ന പത്ര വാർത്തയായിരുന്ന വിഷയം. സ്വന്തം മകളെ അച്ഛൻ പീഡിപ്പിച്ചു എന്നതായിരുന്നു അന്നത്തെ പ്രധാന വാർത്ത. അത് അവർ ഓരോരുത്തരും അവരുടെ ഭാവനക്കനുസരിച്ചും അനുഭാവ പശ്ചാത്തലത്തിലും സംസാരിച്ചു. പല നിറങ്ങൾ അവരതിന് ചമച്ചു ചേർത്തു. എല്ലാ കാര്യങ്ങളിലും സ്വന്തം കാഴ്ചപ്പാട് വെച്ചു പുലർത്തിയിരുന്ന ദേവികയ്ക്ക് മാത്രം ഒന്നും പറയാനുണ്ടായിരുന്നില്ല. അവൾ എല്ലാം കേട്ടിരുന്നു. അതാരും അത്ര കാര്യമാക്കിയതുമില്ല.

കുറച്ചു ദിവസങ്ങൾക്കു ശേഷം പരിചയത്തിൽപ്പെട്ട സ്ത്രീകൾ ഒരു വിവാഹത്തിന് ദേവികയുടെ വീടിനടുത്ത് വന്നപ്പോൾ അവളുടെ വീട്ടിലേക്ക് ഒരു സന്ദർശനം നടത്തി. അവർ ദേവികയുടെ ഭർത്താവും മകളും തമ്മിലുള്ള ആഴത്തിലുള്ള അടുപ്പവും ഇടപഴക്കവും കണ്ട് അത്ഭുതപ്പെട്ടു. അവരിലൊരു പ്രായമുള്ള സ്ത്രീ ദേവികയോട് അവരുടെ അതിരു കവിഞ്ഞ ഇടപഴക്കത്തെ വിലക്കണമെന്ന് ഉപദേശിച്ചു. അകറ്റേണ്ട കാലമായാൽ അകറ്റി തന്നെ നിർത്തണം. അത് ദേവികയെ മറ്റൊരു സംശയത്തിലേക്കാണ് നയിച്ചത്. തന്റെ ഭർത്താവിന് മകളോട് മറ്റേതെങ്കിലും തരത്തിൽ ബന്ധമുണ്ടോ? സ്വന്തം വീട്ടിൽ നടക്കുന്നതു കൊണ്ടാണോ മുൻപ് അയാളുടെ മറ്റെന്തെങ്കിലും ബന്ധമന്വേഷിച്ചു പോയപ്പോൾ താൻ പരാജയപ്പെട്ടത്. എന്നായി പിന്നെ ദേവികയുടെ മുഴുവൻ ചിന്തയും. അവൾക്കതിന് തെളിവുകളൊന്നും കിട്ടിയില്ലെങ്കിലും അച്ഛനും മകളും തമ്മിലുള്ള പവിത്രമെന്നു പറയുന്ന സ്നേഹത്തിന് അതിന്റെ മറവിൽ മറ്റെന്തങ്കിലും ഉണ്ടോ എന്നവൾ ചികഞ്ഞു കൊണ്ടേയിരുന്നു. ഭർത്താവിനു അന്യസ്ത്രീകളോട് ബന്ധമുണ്ടോ എന്നുള്ളതും തന്റെ സ്വപ്നങ്ങളിലെ കാണാതായ കാമുകന്റെ ശാരീരിക ബന്ധവും അതിലുള്ള നീരസവും അനുഭൂതിയും എല്ലാം ദേവിക മറന്നു. അവൾ മുഴു ചിന്തയും ഇതിനു വേണ്ടി ചെലവഴിച്ചു. പ്രകൃതിയുമായി ആഴത്തിൽ ബന്ധപ്പെട്ടിരുന്ന അതിലലിഞ്ഞിരുന്ന ദേവിക പതിയെ പ്രകൃതിയിൽ നിന്നും അകലുന്നതു പോലെ തോന്നി.

അവളുടെ വികലമായ മനസിന്റെ ഒരു കണ്ടെത്തൽ ഞെട്ടിക്കുന്നതായിരുന്നു. അതവൾ സംശയിച്ചപോലെ മകളെ

(ശേഷം 34-ാം പേജിൽ)

കവിത



ചമ്പയിൽ ബാബു

# ഉള്ളം

ഇല്ലാത്തതിനെ സ്വന്തമാക്കാൻ-
തേടിനടക്കുന്നു മനുഷ്യൻ തേടി നടക്കുന്നു
ഉള്ളതുപോരാ എന്നുചൊല്ലി
യാചകരാകുന്നു മനുഷ്യർ യാചകരാകുന്നു
ഉള്ളതുകൊണ്ടൊരോണംപോലെ
കഴിയാൻ കഴിയില്ല നിനക്ക് കഴിയാൻ കഴിയില്ല.
നിന്റെയുള്ളിൽ ദുഖഃം നിറച്ചു
യാചകരാക്കിടും നിന്നെ ദുഖിതരാക്കിടും
നിന്റെയുള്ളിലെ നിന്നെ കാണാൻ
നിനക്കു കഴിയില്ലാ ഞാൻ കാണാൻ നൽകില്ല
നിന്റെയുള്ളിൽ ആനന്ദത്തിൻ
തെളിനീരുണ്ടല്ലോ- ഉള്ളിൽ ശാന്തമാണല്ലോ
നിന്റെയുള്ളിൽ നോക്കാൻ ഞാൻ കണ്ണിനെ-
വിടുകില്ലാ നിന്റെ മനസ്സിനെ വിടുകില്ലാ
നിന്റെ മനസ്സിനെ വിടുകില്ലാ
നിന്റെയുള്ളം കണ്ടാൽ പിന്നെ
എന്നെ കാണും നീ പിന്നെ-
നമ്മളൊന്നാകും പിന്നെനമ്മളൊന്നാകും
ആനന്ദത്തിൻ പ്രഭയാൽ നമ്മൾ ഇല്ലാതായീടും
നമ്മൾ ഇല്ലാതായീടും.
ഇല്ലാത്തതിനെ സ്വന്തമാക്കാൻ-
തേടിനടക്കുന്നു മനുഷ്യൻ തേടി നടക്കുന്നു
ഉള്ളതുപോരാ എന്നുചൊല്ലി
യാചകരാകുന്നു മനുഷ്യർ യാചകരാകുന്നു.

കവിത



ടി.പി. ശിവദാസൻ നെന്മാറ

# ഓണക്കനിവ്

അങ്ങനങ്ങനെ പൊന്നോണക്കാലം,
ആവണിയിതിൽ വരവായീ....
ഇന്നീ ദുരവസ്ഥയിലായ്
ഈയുലകം നീങ്ങുകിലും...
ഉള്ളതുപോൽ സ്നേഹം പകുത്തൊ-
രൂടാലതു ഭേദിയ്ക്കാം!
ഋതുഭംഗികളീപ്പാരിൽ
എങ്ങെങ്ങും കാണാകേണം
ഏനക്കേടില്ലാതിനിമേൽ
ഐശ്വര്യം കളിയാടേണം
ഒന്നാകാനൊരുമയതിൻ
ഓർമ്മച്ചിന്തുണർന്നിടിൽ
ഔചിത്യബോധം സ്പഷ്ടം,
ഓണമതും പൊടിപൂരം




KOMMERI ALPS

LSS-2020 WInners

SANJAY K.V.

&

HARINATH BAIJU



Yes Key Electricals & Engineering Works
Puthiyapalam, Calicut
Repair of: Motor Rewinding, Welding Set, Step-Up, Battery Charges, Mixie, Fan, Cikreema Rectifiers etc

കൂടാതെ എല്ലാവിധ
ഇലട്രിക്ക് ഉപകരണങ്ങളും
റിപ്പയർ ചെയ്തുകൊടുക്കുന്നു.
NB: വെൽഡിംഗ് മെഷീൻ
വാടകയ്ക്ക് കൊടുക്കുന്നതാണ്.

K.P. Sunil Kumar Mob:9847390950
Ph:04952702073,Resi:9048594525

HASBI
TOURS & TRAVELS



Meenchanda
Areekad
Calicut-27

Mob: SAHIR
9895 999 100
9349 666 100



# ആത്മപ്രഭാലയ ഗുരുദേവ ദർശനങ്ങൾ

**ജനാധിപത്യം എന്നാൽ എന്ത്?**

5 കൊല്ലം കൂടുമ്പോൾ തെരഞ്ഞെടുപ്പ് നടത്തി ഭൂരിപക്ഷം കിട്ടിയ കക്ഷി ഭരിക്കുകയെന്നതല്ല ജനാധിപത്യം അഥവാ ജനകീയ തെരഞ്ഞെടുപ്പ്!

രാജ്യത്തെ നിയന്ത്രിക്കുവാൻ കഴിവുള്ളവരെ കണ്ടെത്തുകയെന്നതാണ് ജനാധിപത്യപ്രക്രിയയിൽ തെരഞ്ഞെടുപ്പ്. സത്യവും ധർമ്മവും നീതിബോധവുമുള്ളവരെ കണ്ടെത്തുക. അത് ഓരോ പൗരന്റേയും ചുമതലയാണ്.

**ഭൗതികവാദം എന്നാൽ എന്ത്?**

മനുഷ്യരിലെ സത്യവും ധർമ്മവും നീതിബോധവുമുള്ളവരെ തള്ളിപറയുന്നതാവരുത് ഭൗതികവാദം. അങ്ങിനെ പറയുന്നവർ സത്യത്തേയും ധർമ്മത്തേയും കുറിച്ച് അറിവില്ലാത്തവരാണ്. ഇത്തരക്കാർ ഭൗദികവാദം എന്നപേരിൽ സയൻസിനെ കൂട്ടുപിടിച്ച് തന്റെ വാദത്തെ ന്യായീകരിക്കുകയാണ് ചെയ്യുന്നത്. തെരഞ്ഞെടുപ്പിൽ ജീവിതം എന്ന സത്യത്തെ ഉൾകൊണ്ടു പ്രവർത്തിക്കാൻ ഇവർക്കാവുകയില്ല.

**സത്യവും ധർമ്മവും നീതിബോധവുമില്ലാത്തവരുടെ മാനസികാവസ്ഥ എങ്ങിനെയിരിക്കും?**

കാമത്തിൽനിന്ന് ക്രോധവും ക്രോധത്തിൽനിന്ന് ബുദ്ധിനാശവും ബുദ്ധിനാശത്തിൽനിന്ന് ചിത്തഭ്രമവും. ഇത്തരത്തിലുള്ള മാനസികാവസ്ഥയിലുള്ള ഭരണാധികാരികൾക്ക് ഈ രാജ്യത്തെ എങ്ങിനെ നിയന്ത്രിക്കുവാൻ സാധിക്കും?

രാജഭരണകാലങ്ങളിലും അതിനുശേഷവും ചില ഭരണകർത്താക്കൾ തന്റെ ഇംഗിതം സാധിക്കുവാൻ രാജ്യത്ത് നിലനിൽക്കുന്ന സംസ്ക്കാരത്തിനേയും ആചാരങ്ങളേയും അനുഷ്ടാനങ്ങളേയും അടിച്ചമർത്തി തനിക്കു കീഴിലാക്കിക്കൊണ്ട് രാജ്യം ഭരിക്കുവാൻ അന്നും ഇന്നും പണവും അധികാരവുമുള്ള ഭരണകർത്താക്കൾക്ക് സാധിച്ചിരുന്നു.

പണം ഉപാതിക്രയവിക്രയത്തിനു വേണ്ടിയാണ് ഒരുകാലത്ത് നിലനിന്നിരുന്നത്! എന്നാൽ പണം ഒരു ഉപാതിയായി സ്വീകരിച്ചവർ അത് വേണ്ടവിധം ഉപയെഗിക്കാൻ സർക്കാറിന്റെ നിയമപരമായ നിയന്തണമില്ലാതായാൽ മനുഷ്യർക്ക് മാരണമായിമാറും.

**ഇക്കാലത്ത് പണമില്ലാതെ ജീവിക്കുവാൻ കഴിയാത്തതെന്തുകൊണ്ട്?**

ലക്ഷ്യബോധമില്ലാത്ത ജീവിതരീതികൊണ്ട് ജീവിതം എന്താണെന്നോ എങ്ങിനെ ജീവിക്കണമെന്നോ മനുഷ്യന് ഒരു നിയന്ത്രണവുമില്ല. എല്ലാവരും ജീവിതം എന്നത് താൽക്കാലികമാണെന്നും ജീവിക്കുന്നതിനു പണമുണ്ടായാൽമതിയെന്നുമുള്ള ഒരു തെറ്റായ ധാരണ വെച്ചു പുലർത്തുന്നു. ഇത്തരം ആളുകളുടെ മനസ്സിലെ ജീവിതം ഒരു ജോലി, അത് കഴിഞ്ഞാൽ ഒരു വിവാഹം, അങ്ങിനെ വിവാഹത്തിലൂടെയുള്ള ഒരു കുടുംബജീവിതം. അതിനും അപ്പുറം അവർക്ക് ജീവിതം എന്നൊരു സങ്കൽപമില്ല.

മനുഷ്യജീവിതം എന്ന സത്യം ഒരു കാലത്തും അവസാനിക്കുന്നില്ല. മനുഷ്യ ഉല്പത്തി എന്നു തുടങ്ങി എന്നു ബോദ്ധ്യമുണ്ടങ്കിലല്ലേ എന്ന് അവസാനിക്കും എന്നു പറയുവാൻ സാധിക്കുകയുള്ളു.

സത്യവും ധർമ്മവും നീതിബോധവുമുള്ള ഭരണാധികാരികൾ ഉണ്ടെങ്കിൽ മാത്രമേ ഏകതയോടെ ജനങ്ങളെ സമത്വ സുന്ദര കാലഘട്ടത്തിലേയ്ക്ക് നിയന്ത്രിക്കുവാൻ ഭരണ സംവിധാനം ഉപയെഗിക്കുവാൻ സാധിക്കുകയുള്ളു.

സത്യവും ധർമ്മവും നീതിബോധവുമില്ലാത്തവർക്ക് രാജ്യത്തേയും ജനങ്ങളുടെ മനസ്സിനേയും വെട്ടിമുറിക്കുവാനേ സാധിക്കുകയുള്ളു.

രാജാക്കന്മാരുടെ ഭരണകാലത്ത് മഹാബലവാനായ ചക്രവർത്തി എന്നതുകൊണ്ട് ആദരിക്കപ്പെടുന്നവർ സ്വാർത്ഥതയും, വ്യാമോഹവും, ക്രോധവും, അഹങ്കാരവും, അനീതിയും നിറഞ്ഞ ഒരു ഭരണാധികാരിയായിരിക്കില്ല. അങ്ങിനെയെല്ലാത്തവരാണെങ്കിൽ അവർക്ക് ഈ രാജ്യത്തെ എങ്ങിനെ നിയന്ത്രിക്കണമെന്ന് അറിവില്ലാത്തവരായിരുന്നു. തുഗ്ലക്ക് അതിനൊരു ഉദാഹരണവും കൂടിയണ്.

ഒരു മഹാത്മാവാകണമെങ്കിൽ മഹത്വമുണ്ടാകണം. മഹത്വമുണ്ടാകണമെങ്കിൽ മനോനിയന്ത്രണം ശീലിക്കണം. താനെ അത് ഉണ്ടാകുകയില്ല. ആചാര-അനുഷ്ടാനങ്ങളിൽനിന്നു മാത്രമേ മനോനിയന്ത്രണം സാധ്യമാകൂ. അധികാരം ഉള്ളതുകൊണ്ടുമാത്രം ആർക്കും അറിവുണ്ടാകുകയില്ല.

അധികാരം കിട്ടിയതുകൊണ്ടു മാത്രമല്ല മഹാബലി ചക്രവർത്തി ലോകനന്മയുടെ പര്യായമായി ആരാധ്യനായി ഇഹലോകം ഭരിച്ചത്. സത്യത്തിലും ധർമ്മത്തിലും നീതിയിലും അധിഷ്ഠിതമായ പ്രവർത്തികളുടെ കർത്താവെന്ന ജനങ്ങളിലുള്ള വിശ്വാസംകൊണ്ടാണ് മഹാബലിയെ ബലവാനെന്നു വിശേഷിപ്പിക്കുന്നത്.

ഇന്നത്തെകാലത്തു ജനങ്ങൾക്കുണ്ടായികൊണ്ടിരിക്കുന്ന പ്രശ്നങ്ങളും അസംപൃതികളും മഹാബലി ഭരിച്ചിരുന്ന കാലങ്ങളിലും ഉണ്ടായിരുന്നു. അതിനെയെല്ലാം അതതിജിവിക്കുവാനുള്ള മാർഗ്ഗങ്ങളിലൂടെ ജനങ്ങളെ നിയന്തിച്ച് ഈ ലോകത്തെ അദ്ദേഹം നിയന്ത്രണവിധേയമാക്കി.

നാടിന്റെ ഭാവിയെകുറിച്ചോർത്തപ്പോൾ അദ്ദേഹത്തിന് ദുഃഖമുണ്ടായിരുന്നതിനു കാരണം തനിക്കു ശേഷം ആരുണ്ടാകും സത്യവും ധർമ്മവും നീതിയും കൈവെടിയാതെ നാടിനെ രക്ഷിക്കാൻ എന്നായിരുന്നു.

വാമനാവതാരം എന്ന വിഷ്ണു സങ്കൽപ്പ ത്തിലൂടെ നാം മനസ്സിലാക്കേണ്ടത് മഹാബലിയെ കുറിച്ചല്ല. നമ്മെ തന്നെയാണ്. ആദ്യത്തെ കാലടികൊണ്ട് ഒരു ശക്തി നമ്മളെ നിയന്ത്രിക്കാനുണ്ടെന്നും, രണ്ടാമത്തെ കാലടികൊണ്ട് ആ നിയന്ത്രണം മനുഷ്യപ്രപഞ്ചത്തിൽ നിലനിൽക്കുമെന്നും, മൂന്നാമത്തെ കാലടി ഈ സത്യം അറിവുള്ളവർ അഹങ്കാരത്തിന്റെ തല താഴ്ത്തുമെന്നും മഹാബലി നമ്മെ ബോധ്യപ്പെടുത്തുന്നു. ■




പ്രണാമങ്ങളോടെ

എം. മോഹൻദാസ്, സൂക്തനിലയം

അരീക്കോട്ട് പറമ്പ്, പി.ഒ. കോട്ടൂളി,

കോഴിക്കോട്, ഫോൺ : 9744960052


ഗുരുദേവ സ്മൃതിയിൽ സഹകരിക്കുവാനും സംഘടിക്കുവാനും താല്പര്യമുള്ളവർ ബന്ധപ്പെടുക

# നക്ഷത്രരാജ്യം ത്രൈമാസിക മാനേജ്മെന്റ് "ത്രൈമാസിക" നേരിട്ട് സപ്ലൈ ചെയ്യുന്ന കോഴിക്കോട് സിറ്റി, കൊയിലാണ്ടി, മഞ്ചേരിയിലെ പ്രധാനപ്പെട്ട കടകൾ

*ശാസ്താസ്*
(Near K.S.R.C stand)
സിറ്റി ടവറിന് എതിർവശം
മാവൂർറോഡ്, കോഴിക്കോട്.
*കോളിറ്റി സ്റ്റേഷനറി*
7/940,കോർട്ട് റോഡ്
രണ്ടാം റെയിൽവേ ഗേറ്റിന് സമീപം
കോഴിക്കോട്- 673001
ഫോൺ: 2721358
*കെ.ആർ. ബ്രദേഴ്സ്*
എസ്.എം. സ്ട്രീറ്റ്
കോഴിക്കോട്- 673001, ഫോൺ: 2720565
*അളകാപുരി സ്റ്റേഷനറി,*
പാളയം, കോഴിക്കോട്, ഫോൺ: 9946267474
*മലബാർ സ്റ്റേഷനറി,*
(മിംസ് ആശുപത്രിയ്ക്ക് എതിർവശം)
കോഴിക്കോട്
*ലക്കിബുക്ക്സ്*
ന്യൂബസ്സ്സ്റ്റാന്റ്, കൊയിലാണ്ടി
ഫോൺ: 9846544326.
*അസീസ് സ്റ്റേഷനറി*
*കൊയിലാണ്ടി ബസ്സ്റ്റാന്റ്. കോഴിക്കോട്,*
*നെല്ലിക്കുത്ത് ബുക്ക് സ്റ്റാൾ*
(Op) ന്യൂ ബസ്സ് സ്റ്റാന്റ്, മഞ്ചേരി,
ഫോൺ: 9946628758
*വി.എം. സ്റ്റേഷനറി*
ശ്രീകൃഷ്ണ തിയേറ്റർ ഗെയ്റ്റ്
മഞ്ചേരി. ഫോൺ: 9995337568
*ശ്രീദേവി ബുക്ക്സ & പേപ്പേഴ്സ്,*
(കോടതിക്കടുത്ത്), കച്ചേരിപ്പടി
മഞ്ചേരി, ഫോൺ:
*കെ. ആർ. കൂൾബാർ*
(കരിമ്പ് ജ്യൂസ് കട), പഴയ ബസ്സ് സ്റ്റാന്റ്
മഞ്ചേരി ഫോൺ: 9946999413
*യൂണിക്ക് ബുക്ക് സ്റ്റാൾ*
(കോടതിക്കടുത്ത്), മഞ്ചേരി
ഫോൺ: 8281019502
*അപെക്സ് ബുക്ക് സ്റ്റാൾ,*
ബസ്സ് സ്റ്റാന്റ് , രാമനാട്ടുകര
ഫോൺ: ........................
*ഗുഡ്ലൈൻ ബേക്കറി*
(കോയാസ് പോസ്പിറ്റലിനു മുൻവശം)
(കോഴിക്കോടചെറുവണ്ണൂർ)
*അക്ഷര ബുക്ക്സ്* (രാമനാട്ടുകര)
*എം. കെ. ബുക്ക്സ്* (രാമനാട്ടുകര)
*ബുക്ക് ലാന്റ്* (രാമനാട്ടുകര)
*കുട്ടിയാപ്പു സ്റ്റേഷനറി* (രാമനാട്ടുകര)
*മലയാളി ഫാൻസി* (ഫറോക്ക്)
*ചന്ദ്രൻ സ്റ്റേഷനറി* (ഫറോക്ക്)
*രാജൻ സ്റ്റേഷനറി,* (പൊയിൽകാവ്)
*വിജയൻ, ജനറൽമർച്ചന്റ് & സ്റ്റേഷനറി*
(പൊയിൽകാവ്)
*അബുബക്കർ സ്റ്റേഷനറി* (പൂക്കാട്)
*ശ്രീൻ സ്റ്റോർ* (അത്താണിക്കൽ)
*പ്രതീത സ്റ്റോർ (മിൽമ)* (പന്തീരാങ്കാവ്)
*ഇ.എൻ. ജി. സ്റ്റോർ* (പന്തീരാങ്കാവ്)
*ടി.കെ. ഗോപാലൻ സ്റ്റേഷനറി* (പൊറ്റമ്മൽ)
*കൃഷ്ണൻക്കുട്ടി സ്റ്റേഷനറി* (പൊറ്റമ്മൽ)
*വാസു സ്റ്റേഷനറി* (മാങ്കാവ്)
*കെ. ജയരാജൻ സ്റ്റേഷനറി* (കാളൂർറോഡ്)
*ഫ്രണ്ട്സ് സ്റ്റേഷനറി* (കാളൂർറോഡ്)
*പ്രമീള സ്റ്റോർ* (കോന്തനാരി)
*കേരളാ സ്റ്റോർ, 6-ാം മൈൽ,* (വെള്ളിപറമ്പ്)
*കൃഷ്ണൻക്കുട്ടി സ്റ്റേഷനറി,* (അത്താണിക്കൽ)
*ജയചന്ദ്രൻ(കുട്ടൻ)സ്റ്റേഷനറി* (വെസ്റ്റ്ഹിൽചുങ്കം)
*വി.കെ.ബി. സ്റ്റോർ* (വെസ്റ്റ്ഹിൽ ചുങ്കം)
*ചുങ്കം സ്റ്റേഷനറി* (വെസ്റ്റ്ഹിൽ ചുങ്കം)
*രാമചന്ദ്രൻ സ്റ്റേഷനറി* (പുതിയപാലം)
*ധർമ്മരാജ് സ്റ്റേഷനറി* (പുതിയപാലം)
*അനിൽ കുമാർ(ബാബു)സ്റ്റേഷനറി*
(പുതിയപാലം)
*സുരഭി സ്റ്റേഷനറി* *(ഒളവണ്ണ ബസാർ)*
*രാമകൃഷ്ണൻ സ്റ്റേഷനറി* (നിയർ അപ്സര തിയേറ്റർ ടിക്കറ്റ് കൗണ്ടർ), (കോഴിക്കോട്)
*രാമദാസ് സ്റ്റോർ,* കല്ലായി റോഡ്,
(നിയർകല്ലിക്കോട്ടെ ഫണ്ട്സ്, (കോഴിക്കോട്)
*ടി.പി സ്റ്റോർ,* (ശാരദമന്ദിരം)
*കെ.എസ്. സ്റ്റേഷനറി& കൂൾബാർ* (കൈമ്പാലം)
*സാഗരൻ സ്റ്റേഷനറി,* (ഈസ്റ്റ് നടക്കാവ്)
*കവിത സ്റ്റോർസ്,* ദേവഗിരി ബിൽഡിംഗ്,ഫോൺ: 04952355921 (കാലിക്കറ്റ്മെഡിക്കൽകോളേജ)
*എം.സി. ആലിക്കോയ,* വ്യാപാരഭവൻ, (മാങ്കാവ്)
*നാരായണൻ ബുക്ക് സ്റ്റാൾ,* (ഇംഗ്ലീഷ് പള്ളി)
*ബേബി സ്റ്റേഷനറി* (കാരന്തൂർ)

കവിത



# മൺകട്ട

അനിൽ ചെങ്ങണാശ്ശേരി

ഉഴുതിളക്കിയ പാടത്ത്
ഉടലെടുത്തതാണെന്റെ ജന്മം
ചുടുവെയിലേറ്റു കരുവാളിച്ച
ജഡതുല്യമെന്റെ ജന്മം
തരള വികാരങ്ങൾ ചൂടിലുരുണ്ട
ഒരുമൺകട്ടഞാൻ
ഉലകിൻ നിശ്ശൂന്യതയിൽ
ഉരഗങ്ങളും ഉറുമ്പുകളു, മരിക്കുന്നു
എന്റെ ചിന്തകളിൽ നക്ഷത്രങ്ങളില്ല
എന്റെ വികാരങ്ങളിൽ പൂക്കളില്ല
ഭൂമിയുടെ പരുത്തമാറിൽ
പ്രണയ ചിന്തകളറ്റ്
മൂകതയുടെ നിഗൂഢതയിൽ
മൗന മാലപിക്കുന്നു.
അജ്ഞാതശിൽപിയുടെ കരവിരുത്
തുച്ഛ ജന്മമരുളിയമൺകട്ട.

കവിത



ശ്രീജ രവിന്ദ്രൻ

# കുഞ്ഞനിയൻ

സ്ക്കൂളു വിട്ടു ഞാനെത്തീടുമ്പോൾ
ഓടിയണഞ്ഞീടുമെന്നനുജൻ
പുസ്കസഞ്ചിമേശമേൽ വെച്ചിട്ട്
വാരിയെടുത്തു ഞാനുമ്മവെക്കും.
കുഞ്ഞരിപ്പല്ലുചിരിച്ചുകാട്ടി
കൊഞ്ചലോടെന്നോടവൻ മൊഴിയും
പള്ളിക്കൂടത്തിൻ വിശേഷങ്ങൾ കേൾക്കുവാൻ
കാതോർത്തു കാതോർത്തവനിരിക്കും
സ്ക്കൂളിൽ കൂട്ടുകാരേറെയുണ്ട്
അക്ഷരം പകരുവാനമ്മയുണ്ട്.
കുസൃതി കാട്ടിടുമ്പോൾ ശാശിച്ചിരുത്തുവാൻ
ഗുരുനാഥൻമാരായിട്ടേറെയുണ്ട്.

കവിത

# എന്നിട്ടും!



കവിത എസ്.കെ.

ചിരിയുതിർത്തിരുന്ന
മുല്ലപൂക്കളൊക്കെ കൊഴിഞ്ഞ്
ചെടിയാകെ ശൂന്യമായിരുന്നു.
കറുത്തിരുണ്ട് ഇടതൂർന്ന
കാടിന്റെ നടുവിൽ
വെള്ളച്ചാട്ടങ്ങൾ പെരുകികൊണ്ടേയിരുന്നു.
ഉദയവും അസ്തമയവും
മാറിമാറിനിഴലിച്ചു
നിന്നിരുന്നടത്ത്
ശിലാലിഖിതങ്ങൾപോലെ
വരകളും കുറികളും തെളിഞ്ഞുകിടന്നു
എന്നിട്ടും!
തീഷ്ണമായ രണ്ടു പ്രകാശരശ്മികൾക്ക്
ഒരുമാറ്റവുമില്ലാതെ
അതങ്ങനെ ഒടുവിൽ
തിരിഞ്ഞ് തിരിഞ്ഞ്
ഒരു പ്രണയക്കാലത്തേക്ക്
മടങ്ങിപോയതും
അങ്ങനെയായിരുന്നു.

കവിത



രവീന്ദ്രരൻ വൈദ്യർ
കൊടാപ്പള്ളി

# അമ്പരപ്പോടെ

ആ മരച്ചോട്ടിലിരുന്നു, അവൾ
പൂമരം സ്വപ്നം കാണുന്നു
അച്ഛൻ മടിയിലിരുന്നു അവൾ
ജീവിതം തന്നെ കാണുന്നു.
അമ്മയായ് പുത്രിയായ് വീടും- നാടും
കണ്ടു മയങ്ങും നേരത്തിൽ
അച്ഛൻ വിളിച്ചു മകളേ നിന്റെ
ചിന്തയിലേന്തേ മിന്നുന്നു
അമ്മ പറഞ്ഞൊരു മുത്തശ്ശിക്കു
പാലോളിതൂകി നില്ക്കുമ്പോൾ
അമ്മ പറഞ്ഞതും, ചെയ്തുതരുന്നതും
ആ മിഴിക്കോണിൽ വിരിയുന്നു.
അമ്മയണിയിച്ച പൊൻവളകണ്ട്
അമ്മിണി തേങ്ങിക്കരയുന്നു
അമ്മയില്ലാത്തൊരു ലോകം കണ്ട്
അമ്പരപ്പോടെ നില്ക്കുന്നു.

## ശേഷം

(29-ാം പേജിൽ നിന്ന് തുടർച്ച)

ലൈംഗികമായി ഭർത്താവ് ഉപയോഗിക്കുന്നു എന്നായിരുന്നു. അതോടെ ദേവിക ഒരു തീരുമാനമെടുത്തു. ഇത്രയും വിശുദ്ധൻ ചമഞ്ഞു നടന്ന തന്റെ ഭർത്താവിനെ ഇല്ലാതാക്കണം എന്നായിരുന്നു അവൾ എടുത്ത കടുത്ത തീരുമാനം. അവളത് നടപ്പിലാക്കി. വീടിന്റെ പരിസരത്ത് ആരും ശ്രദ്ധിക്കാത്ത മൊട്ട കുന്നിൻ ചരുവിൽ അവൾ ആ ശവശരീരം കൊണ്ടിട്ടു.

ആനന്ദ് വിദേശ കമ്പനിയുടെ ട്രെനിംഗിന് ബാംഗ്ളൂരേക്ക് പോകുമ്പോഴായിരുന്നു ദേവിക മനസ്സിൽ മുൻകൂട്ടി തയ്യാറാക്കിയ പദ്ധതി പ്രകാരം ആനന്ദിനെ ഇല്ലാതാക്കിയത്. അച്ഛന്റെ ഫോൺ കോളൊന്നും കാണാഞ്ഞിട്ട് മകൾക്കാണ് കൂടുതൽ വേവലാതി. മൊബൈലിൽ റേഞ്ച് കാണാഞ്ഞിട്ട് അവൾ പരിതപിച്ചു. ഇതെല്ലാം അച്ഛനെന്നു പറയാൻ അർഹതയില്ലാത്ത താൻ വകവരുത്തിയ അവിഹിത ബന്ധത്തിന്റെ സന്തതിയാണ്. സന്തതിയോടു തന്നെ അവിഹിതമുണ്ടാക്കിയവനോട് താൻ ചെയ്തതാണ് ഉചിതമായ ശിക്ഷ എന്ന് ദേവിക തന്നെ തന്നെ വിലയിരുത്തി. അതിൽ അവൾ സ്ത്രീ വർക്ഷത്തിന്റെ നേതാവായി മുന്നിൽ സ്വയം സങ്കൽപ്പിച്ച് ആത്മഹർഷം കൊണ്ടു.

എന്നാൽ അതിനൊന്നും കൂടുതൽ ആയുസ്സുണ്ടായില്ല. ഒരു ദിവസം കഴിഞ്ഞപ്പോഴേക്കും മകളുടെ അന്വേഷണം തന്നെ അപകടത്തിലേക്ക് നയിക്കുമെന്ന് ദേവിക മനസ്സിലാക്കി. മകളുടെ ഫോൺവിളി പ്രകാരം അച്ഛന്റെ സുഹൃത്തുക്കൾ വീട്ടിലെത്തി. അവർക്കും അച്ഛനെ ഫോണിലോ മറ്റേതെങ്കിലും തരത്തിലോ ബന്ധപ്പെടാനായില്ലെന്ന സത്യം വീട്ടിലറിഞ്ഞു. അത് ദേവികയെ കൂടുതൽ പ്രതിസന്ധിയിലാക്കി. അവൾ സ്വന്തം നിലയിൽ കഥകൾമെനഞ്ഞ് സഹതാപപൂർവ്വം വന്ന ആനന്ദിന്റെ സുഹൃത്തുക്കളുടെ മുന്നിലവതരിപ്പിച്ചു. അവർ ഇടപെട്ടു ദേവികയെകൊണ്ട് പരാതി പോലീസിൽ കൊടുപ്പിച്ചു.

അന്വേഷണത്തിനായി പോലീസ് ഉദ്യോഗസ്ഥന്മാർ വീട്ടിൽ വന്നു. മൊഴിയെടുത്തു. അവശേഷിപ്പിച്ച തെളിവുകളെന്തെങ്കിലും ഉണ്ടോ എന്ന് ചികഞ്ഞു. ഒന്നും കണ്ടെത്താനായില്ലെങ്കിലും മൊബൈൽ ഫോൺ ആനന്ദിനെ കാണാതായതിനു ശേഷവും അതേ ടവറിന്റെ കീഴിലുണ്ടായിരുന്നെന്ന് അവർ മനസ്സിലാക്കി. ദേവിക അത് ശ്രദ്ധിച്ചിരുന്നില്ല. അങ്ങനെ ഒരപകടം അവൾ മുന്നിൽ കണ്ടിരുന്നില്ല. താൻ ഭർത്താവിന് സമ്മാനമായികൊടുത്ത ഫോൺ അയാളെ കൊന്നപ്പോൾ ഉപേക്ഷിച്ചില്ല അതാണവൾക്ക് വിനയായത്. ആ മൊബൈൽ ഇടയ്ക്ക് റേഞ്ച് കാണിച്ചിരുന്നു. അതീ ലൊക്കേഷനിൽ തന്നെയാണ്. ദേവികയെ വീണ്ടും ചോദ്യം ചെയ്യാൻ വന്നപ്പോൾ പോലീസുകാരൻ പറഞ്ഞു. താൻ പിടിക്കപ്പെടുമെന്ന ഘട്ടത്തിൽ ദേവിക അവിടെ അടുത്തുണ്ടായിരുന്ന മാരകായുധം ഉപയോഗിച്ച് പോലീസുകാരനെ കൊന്നു. ഒരു തെറ്റ് ഒളിപ്പിക്കാൻ മറ്റൊരു തെറ്റ്. ആ ജഢവും അവൾ ഭർത്താവിന്റെ ജഢമുപേക്ഷിച്ച പൊട്ടകിണറ്റിൽ കൊണ്ട് പോയി തള്ളി. അച്ഛൻ ജോലിയ്ക്ക് പോയതു മുതൽ അശ്വതിക്ക് ദേവികയുടെ പെരുമാറ്റത്തിലും. പറഞ്ഞ മറുപടികളിലും തൃപ്തി വരാതെ അമ്മയെ സംശയം തോന്നിത്തുടങ്ങി. അവൾ അതിശക്തിയായി അമ്മയോട് പ്രതികരിച്ചു. താൻ ഇതു ലോകത്തിനു മുന്നിൽ വെളിപ്പെടുത്തും എന്ന് ഭീഷണിപ്പെടുത്തി. അത് ദേവികയുടെ സമനില ആകെ തെറ്റിച്ചു. ഇനിയും പിടിച്ചു നിൽക്കണമെങ്കിൽ താൻ തന്റെ മകളെ കൂടി കൊല്ലേണ്ടി വരുമെന്ന ഘട്ടത്തിൽ ദേവിക് കുറ്റം ഏൽക്കാൻ തീരുമാനിച്ചു. അതിന് ന്യായമുണ്ടല്ലോ എന്നതായിരുന്നു അവളുടെ വലിയ ആശ്വാസം. നിയമത്തിന്റെ കണ്ണിൽ കുറ്റവാളിയാണെങ്കിലും ലോകത്തിന്റെയും തന്റെ മനസ്സാക്ഷിയുടെയും മുന്നിൽ താൻ വൃത്തികെട്ടവളും തരം താഴ്ന്ന വളുമല്ലെന്ന ആശ്വാസം അവളെ ആനന്ദിപ്പിച്ചു. പോലീസ് സ്റ്റേഷനിൽ അവൾ കുറ്റമേറ്റു പറയാൻ ചെന്നു. എസ്. ഐയും സഹപോലീസുകാരും ദേവികയക്കൊപ്പം വീട്ടിൽ ചെന്ന് തെളിവെടുത്തു. ഭർത്താവിന്റെ ജഢം ഒളിപ്പിച്ച സ്ഥലത്തു നിന്നും അത് അപ്രത്യക്ഷമായിരുന്നു. അവൾക്ക് തന്റെ കൃത്യത്തിൽ സാക്ഷിയെയും കാണിക്കാൻ പറ്റിയില്ല. അവർ വീട്ടിലെ അകത്തിരുന്നു സംസാരിക്കുമ്പോൾ പുറത്തുനിന്നും മകൾ അശ്വതിയും ഭർത്താവ് ആനന്ദും കയറി വന്നു. അതോടെ ദേവികയുടെ എല്ലാ പിടിവള്ളികളും വിട്ടു. തനിക്കെന്താണ് സംഭവിക്കുന്നതെന്ന് അവൾക്ക് മനസ്സിലായില്ല. എല്ലാവരും തന്നെ വഞ്ചിക്കുകയാണെന്ന ധാരണയിൽ ദേവിക ആർത്തു വിളിച്ചു. അച്ഛനും അമ്മയും താൻ അത്യഗാഥമായി സ്നേഹിച്ച ദീപകും മകളും ഭർത്താവും തന്നിലലിഞ്ഞു ചേർന്ന പ്രകൃതിയും എല്ലാം തന്നെ വിദഗ്ധമായി വഞ്ചിച്ചു എന്നു വിളിച്ചു പറഞ്ഞു കൊണ്ട് അവൾ പ്രകൃതിയിലേക്കു തന്നെ ഓടി ഓടിപ്പോയി. അത്യുഛാവസ്ഥയിലുള്ള മനോരോഗമൂർഛ കാരണം ആത്മഹത്യാ പ്രവണതയുള്ള മനസ്സുമായി, മൊട്ട കുന്നിൻ ചരുവിലേക്ക് ഓടിച്ചെന്ന ദേവിക, താഴേക്ക് ചാടുമെന്ന ഘട്ടത്തിൽ അപ്പോൾ അവിടെഒരു കാറിൽ വന്നിറങ്ങിയ ദീപക്കിന്റ ശക്തമായ വിളി കേട്ട് അവൾ അതിൽ നിന്നും പിൻതിരിഞ്ഞു.

ദേവികയുടെ ഓടിപോകലിൽ ആത്മഹത്യാ സാധ്യത കണ്ട പോലീസുകാരും ഭർത്താവ് ആനന്ദും മകൾ അശ്വതിയും അവളുടെ പിന്നാലെ ഓടിയെത്തി.

വർഷങ്ങളായി കാത്തിരുന്ന ദീപക്കിനടുത്തേക്ക് പ്രണയപാരവശ്യത്തോടെ നടന്നടുക്കുകയായിരുന്നു ദേവിക. അതിനകം, തന്നെ തിരഞ്ഞെത്തിയ ആനന്ദിനും അശ്വതിയ്ക്കുമൊപ്പം ദേവികയ്ക്ക് പോകേണ്ടിവന്നു. അവർക്കൊപ്പം പോകുന്നതിനിടയിൽ ദേവിക തിരിഞ്ഞു നോക്കിയപ്പോൾ ദീപക്ക് അവിടെത്തന്നെ നിൽക്കുന്നത് കാണാമായിരുന്നു. ദേവികയ്ക്ക് മാത്രം ദൃഷ്ടിഗോചരമായ കാഴ്ച. ദേവിക മാത്രം സാക്ഷിയാവുന്ന എത്രയോ കാഴ്ചകൾ ഇനിയും പിറക്കാനിരിക്കുന്നു. ■

3 Year Wedding aniversary (06.05.17- 06.05.20)

**Abhilash P. & Sumisha Sundar**



D/O Sundaran C.M.
&
Baby Nisha
“Sreelayam”
Choyimadathil
Varattiyak
Kunnamangalam

With Best Compliments from,
C.M. Sundaran & Baby Nisha Sundar - C.M.S. Glass, Plywood & Furniture, Kovoor - C.M.S. Furniture, Pottammal

കവിത






ശ്രീധരനുണ്ണി

# പരേതാൽമാക്കൾക്കു ഒരു വോയ്സ് മെസ്സേജ്

## (ക്രൂരമായ കാലം നമ്മെക്കൊണ്ട് ഇങ്ങനേയും ചിന്തിപ്പിക്കുന്നു)

വരൂ വരൂ വീണ്ടും ബലിച്ചോറുണ്ണുവാൻ
മരിച്ചു പോയോരെ, പിതൃജനങ്ങളെ,
നടതള്ളിപ്പോന്ന ജനയിത്രികളേ,
ചിതയിൽ നീറുന്ന ഗുരു ജനങ്ങളെ
മരക്കൊമ്പിലൊരു കറുത്ത കാക്കയായ്
ഇരിക്കയാണെന്റെ പഴയ മുത്തശ്ശി,
ചെരിഞ്ഞെന്നെനോക്കി കഥ പറയുവാൻ
തിടുക്കം കൂട്ടുന്ന മരിച്ച മുത്തശ്ശി
ഉരുളയാക്കി ഞാൻ സമർപ്പിക്കാം പാപ-
മഖിലം ഒക്കെയും ഭുജിച്ചു പോകണേ
അതിനു വേണ്ടി ഞാൻ ബഹുശതം മന്ത്രം
ജപിച്ചു നിങ്ങളെ വിമുക്തരാക്കിടാം.
ഇവിടെനിന്ന് ഞാൻ കരം കൊട്ടും നേരം
വരണേ കർമ്മങ്ങൾ മുഴുവനാകട്ടെ
സമർപ്പയാമിയെണുരുക്കഴിക്കട്ടെ
അരുളു മാറാട്ടെയരിയ ഭക്ഷണം.
ഉരുളയാക്കി ഞാൻ സമർപ്പിക്കുമെന്നും
പൊരുളളാണെന്നത് മറവനീ ഞാൻ

കവിത



# അച്ഛന്റെ കോമടൻ

ഹരീഷ് കൊമ്മേരി


**നാലുവയസുള്ള കോമടകുട്ടന്റെ**
**തേങ്ങൽകേട്ടുണർന്നതാണച്ഛമ്മ.**
**കണ്ണുകാണാത്ത ആ അച്ഛമ്മ പതിയെ**
**അവനെതഴുകി തലോടികൊണ്ടാരാഞ്ഞു**
**എന്തിനാണെൻ പൊന്നോമന കുഞ്ഞേ നീ**
**എന്തിനു വേണ്ടി നീ വെറുതെ കരയുന്നു.**
**മിഴിനീർ കണങ്ങൾ തുടച്ചുകൊണ്ടന്നേരം**
**കോമടകുട്ടൻ അച്ഛമ്മനയോടായ് ചൊല്ലി.**
**നാലുദിനം കഴിഞ്ഞിട്ടുമെന്നച്ഛനെ**
**കാണാത്തതെന്തേ എന്നച്ഛമ്മേ പറയുക.**
**കോമടകുട്ടനെ വാരിപുണർന്നുകൊണ്ടച്ഛമ്മ**
**അവന്റെ കവിളിൽ ആദ്യമൊരുമുത്തമേകി.**
**മകനെ പൊന്നോമന കുട്ടനെ നിന്നച്ഛൻ**
**പുണ്യക്ഷേത്രമാം മൂകാബികയിലാണുണ്ണി**
**ഇന്നുവരും നിൻ പൊന്നച്ഛനെൻ മകനെ**
**ഇങ്ങനെ കരഞ്ഞു നീ കണ്ണുനീർ വീഴ്ത്തല്ലേ**
**ഉമ്മറതിണ്ണയിരുന്നുകൊണ്ടച്ചമ്മ-**
**മുറുക്കാനിടിച്ചുകൊണ്ടൊരു കഥചൊല്ലി-**
**കഥയതുതീരുമുമ്പേ മുറ്റത്തെങ്ങാണ്ടായൊരു**
**കാൽപെരുമാറ്റം കേട്ടു കോമടകുട്ടനപ്പോൾ**
**പുഞ്ചിരിതൂകികൊണ്ട് മുറ്റത്തുനില്ക്കുന്ന**
**അച്ഛനരികിലേക്കവൻ ഓടിയണഞ്ഞെത്തി.**
**കാലങ്ങൾ അങ്ങനെ ഒരുപാട് മാറിപോയ്**
**കോമടകുട്ടനും ഒരുപാട് വളർന്നുപോയ്**
**സ്നേഹനിധിയാം അച്ഛനും പിന്നച്ഛമ്മയും**
**വെറുമൊരു ഓർമ്മകൾ മാത്രമായ്.**

ലോകവിചാരം



പി.ആർ നാഥൻ

# പപ്പടം കിട്ടിയില്ലേ?




മലയാളികൾ പൊതുവെ നന്ദി കുറഞ്ഞവരാണെന്ന് പറയുമ്പോൾ അതൊരു അപരാധമാകുമോ എന്നറിയുകയില്ല. നന്ദി പറയാൻ മറന്നു പോകുന്നു. വാക്കിലൊ നോക്കിലൊ പെരുമാറ്റത്തിലൊ നന്ദി ഉണ്ടാവുകയില്ല. അന്യരെ അഭിനന്ദിക്കാനും നമുക്ക് മടിയാണ്. മറ്റൊരാളെ പുകഴ്ത്തുക വഴിതാൻ ചെറിയവനായിപ്പോകുമോ എന്ന ഭയമാണ് നമുക്കുള്ളത്. അതു കൊണ്ട് സമൂഹത്തിൽ അഭിനന്ദനങ്ങൾ ദുർലഭമാകുന്നു. നന്ദി പ്രകടനങ്ങൾ ഇല്ലതാകുന്നു. ചെറിയചടങ്ങുകൾക്കു പോലും നന്ദി പറയണം എന്നൊരു സംസ്കാരത്തെ അനുകരിക്കുന്നവരാണ് നാമെല്ലാം. ഒരു മാതാവുപോലും മകനിൽ നിന്ന് നന്ദി പ്രതീക്ഷിക്കുന്നുണ്ട്. ഉണ്ടാക്കിക്കൊടുത്ത ആഹാരം കഴിക്കുമ്പോൾ മകൻ എന്നെങ്കിലുമൊരിക്കൽ തന്നെ അഭിനന്ദിച്ചാൽ നന്നായിരുന്നു എന്ന് ഏതൊരു അമ്മയും ചിന്തിച്ചുപോകും. പക്ഷെ നന്ദി സൂചകമായി ഒരു ചലനം പോലും മകനിൽ നിന്ന് ഇല്ലാതാകുമ്പോൾ അമ്മമാർ നിരാശരാകും. അവരത് പ്രകടിപ്പിക്കാറില്ലെന്നു മാത്രം.

വലിയ വീടുകൾ പണിയുന്നതിന്റെ പിറകിലുള്ള മനഃശാസ്ത്രം എന്താണ്? ഇത്രയും വലിയവീട് പണിയത്തക്കവിധം താൻ ധനികനാണെന്ന് നാട്ടുകാർ അറിയണം. കോടികൾ മുടക്കി ഒരു വലിയ ബംഗ്ലാവ് പണിയുന്നതിന്റെ പിറകിൽ അന്തിയുറങ്ങുക എന്ന ലക്ഷ്യം മാത്രമല്ല ഉള്ളത്. കമനീയമായ അലങ്കാരങ്ങൾ. പരവതാനികൾ. വീടിന്റെ പാലുകാച്ചിന് പരിചയക്കാരേയും ബന്ധുക്കളേയും ക്ഷണിക്കുന്നു. അവർ പുഞ്ചിരിയോടെ വീട്ടിലേക്ക് കടന്നുവരുന്നു. സ്വന്തം വീട് അന്യർ കാണുമ്പോൾ നമുക്ക് ആഹ്ലാദമുണ്ടാകുന്നു. ഈ വീട് പണിതത് മറ്റുള്ളവർക്ക് കാണാൻ വേണ്ടിയാണെന്ന് ഏതു വിഡ്ഢിക്കും അറിയാവുന്ന കാര്യമാണ്. ആഹാരം കഴിച്ച് മടങ്ങുമ്പോൾ അതിഥികൾ പറയുന്നത് ഗൃഹനാഥൻ കേൾക്കുന്നില്ല. അവർ പരസ്പരം പറയുന്നത് ഇങ്ങിനെ.

"എന്തിനാണ് ഈ മനുഷ്യന് ഇത്രവലിയ വീട്? മക്കൾ രണ്ടുപേരും വിദേശത്താണ് അവർ ഈ ജന്മം ഇങ്ങോട്ട് വരാൻ പോകുന്നില്ല."

"അതുതന്നെയാണ് എനിക്കും പറായാനുള്ളത്. ഈ വീട് അടിച്ചുവാരി തുടയ്ക്കാൻ ആളെ കിട്ടുമൊ? തന്തയ്ക്കും തള്ളയ്ക്കും പാർക്കാൻ പാകത്തിൽ ഇവർക്ക് ഒരുചെറിയ വീട് മതിയായിരുന്നില്ലെ?"

ഇങ്ങിനെ സംസാരിക്കുന്നവരുടെ അഭിനന്ദനം കിട്ടാൻ വേണ്ടി മാത്രമാണ് ആ വ്യക്തി ഇത്ര വലിയ ഒരു വീട് പണിതത്. എന്നിട്ട് അഭിനന്ദനം കിട്ടിയില്ല എന്നതു മാത്രമല്ല ദുഃഖകരമായ വസ്തുത. അവർ പരിഹസിക്കുകയും ചെയ്യുന്നു. ഈ ഭൂമിയിൽ തന്റെ ബംഗ്ലാവു കണ്ട് പരിഭ്രമിക്കുന്നവർ എത്രപേരുണ്ടാകും. അതിശക്തിയോടെ ചിന്തിച്ചാൽ ആയിരം പേരുണ്ടാകും. ഇവരിൽ ആരെങ്കിലുമൊരാൾ അഭിനന്ദിച്ചുവൊ? ഇല്ല എന്ന് ഉത്തരം.

വിവാഹ വേളകളിലും ഈ വികാരം പ്രകടമാവുന്നതാണ്. ഒരു വിവാഹം നടത്താൻ എത്രലക്ഷം രൂപയാണ് ചിലവുവരുന്നത്. കണ്ടമാനം പണം മുടക്കി സ്റ്റാറ്റസ്സിനനുസരിച്ച് കല്യാണത്തെ ഒരു മാമാങ്കമാക്കുന്നു. ഇഷ്ടവിഭവങ്ങൾ നൽകി സദസ്സിനെ സൽക്കരിക്കുന്നു. തൃപ്തിയായ ഭാവം ആരുടെ മുഖത്തും പ്രകടമല്ല. വിവാഹചടങ്ങുകഴിഞ്ഞ് മടങ്ങുന്നവരുടെ വർത്തമാനം ഇങ്ങനെ.

"ഒരു വിവാഹത്തിന് എന്തിനാണ് ഇത്ര ധൂർത്ത്?"

ഇതൊക്കെ ഒരു ചെറിയ ചടങ്ങാക്കി നടത്തിയാൽ പോരെ?

ഇത്രയും വിഭവങ്ങൾ വിളമ്പിയാൽ എങ്ങിനെയാണത് കഴിക്കുക. ഇന്നത്തെ ദിവസം എനിയ്ക്ക് നാല് കല്ല്യാണ ചടങ്ങിൽ അറ്റൻഡ് ചെയ്യണം. കല്യാണ

ത്തിന് വാരിക്കോരി പണ ചിലവാക്കുക എന്നത് നമുടെയൊക്കെ അഹങ്കാരമാണ്."

ചുക്കിപ്പറഞ്ഞാൽ വീടിന്റെ പാലുകാച്ചിന് വന്നവരും കല്ല്യാണ ച്ചടങ്ങിൽ പങ്കെടുത്തവരും തൃപ്തികരമായ രീതിയിൽ അഭിനന്ദിക്കുന്നില്ല. ഇതൊക്കെ പറയുന്നവരും വലിയ ബംഗ്ലാവുകൾ പണിതുകൊണ്ടിരിക്കുന്നു. വിവാഹവേളയിൽ എന്തൊക്കെ ആർഭാടമാകാമെന്ന കാര്യത്തിൽ അവരും റിസർച്ച് ചെയ്യുന്നു. അഭിനന്ദനവും നന്ദിയുമില്ലാത്ത ഒരു സമൂഹത്തിലാണ് എല്ലാവരും ജീവിക്കുന്നത് എന്ന ചിന്ത നമ്മെയെല്ലാം അസ്വസ്ഥരാക്കുന്നു. നല്ലതുപറയാൻ മടിയുള്ളവരോട് നിർബന്ധപൂർവ്വം നാം അഭിപ്രായം ചോദിച്ചാൽ നന്നായിരിക്കുന്നു എന്ന് അവർ ഒരിക്കലും പറയുകയില്ല.

കുഴപ്പമില്ല എന്നായിരിക്കും പ്രതികരണം. ആ പ്രതികരണത്തിൽ തന്നെ കുഴപ്പം എന്ന കയ്പ്പുള്ള ആശയം ഒളിച്ചിരിക്കുന്നു.

നന്ദി, തൃപ്തി, അഭിനന്ദനം എന്നീ വികാരങ്ങൾ പാടെ അസ്തമിച്ചു എന്നാണൊ പറഞ്ഞുവരുന്നത്? അല്ല എന്ന് ഉത്തരം. നന്ദിയുടെയും തൃപ്തിയുടെയും അനുഭവം വിസ്തരിക്കണമെങ്കിൽ ഇത്രയും കാര്യങ്ങൾ ആമുഖമായി പറയണം. ഇനി നാം കടന്നുചെല്ലുന്നത് നന്മയുടെയും നന്ദിയുടെയും ലോകത്തിലേക്കാണ്.

ഒരു നാൾ ഞാൻ എല്ലാതിരക്കുകളിൽ നിന്നും മോചിതനായി തമിഴ്നാട്ടിലേക്ക് വണ്ടി കയറി. ധൃതിയില്ലാതെ ഏതാനും സ്ഥലങ്ങളിൽ അലഞ്ഞുനടക്കുക എന്നതായിരുന്നു എന്റെ മോഹം. വലിയ ആഗ്രഹങ്ങളൊന്നുമില്ലാതെ എന്റെ വീട്ടുപരിസരത്തും ചുറ്റുപാടുകളിലുമായി അലഞ്ഞു നടക്കുന്ന ഒരു നായയായിരുന്നു എനിക്കുള്ള പ്രചോദനം. ആ നായയ്ക്ക് ടെൻഷനില്ല. ഉൽക്കണ്ഠയില്ല. തിരഞ്ഞെടുപ്പിൽ ആരു ജയിക്കുമെന്ന് അറിയാനുള്ള ജിജ്ഞാസയില്ല.

തെണ്ടിയായ ഒരു നായ എന്ന് മറ്റുള്ളവർ വിശേഷിപ്പിക്കുമ്പോൾ ദുഃഖവുമില്ല. ഒരു നായയുടെ ജന്മത്തിലേക്ക് ഉയരാൻ തന്നെ ഞാൻ നിശ്ചയിച്ചു. മദിരാശി മെയിലിൽ കയറി ആർക്കോണത്ത് പ്രഭാതത്തിൽ വണ്ടിയിറങ്ങി. അവിടെ നിന്ന് മറ്റൊരു ട്രെയിനിൽ "റാണിഗുണ്ട" യിലെത്തി. തുടർന്ന് "കളഹസ്തി" യിലെത്തി. അവിടെയെല്ലാം കറങ്ങി നടന്നു. തുടർന്ന് അവിടെ നിന്നും ഒരു ടാക്സിപിടിച്ച് നേരെ കാഞ്ചിപുരത്തേക്ക് യാത്രയായി.

പലവട്ടം "കാഞ്ചിപുരത്ത്" പോയിട്ടുണ്ടെങ്കിലും ഇപ്രാവശ്യത്തെ ലക്ഷ്യത്തെക്കുറിച്ച് വ്യക്തമായ ധാരണയില്ല. യാത്ര എവിടെയാണ് അവസാനിപ്പിക്കേണ്ടത് എന്ന് ഡ്രൈവർ പെരുമാൾ ചോദിച്ചപ്പോൾ പെട്ടെന്നു പറഞ്ഞ മറുപടി കാഞ്ചിശങ്കരാചാര്യരുടെ ആശ്രമം എന്നായിരുന്നു. കാഞ്ചി ആശ്രമത്തിലെത്തുമ്പോൾ ഉച്ചയൂണിന്റെ നേരമായിരുന്നു. അവിടെത്തെചടങ്ങുകളിൽ പങ്കെടുക്കുമ്പോൾ പലരും അന്വേഷിക്കുന്നത് ആഹാരം കഴിച്ചുവൊ എന്നാണ്. വിശക്കുന്നവർക്ക് അന്നം കൊടുക്കുക എന്നത് എല്ലാ ആശ്രമങ്ങളുടെയും ധർമ്മമാണ്. ഭാരതമാസകലം നിരവധിയാത്രകൾ നടത്തിയ ഞാൻ എത്രയൊ ഭോജനശാലകൾ കണ്ടിട്ടുണ്ട്. ആഹാരം സൗജന്യമായി കിട്ടുന്നതുകൊണ്ട് അലസമായി കഴിയുന്ന ധാരാളം വ്യക്തികളെ ഇവിടെ വച്ച് കാണാവുന്നതാണ്. കാഞ്ചിയിലെ ഒരു ഭോജനശാലയിൽ നിന്ന് ഞാൻ ആഹാരം കഴിച്ചു. ഹോട്ടലിൽ നിന്നും അത്ര നല്ല ആഹാരം കിട്ടുകയില്ല. ആഹാരം കഴിഞ്ഞ ശേഷം നീണ്ടുനിവർന്ന് കിടന്ന് വിശ്രമിക്കണമെന്ന് തോന്നി.


# ശ്രീ ഭദ്ര ജ്യോതിഷം

**കർമ്മം, വിദ്യ, വിവാഹം, ശത്രുദോഷം, മാനസിക പിരിമുറുക്കം, ധനം എന്നിവക്ക് രേഖാ ജ്യോതിഷത്തിലൂടെ ഉത്തമ പരിഹാരം**

**ശില്പങ്ങളോടുകൂടി റെഡിമെയ്ഡ് പൂജാമുറികൾ തയ്യാറാക്കി കൊടുക്കും**

**ഭവനം, കടകൾ, പ്ലാറ്റുകൾ തച്ചുശാസ്ത്ര വിധിപ്രകാരം സ്ഥാനം നിർണ്ണയിച്ചു കുറ്റിയടി കർമ്മങ്ങൾ ചെയ്തുകൊടുക്കുന്നു.**






**വാസ്തു പൂജ ചെയ്തുകൊടുക്കുന്നു**

ഫോണിൽ ബന്ധപ്പെട്ടശേഷം മാത്രം വരിക.

**സുഷാന്ത് എം.പി.**

**ഫോൺ: 9207943125**

**തയ്യിൽതാഴം**



**തച്ചുശാസ്ത്ര വിധിപ്രകാരം മര സംബന്ധമായ എല്ലാ ജോലികളും ചെയ്തുകൊടുക്കുന്നു.**

## സി.എം.എസ്. ഗ്ലാസ്സ്, പ്ലൈവുഡ് & ഫർണീച്ചർ

**അർഷണ സെന്റർ, കോവൂർ, കോഴിക്കോട്**

**ഫോൺ: 0495 2353022, സി.എം. സുന്ദരൻ - 9388412430**








ഗ്ലാസ്സ്, പ്ലൈവുഡ്, ഫർണീച്ചർ, ഫൈബർ ഡോർ,
*ഗ്ലാസ്സ് ബെന്റിങ്ങ്, കളറിംഗ്, ബവലിംഗ്, എച്ചിംങ് വർക്സ്*
ഹാർഡ് വേർ, കിച്ചൻ ക്യാബിനറ്റ്, *അക്വേറിയം,*

# സി.എം.എസ്. ഫർണീച്ചർ

**തൊടിയിൽ ബിൽഡിംഗ്, പൊറ്റമ്മൽ , കോഴിക്കോട് 673 017**

**ഫോൺ: സി.എം. സുന്ദരൻ 9388412430**



**0% - Intrest Bajaj Finance**

BAJAJ FINSERV

പലിശ രഹിത വായ്പാ സൗകര്യം



**സോഫസെറ്റ് - 14500 രൂപ മുതൽ**
**കട്ടിൽ & ബെഡ് - 16000 രൂപ മുതൽ**
**ബെഡ്റൂം സെറ്റ് - 33900 രൂപ മുതൽ**
**ഡൈനിംഗ് ടേബിൾ &**
**6 Nos ചെയർ (Wooden) 21900 രൂപ മുതൽ**





**ചികിത്സക്കും ആയുർവ്വേദ ഔഷധങ്ങൾക്കും**

## Agency : KACOPS, KOTTOOLI

**Mob : 9747868041**




**29/1552 A2, KOTTOOLI CENTERE**

**KOZHIKODE - 16**



**എല്ലാവിധ ഇൻഡസ്ട്രിയൽ ജോലികൾക്കും സമീപിക്കുക**




# ശാരദ
## ഇൻഡസ്ട്രിയൽസ്



**കാളൂർറോഡ് , മാങ്കാവ്**

**കോഴിക്കോട് - 673 007**

**Mob : 9846412070**



ഞാൻ തിരക്കുകളിൽ നിന്നും ധൃതികളിൽ നിന്നും ആ നായയെപ്പോലെ മോചനം നേടിയവനാണെന്ന് മനസ്സിനോട് പറഞ്ഞുകൊണ്ടിരുന്നു. അതിഥികൾ ധ്യാന നിരതരായിരിക്കുന്ന ഹാളിൽ കയറി. മാർബിൾ തറയിൽ കണ്ണടച്ച് മയക്കുമ്പോഴാണ് മറുവശത്ത് കുത്തിയിരിക്കുന്ന രണ്ട് മനുഷ്യരുടെ രൂപം ശ്രദ്ധിച്ചത്.

ഇരുവർക്കും അറുപത് കഴിഞ്ഞിരിക്കുന്നു. നരച്ചതാടി. സന്യാസിമാരെല്ലെങ്കിലും ഗ്രാമീണമായ വേഷം രണ്ടുപേരും മനസ്സുകൊണ്ട് തൃപ്തരാണെന്ന് അവരുടെ പെരുമാറ്റത്തിൽ നിന്ന് വ്യക്തമായി. അവർക്ക് തിരിക്കുകളില്ല. വയർ നിറഞ്ഞുകഴിഞ്ഞാൽ ഇനി എന്തിനെക്കുറിച്ചാണ് ചിന്തിക്കാനുള്ളത്. റേഷൻകാർഡൊ ആധാർകാർഡൊ ഇല്ലാതെ എത്രയൊ ജീവജാലങ്ങൾ ജീവിക്കുന്ന ഈ ഭൂമിയിൽ മനുഷ്യരായ നമുക്ക് ആഹാരം കിട്ടുന്നുണ്ടല്ലൊ. മലർന്നു കിടന്നുകൊണ്ട് ഞാൻ അവരുടെ സംഭാഷണം ശ്രദ്ധിച്ചു. അവർ പരസ്പരം തമിഴിൽ പറഞ്ഞകാര്യങ്ങൾ ഞാൻ മലയാളത്തിൽ കുറിച്ചിടുന്നു.

"ആഹാരം കഴിച്ചുവൊ സ്വാമി"

"കഴിച്ചു"

"തൃപ്തിയായൊ?"

"അതിത്രചോദിക്കാനുണ്ടോ?" വളരെ തൃപ്തിയായി. "

"എന്തൊക്കെ ഉണ്ടായിരുന്നു"

"ചോറ്. അത് നല്ല അരിയുടെ ചോറായിരുന്നു. തഞ്ചാവൂർ റൈസ്. പിന്നെ സാമ്പാറ്"

"സാമ്പാറിൽ എന്തൊക്കെ കഷ്ണങ്ങളുണ്ടായിരുന്നു?"

"വെണ്ടക്ക, മുരിങ്ങക്ക, തക്കാളി"

"കാരറ്റ് ഉണ്ടായിരുന്നൊ"

"കാരറ്റ് ഇല്ലായിരുന്നൂ. ഇന്നലെ കാരറ്റായിരുന്നു മെയിൻ"

"പിന്നെ"

രസം അതു നന്നായിരുന്നു. ഉപ്പേരി അത് കായംകൊണ്ടുള്ളതായിരുന്നു."

"മോര് ഉണ്ടായിരുന്നില്ലെ"

"ഉണ്ടായിരുന്നു.. നല്ല മോരായിരുന്നു."

"പിന്നെയൊ"

ആസ്വദിച്ചുകൊണ്ടാണ് അയാൾ ചോദ്യങ്ങൾക്ക് മറുപടി പറയുന്നത്. ചോദ്യകർത്താവും അന്നത്തിന്റെ ആരാധകനാണ്. രണ്ടമൻ തുടർന്നു

"പിന്നെ ചുക്കുവെള്ളം. അപ്പളം., നിങ്ങൾ കഴിച്ച ഭോജനശാലയിലെ സ്ഥിതി എങ്ങിനെ?"

രണ്ടാമന്റെ ചോദ്യം ഒന്നാമനോടായിരുന്നു. ഒന്നാമൻ വാചാലനായി. ഇങ്ങിനെയൊരു ചോദ്യം കേൾക്കാനായി അയാൾ കാത്തിരിക്കുകയായിരുന്നു.

"തിരുത്തണിയിൽ നിന്നും ലോറിയിൽ കൊണ്ടുവന്ന ഇലയിലായിരുന്നു അന്നം. ആ ഇലയിൽ ഊണു കഴിക്കാൻ ഭാഗ്യംചെയ്യണം. ചൂടുള്ള ചോറ്, സാമ്പാറ്, രസം, സ്പെഷ്യലായി ഒരു കറി വേറെയും ഉണ്ടായിരുന്നു പിന്നെ രാമച്ചമിട്ട വെള്ളം, മോര്."

ഇത്രയും വിസ്തരിച്ച ശേഷം പെട്ടെന്ന് ഒരു ഞെട്ടലോടെ അയാൾ തുടർന്നു

"കടവുളേ ഒരു കാര്യം വിട്ടുപോയി അപ്പളം."

"കഴിഞ്ഞ വ്യാഴാഴ്ച്ചത്തെ അന്നത്തേക്കാൾ ഇന്നത്തെ ഭോജനം നന്നായിരുന്നുവൊ?"

"രണ്ടും നന്നായിരുന്നു. കഴിഞ്ഞ തവണയും മോശമല്ല." തുടർന്ന് അവർ എന്റെ നേരെ തിരിഞ്ഞു. അവരുടെ വർത്തമാനം ശ്രദ്ധിച്ച ഒരു വ്യക്തി എന്ന നിലയ്ക്ക് അവർക്ക് എന്നോട് സംസാരിക്കാൻ അവകാശമുണ്ട്.

"സ്വാമി എവിടെന്നാവരുന്നത്? ഊര്."

"കോഴിക്കോട്"

"ആന്ധ്രയിലാണ് അല്ലെ?"

"അല്ല. കേരളാവിലാണ്"

"ഊണ് എവിടെന്നാ കഴിച്ചത്"

"പെട്രോൾ പമ്പിന്റെ എതിർവശമുള്ള ഭോജനശാലയിൽ നിന്ന"

"എന്തൊക്കെ ഉണ്ടായിരുന്നു ഡീറ്റയിൽസ് കേൾക്കട്ടെ"

"ഇല ചോറ് സാമ്പാറ് "

"പിന്നെ?"

ഉത്തരം പറയാൻ എനിക്കറിഞ്ഞു കൂട. ഞാൻ നന്ദി ഇല്ലാത്തവനാണ്. നന്ദി ഇല്ലാത്തവർക്ക് ഓർമ്മശക്തികുറയും

"പിന്നെ ഒരു ഉപ്പേരി ഉണ്ടായിരുന്നു"

"അതെന്തായിരുന്നു"

"കാബേജ്"

"തീർന്നുവൊ?"

"തീർന്നു"

"രസം വിളമ്പിയില്ലെ?"

"വിളമ്പി"

"പിന്നെന്തേ അത് പറയാതിരുന്നത്. തന്ന കാര്യം വിസ്മരിക്കാമൊ. രസം കൂടാതെ പിന്നെ എന്തൊക്കെ ഉണ്ടായിരുന്നു"

ഞാൻ ചിന്തിച്ചു നോക്കി. ഇനി ഒന്നും പറയാനില്ല. ആഹാരം കഴിക്കുമ്പോഴും വിഭവങ്ങളെക്കുറിച്ച് ചിന്തിച്ചിട്ടില്ല. നന്ദിയുള്ള രണ്ട് മഹത് വ്യക്തികൾക്കിടയിൽ നന്ദിയില്ലാത്ത ഒരു കലികാലമനുഷ്യൻ കിടക്കുന്നു.

"വേറെ ഒന്നും ഉണ്ടായില്ല എന്നാണൊ പറയുന്നത്?"

അവിടെ പായസം കൊടുത്തിരുന്നുവല്ലൊ"

"ശരിയാണ് പായസം ഉണ്ടായിരുന്നു"

"പിന്നെയൊ"

ഇരുവരും ജിജ്ഞാസയോടെ തമിഴിൽ എന്നോട് ചോദിക്കുന്നു ഞാൻ തുടർന്നു.

"പിന്നെ ഒന്നും ഉണ്ടായിരുന്നില്ല."

"അപ്പളം ഉണ്ടായിരുന്നില്ലെ?"

"നിങ്ങൾ തുടക്കത്തിൽ പന്തിയിൽ ഇരുന്ന ആളെല്ലെ? അവസാനം ചെന്നവർക്ക് അപ്പളം കിട്ടാറില്ല."

"നിങ്ങൾക്ക് അപ്പളം കിട്ടിയില്ലെ?"

ഞാൻ പപ്പടം ഭക്ഷിച്ച് അത് നിർമ്മിക്കുന്നവരെ പ്രോത്സാഹിപ്പിക്കുന്ന വ്യക്തിയല്ല. പപ്പടം ഭക്ഷിക്കാത്തവനാണ്. ഉഴുന്നും ഉപ്പും കാരവും ചേർന്ന് ആ വസ്തുഭക്ഷിച്ചാൽ നാക്കിൽ പുണ്ണുണ്ടാകും. അതുകൊണ്ട് പപ്പടം തന്നാലും നിഷേധിക്കുന്ന സ്ഥിതിക്ക് അതിനികിട്ടിയൊ എന്ന് ഓർമ്മയില്ല.

ഏറെ നേരത്തെ നിശ്ശബ്ദത തളംകെട്ടി നിന്നപ്പോൾ രക്ഷപ്പെട്ടു എന്നാണ് ഞാൻ കരുതിയത്. സുഹൃത്തുക്കൾ വീണ്ടും അന്വേഷിക്കാൻ തുടങ്ങി.

"അപ്പളം കിട്ടി എന്നോ കിട്ടിയില്ല എന്നാണോ നിങ്ങൾ പറയുന്നത്. അവിടെ നിന്ന് പപ്പടം കിട്ടാതിരിക്കില്ലല്ലോ."

"അപ്പളം കിട്ടി"

"പിന്നെന്തേ അത് പറയാതിരുന്നത്?"

നന്ദികേടുകൊണ്ട് എന്ന് ഞാൻ പറഞ്ഞില്ല. ഞാൻ എന്നെ തന്നെ കുറ്റപ്പെടുത്തുന്നതെങ്ങിനെ? ജീവിതത്തിൽ കുറേക്കൂടി തൃപ്തി സ്വരൂപിച്ചെടുക്കേണ്ടതുണ്ടെന്ന് എനിയ്ക്ക് തോന്നിക്കൊണ്ടിരുന്നു. നന്ദിയില്ലാത്ത ഒരു വ്യക്തിയ്ക്ക് എങ്ങിനെയാണ് പശ്ചാത്തലത്തിൽനിന്ന് വാത്സല്യം കിട്ടുക? സുഹൃത്തുക്കൾ മലർന്നുകിടന്ന് വർത്തമാനം തുടർന്നു. തിരുപ്പതിയിലെ ഭോജനശാലകളിലെ വിഭവങ്ങളെക്കുറിച്ചായിരുന്നു തുടർന്നുള്ള ചർച്ച. സൗജന്യമായികിട്ടിയ ആഹാരത്തെ അവർ ആസ്വദിക്കുന്നു. അഭിനന്ദിക്കുന്നു. തൃപ്തി പ്രകടിപ്പിക്കുന്നു.

നമ്മുടെ കൂട്ടത്തിൽ എത്ര പേർ വിവാഹസദ്യയിലൊ മറ്റൊ പങ്കെടുത്താൽ ഭക്ഷണം തന്നവരെ പ്രശംസിക്കാറുണ്ട്? എനിക്കറിഞ്ഞുകൂട.

ചെറുകഥ



വിജയൻ ചെറുവറ്റ

# അച്ഛനും അമ്മയും

സമയം വൈകിയല്ലോ, എന്താ എന്റെ മോൾ ഇത്ര വൈകിയത്. സേതുലക്ഷ്മി അങ്കലാപ്പോടെ പുറത്തേക്കു നോക്കി. വിശാലമായ പാടം, വരണ്ടുണങ്ങിയപാടത്തിനരികിലൂടെ ചെമ്മൺപാത. ഇടക്കിടക്ക് പൊടിപറത്തികൊണ്ടോടുന്ന ടിപ്പർ ലോറികൾ.

സേതുലക്ഷ്മി പടിവരെ പോയി നിന്നു. പല പല ചിന്തകൾ അവരെ അലട്ടികൊണ്ടിരുന്നു. ഒരു പെൺകുട്ടിയല്ലെ. ഇക്കാലത്ത് പേടിക്കേണ്ടതും അതു തന്നെയാണ്. നിതൃവും പത്രത്തിൽ കാണുന്നത് അത്തരത്തിലുള്ളതാണല്ലോ. പ്രായപൂർത്തിയായ പെൺകുട്ടികളുടെ മാതാപിതാക്കൾക്ക് മനസ്സിൽ തീയാണ്.

കോളേജിൽ അവസാനവർഷ ബി.എ വിദ്യാർത്ഥിനിയാണ് കീർത്തന. സേതുലക്ഷ്മി, രവി ദമ്പതികൾക്ക് സ്വന്തമെന്നു പറയാവുന്ന ഏക മകൾ. മകൾക്ക് വേണ്ടി ജീവിതം ഉഴിഞ്ഞുവെച്ചവരാണിവർ. മകളുടെ ഏതാഗ്രഹവും ഇവർ സാധിച്ചു കൊടുക്കാതിരുന്നിട്ടില്ല. അത്രക്ക് ലാളനയും, കരുതലുമാണവർക്ക്.

ഭഗവതിക്കാവും കഴിഞ്ഞു ഇടത്തോട്ടു തിരിയുന്ന റോഡരികിൽ അവർ നിലയുറപ്പിച്ചു. സമയം ആറുമണിയായിരിക്കുന്നു. നാലുമണിക്കെത്തേണ്ടതാണവൾ. ആപൽ ചിന്തകളെന്തൊക്കൊയോ, അവരുടെ മനസ്സിൽ കൂടി കടന്നു പോയി. ആരോടു ചോദിക്കും, ഒന്നിനും ഒരു നിശ്ചയവുമില്ല, അതാ വരുന്നു. കീർത്തന ആളിക്കാത്തുന്ന തീയിൽ വെള്ളം കോരിയൊഴിച്ചപോലെയായി മനസ്സ്.

"എന്താ മോളെ ഇത്ര വൈകിയത്,"

അവൾ ഓന്നും ഉരിയാടാതെ വേഗം നടന്നു. വീട്ടിലേക്കു കയറിപ്പോയി.

"എന്താ മോളെ മുഖം വാടിയിരിക്കുന്നല്ലോ, എന്തു പറ്റി" പിന്നാലെ ചെന്നു ചോദിച്ചു, അതിനും അവൾ മറുപടിയൊന്നും പറഞ്ഞില്ല. തന്നെ ശ്രദ്ധിക്കാത്തതുപോലെ ഡ്രസ്സുമാറി കുളിമുറിയിലേക്കുപോയി. വീണ്ടും മനസ്സുചഞ്ചലമായി മോൾക്കിന്നെന്തുപറ്റി. ഇങ്ങിനെ ആയിരുന്നില്ലല്ലോ. എന്തോ പന്തികേടുണ്ട്.

മകൾ കുളികഴിഞ്ഞിറങ്ങുന്നതും നോക്കി. പുറത്തിരുന്നു. "കീർത്തനെ, മോൾക്കിന്നന്തുപറ്റി" ഇതുവരെ കാണാത്ത ഭാവമായിരുന്നു അവളുടെ മുഖത്ത്.

"ഞാൻ ഒരു കൊച്ചുകുട്ടിയൊന്നുമല്ല, അത്യാവശ്യം വിവരവും, വിവേകവുമൊക്കെ എനിക്കു



ണ്ട്."പെട്ടെന്ന് സ്തംബ്ധയായി നിന്ന പോയി. ഒരിക്കലും ഇതുപോലൊരു സംസാരം മകളിൽ നിന്നുണ്ടായിട്ടില്ല. അവൾക്ക് താനെന്നും അമ്മ മാത്രമായിരുന്നില്ലല്ലോ. ഒരു കളിക്കൂട്ടുകാരിയുമായിരുന്നല്ലോ.

വേഗം ഭക്ഷണം കഴിച്ചെന്നു വരുത്തി അവൾ മുറിയിൽ കയറി വാതിലടച്ചു. ഒന്നും അവൾ സംസാരിക്കുന്നില്ല. മനസ്സിൽ അങ്കലാപ്പും സങ്കടവും കൂടിവന്നു. രാത്രി എല്ലാവരും ഒരുമിച്ചാണ് ഭക്ഷണം കഴിക്കാറ് രവിയേട്ടൻ രാത്രി കടയടച്ചുവരുന്നതു വരെ കാത്തിരിക്കും. തമാശകൾ പറത്തും കളിചിരിയുമായാണ് ആ ദിവസം ആഘോഷിക്കുന്നത്.

രവിയേട്ടൻ വരുന്നുണ്ട്. പുറത്തെ പൈപ്പിൽ പുവട്ടിൽ നിന്ന് കാലും മുഖവും കഴുകി ഉമ്മറത്തേക്കു കയറി.

"കീർത്തനയെവിടെ"

അയാൾ പലഹാരപൊതിയുമായാണ് വരാറുള്ളത്. അതു വാങ്ങാൻ സാധാരണ വാതിൽ പടിയിൽ അവളുണ്ടാകും. സേതുലക്ഷ്മി ഒന്നും മിണ്ടിയില്ല.

"മോളെവിടെ"രവി വീണ്ടും ചോദിച്ചു.

"അവൾക്ക് സുഖമില്ലന്നു തോന്നുന്നു. അകത്ത് കയറികിടക്കുകയാണ്?"

"മോൾക്കെന്തുപറ്റി"

രവി വേവലാതിയോടെ മകളുടെ മുറി ലക്ഷ്യമാക്കി നടന്നു. "മോളെ" രവി പതുക്കെ വാതിലിൽ മുട്ടി. ഏറെ നേരത്തെ നിശബ്ദതക്കു ശേഷം അവൾ വാതിൽ തുറന്നു. മുഖം കരഞ്ഞുകലങ്ങിയിരുന്നു. "പനിക്കുന്നുണ്ടോ" നെറ്റിയിൽ കൈ വെക്കാനന്ത വണ്ണം അയാൾ കൈ വച്ചു തൊട്ടു നോക്കി.

പെട്ടന്നവൾ കൈ തട്ടിമാറ്റി "എന്നെ തൊടണ്ട" രവി പിന്നോക്കം മാറി അവൾ ഇങ്ങനെയൊന്നും പറയാറില്ലല്ലൊ. മനസ്സിൽ ആപൽ ശങ്കകൾ ഉടലെടുത്തു. ദയനീയമായി സേതുലക്ഷ്മിയെ നോക്കി. "എന്തെങ്കിലും പറയുമോളെ നിനക്കെന്തുപറ്റി". രണ്ടു പേരും ഒരേ സ്വരത്തിൽ പറഞ്ഞു.

"എനിക്കിപ്പം അറിയണം ഞാൻ നിങ്ങളുടെ ആരാ?"

ഇടിവെട്ടേറ്റതുപോലെ രണ്ടു പേരും നിശബ്ദരായി നിന്നു പോയി. "ഇക്കാലമത്രയും നിനക്കതു മനസ്സിലായില്ലെ മോളെ" രണ്ടു പേരും വിതുമ്പി കൊണ്ടുപറയാൻ ശ്രമിച്ചു.

"ഇല്ല, ഇപ്പോൾ മനസ്സിലായി ഞാനൊരു ദത്തുപുത്രി" വീണ്ടും ഷോക്കേറ്റതുപോലെ രണ്ടുപേരും നിന്നു വിയർക്കാൻ തുടങ്ങി. ഒന്നും ഉരിയാടാൻ കഴിയാതെ അവർ മുഖത്തോടു മുഖം നോക്കി. വിക്കിവിക്കിയാണെങ്കിലും രണ്ടുപേരും ഒരേ സ്വരത്തിൽ ചോദിച്ചു?

"ആരാ മോളെ ഈ കള്ളമെല്ലാം നിന്നോടു പറഞ്ഞത്"

കീർത്തന രൂക്ഷമായി രണ്ടുപേരെയും മാറിമാറി നോക്കി.

"നിങ്ങൾക്കറിയാമോ, രാമചന്ദ്രൻ എന്നൊരാളെ അയാളുടെ മകൾ അശ്വതിയെ" എന്തു പറയണമെന്നറിയാതെ അവർ നിശ്ചലരായി നിന്നു. അവൾ സത്യം മനസ്സിലാക്കിയിരിക്കുന്നു, വേറിടുന്നൊരു വേദനയിൽ രണ്ടു പേരും പുളഞ്ഞു

തന്റെ രഹസ്യം അറിയാവുന്ന ഏക വ്യക്തി രാമചന്ദ്രനായിരുന്നല്ലൊ. അവന്റെ മകൾ ഇവളോടൊപ്പം പഠിക്കുന്ന കുട്ടിയാണൊ.

ഒന്നും ചോദിക്കുവാനുള്ള ധൈര്യം രണ്ടുപേർക്കുമില്ലായിരുന്നു.

സത്യം എന്നായാലും പുറത്തു വരാതിരിക്കില്ല. അതിനെ അഭിമുഖികരിക്കുന്നതെങ്ങനെയെന്ന് ഇതുവരെയും ആലോചിച്ചിരുന്നില്ല.

രണ്ടുപേർക്കും ഒന്നും ഉരിയാടാനില്ലായിരുന്നു അവരുടെ മനസ്സ് സങ്കടക്കടലായി. ആർത്തിരമ്പുകയായിരുന്നു.

ഇന്നു ഒന്നും സംസാരിക്കണ്ട. നാളെയാവട്ടെ. അവരിരുവരും മുറിയിലേക്കു നടന്നു.

എത്ര വഴിപാടുകൾ, എത്രയെത്ര അമ്പലങ്ങൾ, കയറിയിറങ്ങി. ഒരു കുഞ്ഞിക്കാലു കാണാനുള്ള ഭാഗ്യമുണ്ടായില്ല. ഒരു കുഞ്ഞിനെ ലാളിക്കാൻ എത്രകൊതിച്ചു. അങ്ങിനെയിരിക്കവെയാണ് തമിഴ്നാട്ടിലെ ഒരു ഗ്രാമത്തിൽ എത്തിപ്പെട്ടതും അഞ്ചുമക്കളിൽ ഇളയവളായ രണ്ടുവയസ്സുകാരിയെ വില കൊടുത്തു വാങ്ങിയതും ആരുമറിയാതെ തമിഴ്നാട്ടിലെ ഒരു വാടക വീട്ടിൽ മാസങ്ങളോളം താമസിച്ചതും– ഇതിനൊക്കെ തുണയായി രാമചന്ദ്രനും ഉണ്ടായിരുന്നു. അവനാണ് എല്ലാ കാര്യവും നടത്തിതന്നിരുന്നത്. ഇന്നവരെ ഒരു കുറവും വരുത്താതെ ലാളനയും പരിചരണവും നൽകി വളർത്തി വലുതാക്കി.

എല്ലാം നേരത്തെ പറയേണ്ടതായിരുന്നെന്ന് ഇപ്പോൾ തോന്നുന്നു. അങ്ങിനെ പറയുന്ന പക്ഷം അവൾക്കു തങ്ങളോടുള്ള സ്നേഹം കുറയില്ലെ എന്നൊരു പേടി സദാ അലട്ടിയിരുന്നു.

പലപ്പോഴും സ്വപ്നം കണ്ടു ഞെട്ടിയുണർന്നിട്ടുണ്ട്. മകളെ ആരോ വന്നു കൂട്ടിക്കൊണ്ടു പോകുന്നതായിട്ട്. ഭയപ്പെട്ടു ഞെട്ടിയുണർന്നിട്ടുണ്ട്. മകൾ നഷ്ടപ്പെടുന്ന നിമിഷം താനുണ്ടാവില്ല. സേതുലക്ഷ്മി പലപ്പോഴും ആലോചിട്ടുള്ള കാര്യമാണത്. ഇപ്പോൾ അതു സംഭവിക്കാൻ പോകുന്നു. മകൾ സത്യം അറിഞ്ഞിരിക്കുന്നു. അവൾ ഞങ്ങളെ വെറുക്കും., ശപിക്കും. ഉറക്കം വരാതെ സേതുലക്ഷ്മി തിരിഞ്ഞും മറിഞ്ഞും കിടന്നു.

"രവിയേട്ടാ" അവൾ മെല്ലെ വിളിച്ചു, ഇനി നമ്മൾ എന്തുചെയ്യും എന്തു സമാധാനം മകളോടു പറയും, രണ്ടു പേരും പരസ്പരം കണ്ണീർവാർത്തു.

നേരം പുലർന്നു. രണ്ടുപേരും നേരെ കീർത്തനയുടെ മുറിയുടെ വാതിക്കൽക്കലെത്തി. വാതിൽ മെല്ലെ തട്ടി, "മോളെ കീർത്തനെ" രണ്ടുപേരുടെയും കണഠം ഇടയിറിയിരിക്കുന്നു., അൽപസമയത്തിനു ശേഷം വാതിൽ തുറക്കപ്പെട്ടു. കീർത്തനയുടെ മുഖത്തു നോക്കാനാവാതെ അവർ തലകുമ്പിട്ടിരുന്നു അവരുടെ കണ്ണുകൾ നിറഞ്ഞൊഴുകുന്നുണ്ടായിരുന്നു.

നേരിയ മന്ദസ്മിതം വരുത്താൻ ശ്രമിച്ചുകൊണ്ടു കീർത്തന അവരുടെ മുഖം പിടിച്ചുയർത്തി. കീർത്തനയുടെ മുഖത്ത് കണ്ണുനീർ പാടുണ്ടായിരുന്നു.

"മോളെ മാപ്പ്" രണ്ടുപേരും ഒരേ സ്വരത്തിൽ പറഞ്ഞു തീർത്തു– കീർത്തന അവരുടെ വായരണ്ടു കൈ കൊണ്ടും പൊത്തിപ്പിടിച്ചു.

"വേണ്ട കഴിഞ്ഞതൊന്നും ഓർക്കണ്ട, ഞാൻ നിങ്ങളുടെ മകൾ തന്നെയാണ്." മകളുടെ കാൽക്കൽ വീഴാൻ സേതുലക്ഷ്മി തലകുനിച്ചു.

"അമ്മ എന്താണീ കാണിക്കുന്നത്"

അവൾ സേതുലക്ഷ്മിയെ പിടിച്ചുയർത്തി.

"എനിക്കു വിഷമമുണ്ടായിരുന്നു, എന്നതു സത്യമാ, പിന്നീടു ഞാൻ ആലോചിച്ചു എന്നെ പോറ്റിവളർത്തിയ അച്ഛനെയും അമ്മയെയും വെറുക്കാൻ കഴിയുമോ. എനിക്കതിനു കഴിയില്ല,കഴിഞ്ഞതൊന്നും ഞനോർക്കുന്നില്ല. രണ്ടുപേരെയും കവിളിൽ ചുംബിച്ചു കൊണ്ടവൾ പറഞ്ഞു. എനിക്ക് മറ്റൊന്നും വേണ്ട ഈ അച്ഛനും അമ്മയും മതി." ■


ന്യൂ കാലിക്കറ്റ് ഓട്ടോ മൊബൈൽ

വർക്ക് ഷോപ്പ്



മൂരിയാട് റോഡ്

പുതിയപാലം

കോഴിക്കോട്



ഫോൺ : മണി 9400741434

കാർ സ്പ്രേപെയിന്റിങ്ങ്,

ബോഡി വർക്സ്,എഞ്ചിനിയറിംഗ് വർക്സ്

ലേഖനം



വിനോദ്കുമാർ ദാമോദർ





# കാട്ടുതീ... ഉത്തരവാദികളാർ?

**ഈ** കഴിഞ്ഞ ദിവസം തൃശൂർ ജില്ലയിലെ പൂങ്ങോട്ടു വനവിഭാഗത്തിലെ കാട്ടു തീയിൽ 3 ജീവൻ പൊലിഞ്ഞ സംഭംവത്തിൽ ഞെട്ടലോടെയാണ് ജനങ്ങൾ ശ്രവിച്ചത്.

ഇവിടെ യഥാർത്ഥത്തിൽ ആരാണ് ഉത്തരവാദികൾ. ഫിബ്രവരി പകുതിയാകുമ്പോൾ തന്നെ ഇപ്പോൾ ഉണ്ടാകുന്ന കാട്ടുതീ വരും.

കഴിഞ്ഞ വർഷങ്ങളിൽ ഇവകൂടിക്കൂടി വരുന്നതായി കാണാം. എന്നാൽ ഇത്തരത്തിലുള്ള തീ പൂർണ്ണമായും പ്രകൃതിദത്തമാണെന്ന് പറയുവാൻ കഴിയുകയില്ല.

ഈ പ്രാവശ്യം ഉണ്ടായ തീപിടുത്തം പ്രകൃതിദത്തമായ തീപിടുത്തമല്ല. അവിടെ ഹിന്ദുസ്ഥാൻ ന്യൂസ് പ്രിന്റ് എന്ന കമ്പനി ലീസിനെടുത്ത 475 ഹെക്ടർ അക്ക്വേഷ്യ കാടുകളിലാണ് ആദ്യം തീ പടർന്നത്. നിബിഢവനമായിവളർന്നു വരുന്ന വനപ്രദേശത്ത് ഒരാൾ ഉയരത്തിൽ കാടുകയറിയിരിക്കുന്നതാണ് തീപിടുത്തത്തിന് കാരണമായത്.

സാധാരണയായി വനം വന്യജീവി വകുപ്പ് ആഗസ്റ്റ് ആകുമ്പോഴേയ്ക്കും ആവശ്യമായ നടപടികൾ സ്വീകരിക്കാറുണ്ടെങ്കിലും മുകൾസ്ഥലം കമ്പനിയുടെ നിയന്ത്രണത്തിലായതിനാൽ നടപടികളൊന്നും തന്നെ സ്വീകരിക്കപ്പെട്ടില്ല. എന്നാൽ സുരക്ഷ പദ്ധതികളുടെ മാനദണ്ഡം തെറ്റിക്കാതിരിക്കാൻ ബാധ്യസ്ഥരാണെന്ന ബോധത്തിൽ കമ്പനി പ്രവർത്തിക്കുന്നുമില്ല.

വയനാട്ടിലെ ചെമ്പ്രപീക്ക് തുടങ്ങിയ മേഖലയിലെ വനങ്ങൾ രക്ഷിക്കുവാൻ ഈ വർഷം വനം വകുപ്പിന് കഴിഞ്ഞിട്ടുണ്ട്.

വയനാട്ടിലെ വന്യജീവിസങ്കേതം പോലെയുള്ള സ്ഥലങ്ങൾ അതിസുരക്ഷാ നടപടികൾ എടുത്തതായി വൈൽഡ് ലൈഫ് വാർഡൻ അറിയിച്ചു. എല്ലാ വർഷവും ഇതു തുടരുന്നുണ്ടെങ്കിലും തക്കസമയത്ത് വേനൽ മഴയും കാലവർഷവും ലഭിച്ചിട്ടില്ലെങ്കിൽ എന്താകും സ്ഥിതിയെന്ന് പറയുവാൻ ബുദ്ധിമുട്ടായിരിക്കും.



മധ്യപ്രദേശ് സർക്കാർ ഉടമസ്ഥതയിലുള്ള മീനങ്ങാടി ബീനാച്ചി എസ്റ്റേറ്റ് പോലുള്ളയിടങ്ങളിലെ വനമേഖലയിൽ ഇടപെടാൻ വനം-വന്യ ജീവി വകുപ്പിന് നിയന്ത്രണങ്ങളുണ്ട്. അതുകൊണ്ട് തന്നെ പലപ്പോഴും നാം കാട്ടു തീയെന്ന് കേൾക്കുമ്പോൾ പ്രകൃതിദത്തമായിഉണ്ടാകുന്ന ഒന്നാണെന്ന് കരുതുമെങ്കിലും ജൃശൂർ ജില്ലയിലെ സംഭവം പോലുള്ളവയാണെന്ന് തിരിച്ചറിഞ്ഞു നടപടിയുണ്ടായില്ലെങ്കിൽ ഗുരുതര പ്രത്യാഘാതമുണ്ടാകും. ■

Printed, Published and owned by E. Radhakrishnan on behalf of E. Radhakrishnan (name of owner) Edoli House, Kommeri P.O, P.B. No. 1205, Mankave Post Office, Kozhikode District in Kerala state, India Pin: 673007 and printed at Redstar Printers, Calicut for Geethanjali web offsets, Geethanjali building, NH 17, Kundayithode, Kolathara P O, Kozhikode - 673055 and published at Kozhikode- Editor E. Radhakrishnan.


Break the chain
കൈവിടാതിരിക്കാം.. കൈ കഴുകൂ..
സോപ്പിട്ട്
മാസ്ക്കിട്ട്
ഗ്യാപ്പിട്ട്
നിൽക്കാം
സാമൂഹിക പ്രതിബദ്ധതയോടെ,
നക്ഷത്രരാജ്യം
ത്രൈമാസിക


വളയനാട് ആർട്സ്
നക്ഷത്രരാജ്യം സോങ്സ് & ലിറ്ററേച്ചർ ക്രിയേഷൻസ്
ഇ.രാധാകൃഷ്ണൻ കൊമ്മേരി അവതരിപ്പിക്കുന്ന
അമ്പല്ലൂർവാഴിക്കോട്ട
നാടകം
VIDEO CD
ഗാനാലാപനം
സംഗീതം
സുനിൽ കുമാർ
നൃത്ത സംവിധാനം
ഉണ്ണിമോൾ കുന്ദമംഗലം
പശ്ചാത്തല സംഗീതം
ഹാരിസ് സുഫി
നാടകരചന, ഗാനരചന, സംവിധാനം
നാടകം ബുക്കിങ്ങിനും അന്വേഷണങ്ങൾക്കും
ഇ.രാധാകൃഷ്ണൻ കൊമ്മേരി
വളയനാട് ആർട്സ്–നക്ഷത്രരാജ്യം
സോങ്സ് & ലിറ്ററേച്ചർ ക്രിയേഷൻസ്
മാങ്കാവ്, കോഴിക്കോട് – 7, ഫോൺ: 9847649567
അനീഷ് നാട്യാലയ
ജയൻ കോഴിക്കോട്
Rs.65/-
ഇ.രാധാകൃഷ്ണൻ കൊമ്മേരി


വളയനാട് ആർട്സ്
നക്ഷത്രരാജ്യം സോങ്സ് & ലിറ്ററേച്ചർ ക്രിയേഷൻസ്
ഇ.രാധാകൃഷ്ണൻ കൊമ്മേരി അവതരിപ്പിക്കുന്ന
അഗ്നിച്ചിറകുള്ള തുമ്പികൾ
VIDEO CD
സംഗീതം
പശ്ചാത്തല സംഗീതം
ജയൻ കോഴിക്കോട്
ഗാനാലാപനം: ജയൻ കോഴിക്കോട്, ദീപ
നാടകം ബുക്കിങ്ങിനും അന്വേഷണങ്ങൾക്കും
ഇ.രാധാകൃഷ്ണൻ കൊമ്മേരി
വളയനാട് ആർട്സ്–നക്ഷത്രരാജ്യം
സോങ്സ് & ലിറ്ററേച്ചർ ക്രിയേഷൻസ്
മാങ്കാവ്, കോഴിക്കോട് – 7, ഫോൺ: 9847649567
നാടകരചന, ഗാനരചന, സംവിധാനം
ഇ.രാധാകൃഷ്ണൻ കൊമ്മേരി


വളയനാട് ആർട്സ് നക്ഷത്രരാജ്യം സോങ്സ് & ലിറ്ററേച്ചർ ക്രിയേഷൻസ്
ഇ.രാധാകൃഷ്ണൻ കൊമ്മേരി അവതരിപ്പിക്കുന്ന
നാടക ഗാനങ്ങൾ
VIDEO & AUDIO
ഗാനാലാപനം
സംഗീതം
ഹാരിസ് സുഫി
സ്ക്രിപ്റ്റ് , ഗാനരചന, സംവിധാനം
ഇ.രാധാകൃഷ്ണൻ കൊമ്മേരി
അറിവ് – വായനാശീലം
നക്ഷത്രരാജ്യം







Printed, published and owned by E.Radhakrishnan on behalf of E.Radhakrishnan (name of owner) Edoli House, Kommeri, P B No.1205,Mankavu P O, Kozhikode District in Kerala State, India Pin:673007 and printed at Redstar Printers, Calicut for Geethanjali Web Offsets, Geethanjali Bldg., NH-17, Kundayithode, Kolathara P.O., Kozhikode-673055 and Published at Kozhikode, Editor E.Radhakrishnan.